# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ 24-ാം തീയതി സമർപ്പിച്ചത്
(Presented on $24^{th}$ June, 2014)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ

# (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**PERIODICAL REPORT AS ON 31st MARCH 2014**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

911/2014.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 10 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങള്)

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. അനൂപ് ജേക്കബ്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി.ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി.ഡി. ശാരംഗധരൻ , സെക്രട്ടറി.

ശ്രീ. എം. കെ. സുരേന്ദ്രലാൽ , ജോയിന്റ് സെക്രട്ടറി.

ശ്രീ. തോമസ് ചെട്ടുപറമ്പിൽ , ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011-13, 2013-16 കാലയളവിലുള്ള സമിതികൾ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെ സമിതി 14 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 6 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 2 യോഗങ്ങൾ കരട് ചട്ടങ്ങള്, എസ്.ആർ.ഒ.കളുടെ സാധൂകരണം, ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റുകള്, പെൻഡിംഗ് ഫയലുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും, 2 യോഗങ്ങൾ ബില്ലുകൾ പരിഗണിക്കുന്നതിനും 2 യോഗങ്ങൾ കരട് റിപ്പോർട്ടുകൾ പരിഗണിക്കുന്നതിന് വേണ്ടിയും ഒരു യോഗം മദ്യ/ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ മുഖേന ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും തെളിവെടുക്കുന്നതിനും ഒരു യോഗം ചട്ടം 235(എ) പ്രകാരവും ഉള്ളതായിരുന്നു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 45.45 ശതമാനമായിരുന്നു.

മൂന്ന് ഭാഗങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശിപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ 2012-13 വർഷത്തെ സമിതിയുടെ ആക്ഷൻടേക്കൺ റിപ്പോർട്ട്, 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, സംസ്ഥാനത്തെ സ്വർണ്ണ വ്യാപാര മേഖലയിൽ പുതിയ നികുതിഘടന ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്, ചട്ടം 235 (എ) പ്രകാരം ചേർന്ന യോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങളുമാണ് ഒന്നാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും, സമയപരിധി കഴിഞ്ഞ് സമർപ്പിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായത്തിലും സമിതി പരിശോധിച്ച ബില്ലുകള്, കരട് ചട്ടങ്ങള്, എസ്.ആർ.ഒ.ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2014 മേയ് 28-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2014 മേയ് 28.

# റിപ്പോർട്ട്

## അദ്ധ്യായം 1

(എ) സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 22-4-2013, 29-4-2013 തീയതികളിൽ യോഗം ചേർന്ന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 15-5-2013-ലെ യോഗത്തിൽ അംഗീകരിക്കുകയും 10-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | — | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | — | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | — | ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | — | ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XIV | — | സ്റ്റേഷനറിയുംഅച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XVI | — | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | — | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | — | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

(ബി) 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 15-5-2013-ലെ സമിതിയോഗം അംഗീകരിക്കുകയും 24-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് 14-6-2013-ലെ സമിതി യോഗം അംഗീകരിക്കുകയും 24-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ മുഖേന ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങള്, മദ്യ/ലഹരി വിരുദ്ധ പ്രവർത്തകര്, സാമൂഹ്യ പ്രവർത്തകർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തി തെളിവെടുപ്പ് നടത്തുന്നതിനും 27-11-2012-ലെ യോഗം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 5-3-2013-ന് പ്രമുഖ പത്രങ്ങളിൽ പത്രക്കുറിപ്പ് നല്കിയതിനെ തുടർന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 6-6-2013-ലെ സമിതി യോഗം ചർച്ച ചെയ്യുകയും 22-10-2013-ന് പൊതുജനങ്ങളിൽ നിന്ന് തെളിവെടുക്കുകയും റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(ഇ) സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരമേഖലയിൽ പുതിയ നികുതി ഘടന ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ലഭ്യമാക്കിയ പഠന റിപ്പോർട്ട് 29-4-2013-ലെ യോഗം ചർച്ച ചെയ്യുകയും , തുടർന്ന് സമിതി ആരാഞ്ഞ അധികവിവരങ്ങൾ 11-12-2013-ലെ യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 6-1-2014-ലെ സമിതിയോഗം അംഗീകരിക്കുകയും 8-1-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(എഫ്) 18-2-2014, 25-2-2014 തീയതികളിൽ സമിതി യോഗം ചേർന്ന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ V, VII, VIII, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് 10-3-2014-ലെ യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു.

(ജി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 11-12-2013-ൽ സമിതി യോഗം ചേർന്ന് താഴെപ്പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.

(i) ട്രഷറി ഇടപാടുകളുടെ വേഗതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനുള്ള നൂതനപദ്ധതികളായ ഇ-ട്രഷറി, ഇ-സ്റ്റാമ്പിംഗ്, എ.ടി.എം., കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റം, സ്പാർക്ക് എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്.

(ii) കാരുണ്യ ഭാഗ്യക്കുറിയുടെ നടത്തിപ്പും കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതും ജീവകാരുണ്യ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതും സംബന്ധിച്ച്

(എച്ച്) വിവിധ സമ്പാ  ത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശിപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

(6-6-2013-ലെ യോഗം അംഗീകരിച്ചത്)

## സബ്ജക്ട് കമ്മിറ്റി V-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

### ശിപാർശ

സംസ്ഥാനത്തുള്ള 309 സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളിൽ 175 എണ്ണം സർക്കാർ വക കെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവ പലതും ജീർണ്ണിച്ചതും പഴക്കം ചെന്നതുമാണ്. സ്ഥലപരിമിതിമൂലം ജനങ്ങൾക്കും ജീവനക്കാർക്കും ഒരു പോലെ പ്രയാസം സൃഷ്ടിക്കുന്ന ഈ കെട്ടിടങ്ങൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള 26,61,000 രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തിന് വളരെയധികം റവന്യൂ വരുമാനം നേടിത്തരുന്ന വകുപ്പ് എന്ന നിലയിൽ ഇവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പണി നടന്നുകൊണ്ടിരിക്കുന്നതും പുതുതായി ആരംഭിക്കുന്നതുമായ പണികൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ഉചിതമായ മാർഗ്ഗത്തിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

4059-01-051-95 എന്ന ശീർഷകത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ മരാമത്തു പണികൾക്കായി 2007-08 സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം 17.30 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി. ഈ ശീർഷകത്തിൽ ആകെ 43.91 ലക്ഷം രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 22979/സി1/2012/പൊ.മ.വ. തീയതി 3-12-2012)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

### ശിപാർശ

കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസ് ഉൾപ്പെടെയുള്ള പെൻഷൻ കഴിഞ്ഞ വർഷം 30% വർദ്ധിപ്പിക്കുകയുണ്ടായി. വർദ്ധിപ്പിച്ച നിരക്ക് അനുവദിക്കുന്നതിന് ഇപ്പോൾ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നതിനാൽ ഈ ശീർഷകത്തിൽ 3,17,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസ് ഉൾപ്പെടെയുള്ള പെൻഷൻ 30% വർദ്ധന വരുത്തിയതുമൂലം ഉണ്ടായ അധിക ബാദ്ധ്യത പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 3,17,000 രൂപ അധികമായി അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത പെൻഷൻ വർദ്ധന വരുത്തിയതുമായി ബന്ധപ്പെട്ട് തീർപ്പ് ഫയലുകൾ ഉൾപ്പെടെ അധിക വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഫയൽ ധനകാര്യവകുപ്പ് മടക്കുകയാണുണ്ടായത്. പരാമർശിത തീർപ്പുഫയലുകൾ വൈക്കത്തും സമീപ പ്രദേശത്തുമുള്ള മുൻ നാട്ടുരാജാക്കന്മാരുടെ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വർദ്ധനവുമായി ബന്ധപ്പെട്ട് സമർപ്പണത്തിലായിരുന്നതിനാൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ യഥാസമയം നൽകുവാൻ കഴിഞ്ഞില്ല. ആയതുമൂലം മേൽപ്പറഞ്ഞ അധിക ബാദ്ധ്യത 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥന യിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം 2075-00-800-88 എന്ന ശീർഷകത്തിൽ 69,00,000 രൂപയും 2075-00-800-89 എന്ന ശീർഷകത്തിൽ 16,38,000 രൂപയും വക കൊള്ളിച്ചിട്ടുണ്ട്.

(അന്തിമ മറുപടി)

(സർക്കാർ കത്ത് നമ്പർ 74775/പോള്3/2011/പൊ.ഭ.വ. തീയതി 4-12-2012)

<u>ശിപാർശ</u>

തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസ് ഉൾപ്പെടെയുള്ള പെൻഷൻ കഴിഞ്ഞ വർഷം 30% വർദ്ധിപ്പിക്കുകയുണ്ടായി. വർദ്ധിപ്പിച്ച നിരക്ക് അനുവദിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നതിനാൽ ഈ ശീർഷകത്തിൽ 8,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകള്, പെൻഷൻ എന്നിവയിൽ 30% വർദ്ധന വരുത്തിയതുമൂലം ഉണ്ടായ അധിക ബാദ്ധ്യത പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 8,20,000 രൂപ അധികമായി അനുവദിക്കുന്നതിന്

ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത പെൻഷൻ വർദ്ധന വരുത്തിയതുമായി ബന്ധപ്പെട്ട് തീർപ്പ് ഫയലുകൾ ഉൾപ്പെടെ അധിക വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഫയൽ ധനകാര്യവകുപ്പ് മടക്കുകയാണുണ്ടായത്. പരാമർശിത തീർപ്പ് ഫയലുകൾ വൈക്കത്തും സമീപ പ്രദേശത്തുമുള്ള മുൻ നാട്ടുരാജാക്കന്മാരുടെ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വർദ്ധനവുമായി ബന്ധപ്പെട്ട് സമർപ്പണത്തിലായിരുന്നതിനാൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ യഥാസമയം നൽകുവാൻ സാധിച്ചില്ല ആയതുമൂലം മേൽപ്പറഞ്ഞ അധികബാദ്ധ്യത 2011-2012 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം 2075-00-800-88 എന്ന ശീർഷകത്തിൽ 69,00,000 രൂപയും 2075-00-800-89 എന്ന ശീർഷകത്തിൽ 16,38,000 രൂപയും വക കൊള്ളിച്ചിട്ടുണ്ട്.

(അന്തിമ മറുപടി)

(സർക്കാർ കത്ത് നമ്പർ 74775/പോള്3/2011/പൊ.ഭ.വ. തീയതി 4-12-2012)

## അദ്ധ്യായം II

**(എ) ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

1. പെൻഷനും പലവകയും എന്ന XVI-ാംനമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെയും സൈനിക ക്ഷേമ വകുപ്പിന്റെയും 4250-00-800-99-SDF for MLAs എന്ന ശീർഷകത്തിലും 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പർ 209/എ 1/2013/കാ.യു.വ തീയതി 15-5-2013

സർക്കാർ കത്ത് നമ്പർ 6565/എസ്.ഡബ്ല്യു3/13/പൊ.ഭ.വ തീയതി 20-5-2013

സർക്കാർ കത്ത് നമ്പർ 840/എന്.സി.ബി1/2013/ധന തീയതി 18-5-2013

സർക്കാർ കത്ത് നമ്പർ 78228/എസ്.എസ്.1/13/പൊ.ഭ.വ. തീയതി 10-10-2013)

2. നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാംനമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട 6003-00-105-97 നബാർഡിന്റെ ഗ്രാമീണ വികസന വായ്പയിന്മേലുള്ള മുതൽ തുക, 2049-01-200-89 നബാർഡിന്റെ ഗ്രാമീണ വികസന വായ്പയിന്മേലുള്ള പലിശ എന്നീ ശീർഷകങ്ങളിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പര്: 840/എന്.സി.എ 1/2013/ധന. തീയതി 1-6-2013)

3. എക്സൈസ് എന്ന VIII-ാംനമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട 2039-സ്റ്റേറ്റ് എക്സൈസ് എന്ന ശീർഷകത്തിൽ 2012-2013 വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച നികുതി വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പര്: 3855/എഫ്3/2013/നി.വ. തീയതി 9-5-2013)

**(ബി) ചട്ടം 236(6) പ്രകാരമുള്ള സമയപരിധിയ്ക്ക് ശേഷം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകള്:**

1. കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട ശീർഷകങ്ങളിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാണിജ്യ നികുതി വകുപ്പിന്റെയും ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പിന്റെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പർ 12234/ഡി1/2013/നി.വ. തീയതി 5-10-2013,
സർക്കാർ കത്ത് നമ്പർ 4090/എ 3/2013/ഊ.വ. തീയതി 4-7-2013)

2. ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാംനമ്പർ ധനാഭ്യർത്ഥനയിലും ജില്ലാ ഭരണവും പലവകയും എന്ന XI- ാംനമ്പർ ധനാഭ്യർത്ഥനയിലും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാംനമ്പർ ധനാഭ്യർത്ഥനയിലും, പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാംനമ്പർ ധനാഭ്യർത്ഥനയിലും, നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയിലും ഉൾപ്പെട്ട ശീർഷകങ്ങളിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പർ 840/പി.എ.സി.എ 3/13/ധന. തീയതി 9-7-2013)

3. പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട "3454-സെൻസസ് സർവ്വേയും സ്ഥിതി വിവര കണക്കുകളും" എന്ന അക്കൗണ്ട് ഹെഡിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പർ 1943/ബി3/2013/പ്ലാനിംഗ് തീയതി 28-6-2013)

4. പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട ശീർഷകങ്ങളിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച പൊതുഭരണ (സ്പെഷ്യല്.സി) വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പർ 42618/സ്പെ.സി2/2013/പൊ.ഭ.വ തീയതി 20-9-2013)

5. മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട ശീർഷകങ്ങളിൽ 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

(സർക്കാർ കത്ത് നമ്പർ 12239/ഇ 3/2013/നി.വ. തീയതി 2-7-2013)

## അദ്ധ്യായം III

**(എ) ബില്ലുകളുടെ പരിശോധന**

1. 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ 2-4-2013-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 3-4-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2013-ലെ അബ്കാരി (ഭേദഗതി) ബിൽ 10-6-2013-ലെ യോഗം ഭേദഗതിയോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 8-7-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**(ബി) ചട്ടങ്ങളുടെ പരിശോധന**

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതികളോടെ അംഗീകരിച്ചു.

| ചട്ടത്തിന്റെ പേര് | അംഗീകരിച്ച തീയതി |
|---|---|
| 1. കേരള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് (ഭേദഗതി) ചട്ടങ്ങള്, 2012 | 6-6-2013 |
| 2. ദി കേരള ട്രഷറി (അമെന്റ്മെന്റ്) റൂൾസ്, 2013 | 10-3-2014 |

സമിതി താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു:

| ചട്ടത്തിന്റെ പേര് | അംഗീകരിച്ച തീയതി |
|---|---|

ദി കേരള ട്രഷറി (അമെന്റ്മെന്റ്) റൂൾസ്, 2013 24-9-2013

**(സി) എസ്.ആർ.ഒ.കളുടെ സാധൂകരണം**

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച നികുതി വകുപ്പിന്റെ വിശദീകരണം 11-12-2013-ലെ സമിതിയോഗം അംഗീകരിക്കുകയും എസ്.ആർ.ഒ.നമ്പർ 294/2013-ന്റെ ഘടനയിൽ ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തോടെ വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ

(എസ്.ആർ.ഒ.നമ്പർ 293/2013)

[ജി.ഒ.(പി) നമ്പർ 67/2013/നി.വ. തീയതി 9-4-2013]

2. 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പ് എഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി.

(എസ്.ആർ.ഒ.നമ്പർ 294/2013)

[ജി.ഒ.(പി) നമ്പർ 68/2013/നി.വ. തീയതി 9-4-2013]

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നികുതി വകുപ്പ് സമർപ്പിച്ച കുറിപ്പ് 10-3-2014-ലെ സമിതിയോഗം അംഗീകരിക്കുകയും പ്രസ്തുത എസ്.ആർ.ഒ.കൾക്ക് ഭേദഗതികളില്ലാതെ സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

1. ദി ഫോറിൻ ലിക്വർ (അമെന്റ്മെന്റ്) റൂൾസ്, 2011.

എസ്.ആർ.ഒ.നമ്പർ 86/2011, ജി.ഒ.(പി)നമ്പർ 18/2011/ടി.ഡി. തീയതി 1-2-2011.

എസ്.ആർ.ഒ.നമ്പർ 147/2011, ജി.ഒ.(പി) നമ്പർ 35/2011/ടി.ഡി. തീയതി 23-2-2011. എസ്.ആർ.ഒ.നമ്പർ 442/2011,ജി.ഒ.(പി) നമ്പർ 87/2011/ടി.ഡി. തീയതി 19-7-2011.

2. ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, 2002

എസ്.ആർ.ഒ.നമ്പർ 221/2011, ജി.ഒ.(പി) നമ്പർ 47/2011/ടി.ഡി. തീയതി 17-3-2011.

എസ്.ആര്.ഒ.നമ്പർ 247/2011, ജി.ഒ.(പി)നമ്പർ 56/2011/ടി.ഡി. തീയതി 31-3-2011.

എസ്.ആര്.ഒ.നമ്പർ 248/2011, ജി.ഒ.(പി) നമ്പർ 57/2011/ടി.ഡി. തീയതി 31-3-2011.

എസ്.ആര്.ഒ.നമ്പർ 443/2011, ജി.ഒ.(പി) നമ്പർ 89/2011/ടി.ഡി. തീയതി 20-7-2011.

എസ്.ആര്.ഒ.നമ്പർ 461/2011, ജി.ഒ.(പി) നമ്പർ 96/2011/ടി.ഡി. തീയതി 26-7-2011.

എസ്.ആര്.ഒ.നമ്പർ 568/2011, ജി.ഒ.(പി) നമ്പർ 126/2011/ടി.ഡി. തീയതി 7-9-2011.

3. ദി ബ്രിവറി (അമെന്റ്മെന്റ്) റൂൾസ്, 2011

എസ്.ആര്.ഒ.നമ്പർ 511/2011, ജി.ഒ.(പി) നമ്പർ 110/2011/ടി.ഡി. തീയതി 22-8-2011.

4. ദി കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട്, 1952.

എസ്.ആര്.ഒ.നമ്പർ 460/2011, ജി.ഒ.(പി) നമ്പർ 95/2011/ടി.ഡി. തീയതി

26-7-2011.

**കെ. എം. മാണി,**
*ചെയർമാന്,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2014 മേയ് 28.

## അനുബന്ധം

## 2-4-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2013 ഏപ്രിൽ 2-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞശേഷം രാവിലെ 11.15 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '3എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ.എ.
2. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. സി. രഘു, ഐ. ജി., രജിസ്ട്രേഷൻ വകുപ്പ്
3. ശ്രീ. എൻ. കെ. ശിവദാസൻ, ജോയിന്റ് ഐ.ജി., രജിസ്ട്രേഷൻ വകുപ്പ്
4. ശ്രീമതി കെ. എൻ. സുമംഗലാ ദേവി, ഡെപ്യൂട്ടി ഐ.ജി, രജിസ്ട്രേഷൻ വകുപ്പ്.

2013 ഏപ്രിൽ 2-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത 2011-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**Enacting formula**

In the enacting formula for the word 'Sixty second' the word `Sixty fourth' shall be substituted.

**Clause I**

In sub-clause (1) for the figure '2011' the figure '2013' shall be substituted

സമിതി രാവിലെ 11.30-ന് യോഗം പിരിഞ്ഞു.

## 22-4-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2013 ഏപ്രിൽ 22-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
4. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.
5. ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. പി. ജോയി, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി. ആന്റ് പ്ലാനിംഗ്
3. ശ്രീ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

4. ശ്രീ. എ. അജിത് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് അക്വിസിഷൻ
5. ശ്രീ. രബീന്ദ്ര അഗർവാൾ, കമ്മീഷണർ, ടാക്സസ് ഡിപ്പാർട്ട്മെന്റ്
6. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഹോം ഡിപ്പാർട്ട്മെന്റ്
7. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ട്രഷറി വകുപ്പ്
8. ശ്രീ. കെ. കെ. രാജൻ, ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
9. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്
10. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, ഡി.ഇ.എസ്.
11. ശ്രീ. ടി. ഗംഗാധരൻ നമ്പ്യാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (പി.എ.സി.)
12. ശ്രീ. ജോജിത്ത് മാത്യു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. കെ. സി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
14. ശ്രീമതി ജലീംനിസ, അഡീഷണൽ സെക്രട്ടറി, ആർ.എ.ജി.എ.എ.ടി.
15. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
16. ശ്രീ. ആർ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. ശ്രീ. ടി. എം. ജോർജ്, ജോയിന്റ് സെക്രട്ടറി, ലോട്ടറി വകുപ്പ്
18. ശ്രീ. വിജയകുമാർ, എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
19. ശ്രീ. എ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
20. ശ്രീ. പി. പി. സജിത്, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
21. ശ്രീ. ഷാജു, എസ്. കെ., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
22. ശ്രീ. വി. എസ്. ബിനു, ജോയിന്റ് സെക്രട്ടറി, സി.എൽ.ആർ.
23. ശ്രീ. കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

സമിതി 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ V, X, XI, XIV, XVI, XXVIII, XLIII, XLV, XLVI എന്നിവ സംബന്ധിച്ച സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ, സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും, താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

ട്രഷറികളും അക്കൗണ്ടുകളും സംബന്ധിച്ച X-ാം ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ ട്രഷറി വകുപ്പിനു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ഇനത്തിൽ ഇൻകെലിന് 12.5 കോടി രൂപ നൽകാനുണ്ടെന്നും, ട്രഷറി വകുപ്പിന് ആസ്ഥാന മന്ദിര നിർമ്മാണത്തിനും, എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനും,

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും ട്രഷറി ഡയറക്ടർ അറിയിച്ചു. ആയതിനാൽ ട്രഷറി ഇടപാടുകളുടെ വേഗതയും സുതാര്യതയും ട്രഷറി സേവനങ്ങളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുക, പുതിയ ട്രഷറി പണിയുക, പഴയ ട്രഷറി ഓഫീസുകൾ നവീകരിക്കുക, പുതിയ ഫർണിച്ചറുകൾ, പുതിയ കമ്പ്യൂട്ടറുകൾ/അനുബന്ധ ഉപകരണങ്ങൾ വാങ്ങുക, ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണം എന്നിവയ്ക്കായി 12 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ട്രഷറികളിൽ കമ്പ്യൂട്ടറുകൾ നെറ്റ്‌വർക്ക് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചതിനാൽ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും എ.ടി.എം. സ്ഥാപിക്കുന്നതിനുമുള്ള ജോലികൾ രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നും, വിർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്കുവഴി ട്രഷറികളെത്തമ്മിൽ ബന്ധപ്പെടുത്തുന്ന ജോലികൾ ഒരു മാസത്തിനകം പൂർത്തിയാകുമെന്നും അതു കഴിഞ്ഞാൽ ട്രഷറി അക്കൗണ്ടുള്ള ആർക്കും ഏത് ട്രഷറിയിലെ എ.ടി.എം.-ൽ നിന്നും തുക പിൻവലിക്കാമെന്നും ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ട്രഷറികളിലെ എ.ടി.എമ്മുകൾക്ക് ബാങ്കുകളിലെ എ.ടി.എമ്മുകളുമായി ലിങ്ക് ഉണ്ടാവുകയില്ലെന്നും ട്രഷറിയിൽ നിന്നും ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നടന്ന ചർച്ചയിൽ പല ട്രഷറി കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇൻകെൽ നിർത്തിവച്ചതായും 1983-ൽ ഉദ്ഘാടനം ചെയ്ത ശാസ്താംകോട്ടയിലെ സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം ഇതുവരെയും പൂർത്തിയാകാത്തതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക ലാപ്സായതായും സമിതി അംഗം അഭിപ്രായപ്പെട്ടു. 32 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും 7 പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും ഇൻകെലിനെ ഏൽപ്പിച്ചിരിക്കുകയാണെന്നും ഇതിൽ 12 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി മാത്രമേ തീർത്തിട്ടുള്ളൂ എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. ട്രഷറി കെട്ടിടങ്ങളുടെ പണി കൃത്യസമയത്തുതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. തുടർന്ന് പുതിയ ട്രഷറികൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞു. ട്രഷറി നവീകരണ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനവും പ്രാവർത്തികമായിക്കഴിഞ്ഞാൽ പുതിയ ട്രഷറികൾ ആവശ്യമില്ലാതെ വരുമെന്ന് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് ഓഡിറ്റ് ഓഫീസുകളിലുമായി 2012-13 സാമ്പത്തികവർഷത്തിൽ യാത്രാബത്തയിനത്തിൽ കുടിശ്ശിക നൽകാനുള്ളതിനാൽ വകുപ്പിന് യാത്രാബത്തയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുകയും വകുപ്പ് ആധുനികവൽക്കരിക്കുകയും ചെയ്യുന്നതിനായി ജില്ലാ കാര്യാലയങ്ങളുമായി വീഡിയോ കോൺഫറൻസിംഗ് സൗകര്യം, മുതിർന്ന ഓഫീസർമാർക്ക് ഐ-പാഡ്, ഓഡിറ്റ് സോഫ്റ്റ്‌വെയറിന്റെ ഉപയോഗത്തിന് സ്വന്തമായി സെർവർ സൗകര്യം ഒരുക്കൽ, നൽകിയിട്ടുള്ള ലാപ്ടോപ്പുകൾക്ക് ഇന്റർനെറ്റ് മോഡം ലഭ്യമാക്കൽ, സമ്പൂർണ്ണ കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

31-3-2012 വരെ ഓഡിറ്റ് കുടിശ്ശിക 25 കോടിയിലധികം വന്നതെങ്ങനെയെന്ന സമിതി അംഗത്തിന്റെ ചോദ്യത്തിന് ഓഡിറ്റ് നടത്തിയ ഇനത്തിൽ 12 വർഷമായി ലഭിക്കാനുള്ള കുടിശ്ശിക കാരിഓവർ ചെയ്തുവന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മറുപടി നൽകി.

തുടർന്ന് ജില്ലാഭരണവും പലവകയും സംബന്ധിച്ച XI-ാം ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച ചെയ്തു. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം നൽകുന്നതിനും കമ്പ്യൂട്ടർവൽക്കരണത്തിനും ആവശ്യമായ അധിക തുകയ്ക്ക് അഡീഷണൽ ആതറൈസേഷൻ നൽകാവുന്നതായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്യേണ്ടതില്ലെന്ന് ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് നൽകാനുള്ള തുക കുടിശ്ശിക ആയതിന്റെ കാരണം സമിതി ആരാഞ്ഞു. കേരളമൊഴിച്ചുള്ള എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 4% കമ്മീഷനാണ് ലഭിക്കുന്നതെന്നും എന്നാൽ കേരളത്തിലെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 9.25% (4% കേന്ദ്രഗവൺമെന്റും 5.25% സംസ്ഥാന ഗവൺമെന്റും) കമ്മീഷനാണ് ലഭിക്കുന്നതെന്നും ഏജന്റുമാർക്ക് സംസ്ഥാന ഗവൺമെന്റ് നൽകുന്ന കമ്മീഷൻ നിറുത്തലാക്കണമെന്ന് 2011 നവംബറിൽ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെടുകയുണ്ടായെന്നും ഇതിന് വിരുദ്ധമായി ഏജന്റുമാർക്ക് കമ്മീഷൻ അനുവദിച്ചാൽ കേന്ദ്രഗവൺമെന്റ് കമ്മീഷൻ നൽകുന്നത് നിറുത്തലാക്കുമെന്നതിനാൽ ഏജന്റുമാരെക്കൊണ്ട് വികസനപരമായ മറ്റുചില സേവനങ്ങൾ ചെയ്യിപ്പിച്ചുകൊണ്ട് ഈ കമ്മീഷൻ വീണ്ടും അനുവദിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും 2012 ജൂണിൽ ഇതു സംബന്ധിച്ച് ഉത്തരവിറക്കുകയും ചെയ്തതായി ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. 2011 നവംബർ മുതൽ 2012 ജൂൺ മാസം വരെ ഏജന്റുമാർക്ക് കേന്ദ്ര ഗവൺമെന്റ് കമ്മീഷൻ മാത്രമാണ് ലഭിച്ചതെന്നും ഈ സമയത്ത് സംസ്ഥാന ഗവൺമെന്റ് നൽകാതിരുന്ന കമ്മീഷൻ തുകയാണ് കുടിശ്ശികയെന്ന് പറയുന്നതെന്നും ഈ കാലയളവിൽ ഏജന്റുമാർ അധികമായി ഒരു സേവനവും ചെയ്തിട്ടില്ലെന്നും 2012-ലെ സർക്കാർ ഉത്തരവിന് ശേഷമാണ് അഡീഷണൽ സർവ്വീസ് ആരംഭിച്ചത് എന്നതിനാൽ ആ കാലയളവിലെ കമ്മീഷൻ തുക അനുവദിക്കാൻ കഴിയുകയില്ലെന്നും അദ്ദേഹം തുടർന്നറിയിച്ചു.

തുടർന്ന് നടന്ന സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച XLVI-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം അടക്കമുള്ള വികസന പ്രവർത്തനങ്ങളും ജീവനക്കാർക്കുള്ള പരിശീലനവും നടന്നുവരികയാണെന്നും ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് നാഷണൽ ലെവൽ കമ്പനികളെ ഏൽപ്പിക്കണമെന്ന സമീപനം മാറ്റി ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കണമെന്ന സർക്കാർ ഉത്തരവുള്ളതിനാൽ ഇൻഷ്വറൻസ് വകുപ്പിന്റെ ജോലിഭാരം വർദ്ധിച്ച് വരികയാണെന്നും നാഷണൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നുകൊണ്ട് കോ-ഇൻഷ്വറൻസ് നടത്തി ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കുമെന്നും അതിനായി അധിക തുക അനുവദിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്ന് അറിയിച്ചു. ഇൻഷ്വറൻസ് വകുപ്പിന് പേയ്മെന്റ് വ്യവസ്ഥയിൽ സ്റ്റേഷനറി വാങ്ങുന്നതിനും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുത ചാർജ്ജ് എന്നിവയ്ക്കുമായി 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാടകകുടിശ്ശിക നൽകുന്നതിനും വാടക നൽകുന്നതിനുമായി 44.02 ലക്ഷം രൂപയും വാഹനം വാങ്ങുന്നതിന് 9.57 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് സമിതി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്തു. ലേബർ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചിയാക് എന്ന കമ്പനിയാണ് ആരോഗ്യ ഇൻഷ്വറൻസ് ഏറ്റെടുത്തിരിക്കുന്നതെന്നും, ഇൻഷ്വറൻസ് പ്രീമിയം 1,050 രൂപയായിരുന്നുവെന്നും കഴിഞ്ഞ വർഷത്തെ ആരോഗ്യ ഇൻഷ്വറൻസ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത റിലയൻസിനെ ഏൽപ്പിച്ചുവെന്നും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ നിർദ്ദേശങ്ങൾ പാലിക്കാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ ഇരട്ടി ചാർജ്ജ് ഈടാക്കുന്നതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ സഹകരണത്തോടുകൂടി ഡബിൾ എൻട്രി അക്കൗണ്ട് സിസ്റ്റമാണ് നടപ്പിലാക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും സംബന്ധിച്ച XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ ഈ വർഷം ആറ് ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഐ.എം.ജി.-യിൽ പരിശീലനം നൽകിയതായി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഐ.എ.എസ്. പ്രൊബേഷണർമാരുടെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ.ബി.എസ്., എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനായി 16.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് നടന്ന കാർഷികാദായ നികുതിയും, വിൽപ്പന നികുതിയും സംബന്ധിച്ച V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ കോട്ടയം, എറണാകുളം എന്നിവിടങ്ങളിൽ ചെക്ക്പോസ്റ്റ് കെട്ടിടങ്ങളുടെ നിലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, കൊല്ലത്ത് ഫയർ ഫൈറ്റിംഗ് എക്യൂപ്മെന്റ് സ്ഥാപിക്കുന്നതിനും, വാളയാറിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനും, വെയ്ബ്രിഡ്ജ് ഇൻസ്റ്റാൾ ചെയ്യുന്നതിനും, മഞ്ചേശ്വരത്ത് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനും, വാളയാറിൽ എക്സ്ചേഞ്ച് ടെർമിനൽ സിസ്റ്റം സ്ഥാപിക്കുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമാണെന്ന് ടാക്സസ് കമ്മീഷണർ അറിയിച്ചു. വാളയാറിൽ എക്സ്ചേഞ്ച് ടെർമിനൽ സിസ്റ്റം ഏർപ്പെടുത്തുന്നതിനും, മഞ്ചേശ്വരം സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണത്തിനും, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ വെയ്ബ്രിഡ്ജുകളോട് കൂടിയ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനും 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പെൻഷനും പലവകയും സംബന്ധിച്ച XVI-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

വിശിഷ്ട സേവനത്തിന് പുരസ്കാരങ്ങൾ ലഭിക്കുന്ന സായുധസേനാംഗങ്ങൾക്ക് നൽകിയിരുന്ന ഒറ്റത്തവണ ക്യാഷ് അവാർഡിന് 1962 മുതൽ മുൻകാല പ്രാബല്യം നൽകിയതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതിനാലും ധീരതാ പുരസ്കാരജേതാക്കൾക്ക് വാർഷികാംശമായി നൽകിയിരുന്ന തുക ഒറ്റത്തവണ ലംപ്സം ആയി നൽകുന്നതിനാലും നടപ്പു സാമ്പത്തികവർഷം എല്ലാ വിഭാഗത്തിലുമായി ഏകദേശം 100 അപേക്ഷകരുണ്ടാകാൻ സാധ്യതയുള്ളതിനാലും ബഡ്ജറ്റിൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ 63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരളത്തിലെ, പ്രതിമാസം 600 രൂപയോ അതിൽ താഴെയോ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വാങ്ങിവരുന്ന എല്ലാ മുൻനാട്ടുരാജാക്കന്മാരുടെയും, കുടുംബാംഗങ്ങളുടെയും പെൻഷൻ 1,000 രൂപയായും എറണാകുളം ജില്ലയിലെ ചേന്ദമംഗലം പാലിയം ഈശ്വരസേവ ട്രസ്റ്റിന് നൽകി വരുന്ന പൊളിറ്റിക്കൽ പെൻഷൻ 66.7%-വും കോട്ടയം മീനച്ചിൽ മുൻ നാട്ടുരാജാക്കന്മാരുടെ പെൻഷൻ 600-ൽ നിന്നും 3000 രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 172.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട ചർച്ചയിൽ ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായി വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നതിന് 150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാനത്തുക ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 400 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കാരുണ്യ പദ്ധതി വിപുലീകരിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ കാരുണ്യ പദ്ധതിയുടെ വിപുലമായ നടത്തിപ്പിനായി 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് വനിതാ തീർത്ഥാടകർക്കായി പ്രത്യേകം സൗകര്യമൊരുക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് നടന്ന റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ അധികമായി ആവശ്യപ്പെടുന്ന തുക ബഡ്ജറ്റ് ഡിമാന്റിനേക്കാൾ കൂടരുതെന്ന് സമിതി ചെയർമാൻ അറിയിച്ചു. കഴിഞ്ഞ വർഷം മുതൽ എല്ലാ വകുപ്പുകൾക്കുമായി ഒരു ഹെഡ്ഡിലാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള തുക അനുവദിക്കുന്നതെന്നും ഇതിനുവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത സമിതി യാണ് ഏത് ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുന്നതെന്നും പ്രസ്തുത സമിതിയുടെ തീരുമാനപ്രകാരമാണ് പണം അനുവദിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പൊതുവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇനിയും പൂർത്തിയാക്കേണ്ടതു ണ്ടെന്നും പൂർത്തീകരിച്ചിട്ടുള്ളതിനുപോലും ഇതുവരെ തുക നൽകിയിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

സർക്കാർ വകുപ്പുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകൾക്ക്, വിധി സംഖ്യ അനുവദിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിന്റെ ചെലവ് വർദ്ധിച്ചിട്ടുണ്ടെന്നും കരമന-കളിയിക്കാവിള റോഡിന്റെ ആദ്യത്തെ 6 കിലോമീറ്റർ ദീർഘിപ്പിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിന്റെ ചെലവ് 600 കോടി രൂപയെന്നാണ് കണക്കാക്കിയിരിക്കുന്ന തെന്നും രണ്ടാം ഘട്ടത്തിന് അതിനേക്കാൾ കൂടിയ നിരക്കായിരിക്കും കൊടുക്കേണ്ടി വരുന്നതെന്നും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഡിസ്ട്രിക്ട് ലാന്റ് പർച്ചേസ് കമ്മിറ്റി ഇടപെട്ടാണ് ഭൂമി വാങ്ങുന്നതെന്നും ഒരാളുടെ ഭൂമി മുഴുവനായും ഏറ്റെടുക്കുന്നെങ്കിൽ അവർക്ക് കൂടിയ തുകയും കുറച്ച് ഭൂമി മാത്രമാണ് എടുക്കുന്നതെങ്കിൽ കുറഞ്ഞ തുകയും കൊടുക്കുന്ന ഒരു സമ്പ്രദായം ഏർപ്പെടുത്തണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

ഭൂമിയുടെ വില എന്ത് മാനദണ്ഡമനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഒരു സെന്റിന് 12 ലക്ഷം രൂപയാണ് കരമന-കളിയിക്കാവിളയിലെ പദ്ധതിയിലെ ആദ്യ ഭാഗത്ത് നിശ്ചയിച്ചിരിക്കുന്നതെന്നും, ഇതിനു പുറമേ മുഴുവൻ സ്ഥലവും പോകുന്ന ആളുകൾക്ക് 3 സെന്റ് സ്ഥലം കൂടി കൊടുക്കേണ്ടിവരുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഫാസ്റ്റ് ട്രാക്ക് സിസ്റ്റം വഴി ഇത് നടപ്പിലാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടെന്നും പതിനെട്ട് ശതമാനം പലിശ കുടിശ്ശികയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ആളുകൾ പണം വാങ്ങാൻ പെട്ടെന്ന് വരുന്നില്ലെന്നും, ആയതിനാൽ കുടിശ്ശിക തുക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയ്ക്ക് ആവശ്യമായി വരുന്ന തുക അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കാമെന്ന് ചെയർമാൻ അറിയിച്ചു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് (ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പര്യാപ്തമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിലെ സ്വർണ്ണവ്യാപാര മേഖലയിലെ നികുതി ഘടന സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ലഭ്യമാക്കിയ പഠന റിപ്പോർട്ട് 29-4-2013-ലെ യോഗത്തിൽ ചർച്ച ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12.05-ന് പിരിഞ്ഞു.

## 29-4-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2013 ഏപ്രിൽ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ കോംപ്ലക്സിലെ 'Vഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായ ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും, ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ.എ.
3. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

4. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.

5. ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. രാജേഷ് സിൻഹ, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
2. ശ്രീ. രവീന്ദ്ര അഗർവാൾ, കമ്മീഷണർ ഓഫ് ടാക്സസ്
3. ശ്രീ. സി. രഘു, ഐ.ജി.ഓഫ് രജിസ്ട്രേഷൻ
4. ശ്രീ. അനിൽ, എക്സ്., എക്സൈസ് കമ്മീഷണർ
5. പ്രൊഫ. ഡി. നാരായണൻ, ഡയറക്ടർ, ജി.ഐ.എഫ്.ടി.
6. ശ്രീ. ജെ. ഷൈൻ, സ്പെഷ്യൽ സെക്രട്ടറി, ഐ.ജി.ഓഫ്. രജിസ്ട്രേഷൻ
7. ശ്രീ. ടി. എൻ. ശ്രീകുമാർ, സ്പെഷ്യൽ സെക്രട്ടറി, ഐ.ജി.ഓഫ് രജിസ്ട്രേഷൻ
8. ശ്രീ. എസ്. ജോഗേഷ്, എം.ഡി., കെ.എസ്.ബി.സി.
9. ശ്രീ. ആർ. കെ. ശ്രീകുമാരൻ, ജോയിന്റ് എക്സൈസ് കമ്മീഷണർ
10. ശ്രീ. എച്ച്. റഹീം, ജോയിന്റ് എക്സൈസ് കമ്മീഷണർ
11. ശ്രീ. കെ. പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. എം. ഗിരീഷ് കുമാർ, ഒ.എസ്.ഡി.(എഫ്.ആർ.), ധനകാര്യ വകുപ്പ്
13. ശ്രീ. എ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീ. ബി. എസ്. ബിനു, ജോയിന്റ് സെക്രട്ടറി, സി.എൽ.ആർ.
15. ഡോ. എൻ. രാമലിംഗം, അസോസിയേറ്റ് പ്രൊഫസർ, ജി.ഐ.എഫ്.ടി.
16. ശ്രീമതി അനിത കുമാരി എൽ., അസോസിയേറ്റ് പ്രൊഫസർ, ജി.ഐ.എഫ്.ടി.
17. ഡോ. സി. എസ്. വെങ്കിടേശ്വരൻ, അസോസിയേറ്റ് പ്രൊഫസർ, ജി.ഐ.എഫ്.ടി.
18. ശ്രീമതി ശ്യാമ നായർ, ആർ., ഫാക്കൽറ്റി, ജി.ഐ.എഫ്.ടി.

19. ശ്രീ. ജോർജ് ജോസഫ്, ഫിനാൻസ് ഓഫീസർ, ഐ.ജി. ഓഫ് രജിസ്ട്രേഷൻ

20. ശ്രീ. ബി. സുനിൽ കുമാർ, ഫിനാൻസ് ഓഫീസർ, സി.സി.ടി.

21. ശ്രീ. എൻ. ശ്രീകുമാർ, ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്

22. ശ്രീ. പി. മുകുന്ദലാൽ, കൺസൾട്ടന്റ്, കെ.എസ്.ബി.സി.

സമിതി, 2013-2014 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ VIII (എക്സൈസ്), VII (മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും) എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ചർച്ചയിൽ എക്സൈസ് വകുപ്പിൽ മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി സമഗ്രമായ മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിൽനിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനവും മദ്യപാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠനം നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ലഹരി ഉപഭോഗത്തിന്റെ ഫലമായുണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ആരോഗ്യവകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് ആറ് മാസത്തിനകം ലഭ്യമാക്കണമെന്ന് ആരോഗ്യവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

മദ്യപാനത്തിനും മയക്കുമരുന്നിനുമെതിരെ ഒരു ദിവസത്തെ ശിൽപ്പശാലയോ, ചർച്ചയോ നടത്തിയാൽ പരിഹാരം കാണാൻ കഴിയില്ലെന്നും വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സ്വാധീനം വർദ്ധിച്ചിരിക്കുകയാണെന്നും, വിദ്യാർത്ഥികൾ, പി.ടി.എ., പഞ്ചായത്ത് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു ബോധവൽക്കരണ പ്രോജക്ട് തയ്യാറാക്കണമെന്നും നിരന്തരമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ കഴിയുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. ബോധവൽക്കരണം സംബന്ധിച്ച് പഞ്ചായത്തുകളിൽനിന്നും പ്രോജക്ട് ആവശ്യപ്പെടണമെന്നും ഏറ്റവും നല്ല പ്രോജക്ട് സമർപ്പിക്കുന്ന പഞ്ചായത്തിന് പൈലറ്റ് പ്രോജക്ടായി അത് നൽകണമെന്നും തുടർന്ന് മറ്റ് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കണമെന്നും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം അഭിപ്രായപ്പെട്ടു.

ഇപ്പോൾ സ്കൂളുകൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സ്റ്റുഡന്റ് പോലീസ്, കുടുംബശ്രീ തുടങ്ങിയവയുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു.

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും രണ്ട് മൊബൈൽ രാസപരിശോധനാ ലാബുകൾ ഏർപ്പെടുത്തുന്നതിനും 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

മദ്യത്തിന്റെ സാമ്പിൾ പരിശോധനയ്ക്കായി എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും സാമ്പിളിന് വില നൽകുന്നതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ബാർ ഹോട്ടലുകളിൽനിന്നും മദ്യത്തിന്റെ സാമ്പിൾ എടുക്കുമ്പോൾ സാമ്പിളിന് വില നൽകുന്നതിനായി 25 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിന് വ്യാജമദ്യം സംബന്ധിച്ച് രഹസ്യവിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നതിനായി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കണ്ടംചെയ്ത വാഹനത്തിനുപകരം വാഹനം വാങ്ങുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

എറണാകുളം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡിസ്ട്രിക്ട് രജിസ്ട്രാർ, പ്രിൻസിപ്പൽ സബ് രജിസ്ട്രാർ എന്നീ ഓഫീസുകൾ കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിനുവേണ്ടി ഒഴിയേണ്ടതിനാൽ വാടകക്കെട്ടിടത്തിലേക്ക് മാറേണ്ടതായുണ്ടെന്ന് രജിസ്ട്രേഷൻ ഐ.ജി. സമിതിയെ അറിയിച്ചു. വാടകയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡിസ്ട്രിക്ട് രജിസ്ട്രാർ, പ്രിൻസിപ്പൽ സബ് രജിസ്ട്രാർ എന്നീ ഓഫീസുകൾക്കായി കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കാൻ സാധിക്കുകയില്ലേ എന്ന് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ആരാഞ്ഞതിന് ഈ ഓഫീസുകൾക്കായി കളക്ടറേറ്റിൽ സ്ഥലം ലഭ്യമാകുമോ എന്ന് പരിശോധിക്കുന്നുണ്ടെന്നും ഡി.എം.ആർ.സി. കെട്ടിടം പണിതുകഴിയുമ്പോൾ ഈ ഓഫീസുകൾക്കുകൂടി സ്ഥലം ലഭ്യമാക്കണമെന്ന അഭ്യർത്ഥന മുന്നോട്ട് വച്ചിട്ടുണ്ടെന്നും രജിസ്ട്രേഷൻ ഐ.ജി. അറിയിച്ചു.

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി അഞ്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ റിക്കോർഡുകൾ സൂക്ഷിക്കുന്നതിനുള്ള കോംപാക്റ്റർ സൗകര്യം ഏർപ്പെടുത്തുന്നതിന് 175 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ധനാഭ്യർത്ഥനകളുടെ ചർച്ച അവസാനിച്ചശേഷം സമിതി, സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരമേഖലയിലെ നികുതിഘടന പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സമർപ്പിച്ച പഠന റിപ്പോർട്ട് പരിഗണിച്ചു. ടീം ലീഡറായ ഡോ. എൻ. രാമലിംഗം റിപ്പോർട്ടിനെ സംബന്ധിച്ച് ഒരു ചെറുവിവരണം നൽകി. സബ്ജക്ട് കമ്മിറ്റിയുടെ നിരീക്ഷണങ്ങളും പഠനത്തിന്റെ കണ്ടെത്തലുകളും അദ്ദേഹം വിശദമാക്കി.

മൂല്യവർദ്ധിത നികുതി നിലവിൽ വന്നതിനുശേഷം സ്വർണ്ണത്തിന്റെ നികുതിനിരക്ക് കേരളത്തിൽ 4%-വും അയൽസംസ്ഥാനങ്ങളിൽ 1%-ഉം ആണ്. 2012-13 സാമ്പത്തികവർഷം മുതൽ കേരളത്തിൽ സ്വർണ്ണത്തിന്റെ നികുതിനിരക്ക് അഞ്ച് ശതമാനമാക്കിയിട്ടുള്ളതിനാൽ നികുതിവെട്ടിപ്പ് നടക്കുന്നുവെന്ന സമിതിയുടെ കണ്ടെത്തൽ സംബന്ധിച്ച് പഠനം നടത്തിയപ്പോൾ വിലയുടെ വ്യത്യാസം കൊണ്ടുള്ള നികുതിവെട്ടിപ്പ് ഒരു നിശ്ചിത അളവിൽ നടക്കുന്നുവെന്നും നോൺ-കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ നികുതി നൽകുന്നവർ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ നികുതി നൽകുന്നവരെക്കാൾ കൂടുതൽ നികുതിവെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും, സ്വർണ്ണത്തിന്റെ നികുതിനിരക്ക് വർദ്ധിപ്പിച്ചിട്ടും റവന്യൂവരുമാനം കുറയുന്നു എന്ന സമിതിയുടെ കണ്ടെത്തലിനോട് പൂർണ്ണമായും യോജിക്കാൻ കഴിയുകയില്ലെന്നും, നികുതി വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിച്ചപ്പോൾ കഴിഞ്ഞ നാല് വർഷങ്ങളായി 22 ശതമാനത്തോളം റവന്യൂ വർദ്ധനവ് ഉണ്ടായതായി കാണാൻ കഴിഞ്ഞു എന്നും ടീം ലീഡർ സമിതിയെ അറിയിച്ചു.

വിലയ്ക്ക് ആനുപാതികമായ വർദ്ധനവ് വിറ്റുവരവിലും നികുതിവരുമാനത്തിലും ഉണ്ടായിട്ടില്ല എന്ന സമിതിയുടെ നിരീക്ഷണത്തോട് പഠനം ഭാഗികമായേ യോജിക്കുന്നുള്ളൂ എന്ന് ടീം ലീഡർ സമിതിയെ അറിയിച്ചു. കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചവരുടെ വിറ്റുവരവ് വർദ്ധിക്കുന്നതായും നോൺ-കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചവരുടെ വിറ്റുവരവ് വർദ്ധിക്കുന്നില്ലെന്നും ഇത് പരിഹരിക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലേതുപോലെ നികുതിനിരക്ക് ഒരു ശതമാനമാക്കണമെന്ന് സ്വർണ്ണവ്യാപാരികൾ നിരന്തരമായി ആവശ്യപ്പെടുന്നുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. മൂല്യവർദ്ധിത നികുതി നിലവിൽ വന്നതിനുശേഷം സ്വർണ്ണത്തിന്റെ നികുതി നിരക്ക് ഒരു ശതമാനമായി കുറച്ചതിനാൽ റവന്യൂവരുമാനം കുറയുകയും വീണ്ടും നാല് ശതമാനമായി ഉയർത്തുകയും ചെയ്ത് കോമ്പൗണ്ടിംഗ് സമ്പ്രദായം നിലനിർത്തിയതുകൊണ്ടാണ് റവന്യൂവരുമാനം വർദ്ധിക്കാനിടയായതെന്നും നികുതിനിരക്ക് ഒരു ശതമാനമായി കുറച്ചാൽ 150 മുതൽ 200 കോടി രൂപവരെ റവന്യൂനഷ്ടം ഉണ്ടാകുമെന്നും ടീം ലീഡർ വിശദമാക്കി.

തുടർന്ന്, നിലവിലുള്ള കോമ്പൗണ്ടിംഗ് നികുതിഘടനയും നിർദ്ദിഷ്ട കോമ്പൗണ്ടിംഗ് നികുതിഘടനയും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ ടീം ലീഡർ വിശദീകരിച്ചു. ഒരാൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കണമെന്നുണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ നികുതിയുടെ ഏറ്റവും ഉയർന്നനിരക്ക് എടുത്തശേഷം അതിന്റെ 150 ശതമാനം ഈ വർഷം കൊടുക്കുകയും തുടർന്നുള്ള വർഷങ്ങളിലെല്ലാം അതിന്റെ 125% കൊടുക്കുകയും ചെയ്യണം. നിലവിലുള്ള നികുതി നിരക്ക് കൂടുതലാണെന്ന് പഠനത്തിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞതിനാൽ, ഒരു കോടി രൂപയ്ക്ക് മുകളിൽ ടേൺ ഓവറുള്ള ഒരു വ്യാപാരി നൽകേണ്ട നികുതി 150%-ൽ നിന്നും 130% ആയും 125% എന്നത് 120% ആയും 40 ലക്ഷം രൂപയ്ക്കും ഒരു കോടി രൂപയ്ക്കുമിടയിൽ ടേൺ ഓവറുള്ള വ്യാപാരികൾ നൽകേണ്ട നികുതി 135%-ൽനിന്നും 125% ആയും കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 80% വ്യാപാരികളും 10 ലക്ഷത്തിൽ താഴെ ടേൺ ഓവറുള്ളവരായതിനാൽ നികുതി 10,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന റവന്യൂ നഷ്ടം 2.15 കോടി രൂപയാണെന്നും അദ്ദേഹം വിശദീകരിച്ചു.

സ്വർണ്ണവില വർദ്ധിച്ചതനുസരിച്ച് വിറ്റുവരവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ എന്നും സ്വർണ്ണത്തിന്റെ നികുതി 5% കണക്കാക്കുമ്പോൾ ലഭിക്കുന്ന വർദ്ധനവല്ലാതെ നികുതിയിൽ വേറെ വർദ്ധനവുണ്ടായിട്ടുണ്ടോ എന്നും സമിതി അംഗം ആരാഞ്ഞു. സ്വർണ്ണത്തിന്റെ വിറ്റുവരവിൽ 22% വർദ്ധനവുണ്ടായപ്പോൾ നികുതിയിൽ 24% വർദ്ധനവുണ്ടായി. ടേൺ ഓവറിനനുസരിച്ചുള്ള വർദ്ധനവല്ലാതെ സ്വാഭാവികമായ നികുതി വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും നികുതിവെട്ടിപ്പ് ധാരാളമായി നടക്കുന്നുണ്ടെന്നുമാണ് ഇതിൽനിന്നും മനസ്സിലാക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ കഴിഞ്ഞ നാല് വർഷത്തെ നികുതിനിരക്ക് പ്രകാരം ടേൺ ഓവറിനനുസരിച്ചുള്ള വർദ്ധനവല്ലാതെ സ്വാഭാവികമായി ഒരു ഉൽപ്പന്നത്തിനുണ്ടാകുന്ന നികുതി വർദ്ധനവ് സ്വർണ്ണത്തിനുണ്ടാകാത്തതിന്റെ കാരണം പരിശോധിക്കാൻ സമിതി നിർദ്ദേശിച്ചു.

മറ്റ് ഉൽപ്പന്നങ്ങളെപ്പോലെ സ്വർണ്ണത്തെ കണക്കാക്കാൻ പറ്റുകയില്ലെന്നും സ്വർണ്ണം കൂടുതലായും വാങ്ങുന്നത് നിക്ഷേപത്തിനോ വിവാഹാവശ്യത്തിനോ വേണ്ടിയാണെന്നും സ്വർണ്ണത്തിന് വിലകുറഞ്ഞാൽ ആളുകൾ ധാരാളമായി സ്വർണ്ണം വാങ്ങുമെങ്കിലും വിലകൂടിയാൽ ഒരു നിശ്ചിത തുക കണക്കാക്കിയാണ് സ്വർണ്ണം വാങ്ങുന്നതെന്നും അതുകൊണ്ടാണ് സ്വാഭാവികമായ ഒരു വർദ്ധനവ് സ്വർണ്ണത്തിന്റെ വിൽപ്പനയിലുണ്ടാകാത്തതെന്നും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ അസോസിയേറ്റ് പ്രൊഫസർ സമിതിയെ അറിയിച്ചു.

റിപ്പോർട്ട് പരിശോധിച്ചാൽ സ്വർണ്ണത്തിന്റെ വില മാറ്റമില്ലാതെ തുടർന്നപ്പോൾ നികുതി വരുമാനത്തിൽ മാറ്റമുണ്ടായിരുന്നെന്നും അതിന്റെ അർത്ഥം ഓരോ വർഷവും വിറ്റുവരവിൽ വ്യത്യാസമുണ്ടെന്നല്ലേ എന്നും സമിതി ആരാഞ്ഞതിന് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 2011-ൽ സ്വർണ്ണത്തിന് 75,000 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്നാണെന്നും ഗവൺമെന്റിന്റെ കണക്കനുസരിച്ച് 25,000 കോടി രൂപ മാത്രമേ വിറ്റുവരവ്

ഉണ്ടായിട്ടുള്ളൂ എന്നും ഏതാണ്ട് മൂന്നിലൊന്ന് നികുതിവെട്ടിപ്പ് നടന്നിട്ടുണ്ടെന്നും സ്വർണ്ണ വ്യാപാരികൾ ഓരോ മൂന്ന് മണിക്കൂറിലും സ്വർണ്ണത്തിന്റെ വിറ്റുവരവ് കണക്കും സ്റ്റോക്കും അഡ്ജസ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നതിനാൽ ഒരു ഗ്രാം സ്വർണ്ണത്തിന്റെ കണക്കിലുള്ള വ്യത്യാസംപോലും 11 വർഷം ശ്രമിച്ചിട്ടും കണ്ടെത്താൻ കഴിയാത്തതായി ആദായനികുതി വകുപ്പുമായി നടത്തിയ ചർച്ചയിൽനിന്നും മനസ്സിലായതായും അസോസിയേറ്റ് പ്രൊഫസർ മറുപടി നൽകി.

കോമ്പൗണ്ടിംഗ് നികുതിനിരക്ക് ഒരു ശതമാനമാണെങ്കിലും നാല് ശതമാനമായി നിശ്ചയിച്ചിരിക്കുന്നത് കോമ്പൗണ്ടിംഗിലേക്ക് വരാൻ സ്വർണ്ണ വ്യാപാരികളുടെമേൽ സമ്മർദ്ദം ചെലുത്താൻ വേണ്ടിയാണെന്നും കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള വരുടെ കണക്ക് പരിശോധിച്ചാൽ ഫലപ്രദമായ നിരക്ക് ഏകദേശം 1.3% ആണെന്നും യഥാർത്ഥത്തിൽ നെഗോഷ്യേറ്റഡ് സെറ്റിൽമെന്റ് മാത്രമേ സാധ്യമാവുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു. 2012-13 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽനിന്നും പുറത്തുപോകാനുള്ള പ്രവണത വ്യാപാരികളിൽ ഏറിവരുന്നതിനാൽ എല്ലാ സ്വർണ്ണ വ്യാപാരികളേയും കോമ്പൗണ്ടിംഗ് സിസ്റ്റത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും, കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽനിന്നും പുറത്തുപോകാനുള്ള വ്യാപാരികളുടെ പ്രവണത തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാനും സമിതി നിർദ്ദേശിച്ചു.

ആകെയുള്ള വ്യാപാരികളിൽ എത്രപേർ ഇപ്പോൾ കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുണ്ടെന്ന് സമിതി ആരാഞ്ഞു. 2012-2013-ലെ കണക്കനുസരിച്ച് ആകെയുള്ള 5353 വ്യാപാരികളിൽ 2824 പേർ (53%) കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുണ്ടെന്നും, നാലുവർഷംകൊണ്ട് 10% വ്യാപാരികൾ കോമ്പൗണ്ടിംഗിൽ നിന്നും നോൺ-കോമ്പൗണ്ടിംഗിലേക്ക് മാറിയതായും അസോസിയേറ്റ് പ്രൊഫസർ അറിയിച്ചു.

വൻകിട സ്വർണ്ണവ്യാപാരികളിൽ ജോയ് ആലൂക്കാസ് ഒഴികെ എല്ലാ വ്യാപാരികളും കോമ്പൗണ്ടിംഗ് സിസ്റ്റം സ്വീകരിച്ചതായി അസോസിയേറ്റ് പ്രൊഫസർ കൂട്ടിച്ചേർത്തു.

മറ്റുള്ള സ്വർണ്ണവ്യാപാരികൾ അവരുടെ വിറ്റുവരവിന്റെ കണക്കുകൾ കുറച്ചു കാണിച്ചപ്പോൾ ശരിയായ കണക്കുകൾ കാണിച്ച് നികുതി നൽകിക്കൊണ്ടിരുന്ന വരായിരുന്നു ജോയ് ആലൂക്കാസ് ജൂവലറിയെന്നും അങ്ങനെ 150% വരെ നികുതി നൽകേണ്ടിവന്നപ്പോൾ അവർക്കും മത്സരിച്ച് പിടിച്ചുനിൽക്കാൻ സാധിക്കാത്ത ഒരു സ്ഥിതി വന്നതുകൊണ്ടായിരിക്കാം അവർ നോൺ കോമ്പൗണ്ടിംഗിലേക്ക് മാറിയതെന്നും സമിതി വിലയിരുത്തി. പുതിയ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുമ്പോൾ കോമ്പൗണ്ടിംഗ് നിരക്ക് 1% ആണെന്നും ഡിറ്ററന്റായി 4% വെച്ചതാണെന്നും വ്യക്തമായി കാണിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. അല്ലെങ്കിൽ 4% നികുതി ഏർപ്പെടുത്തിയിരുന്നെങ്കിൽ കുറച്ച് തുക കൂടി ലഭിക്കുമായിരുന്നെന്നും ആഡിറ്റ് ഡിപ്പാർട്ട്മെന്റിൽനിന്ന് പരാമർശം വരാൻ സാദ്ധ്യതയുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ഇപ്പോൾ വൻകിട വ്യാപാരികളടക്കം കോമ്പൗണ്ടിംഗിൽനിന്ന് പുറത്തുപോകാൻ

ശ്രമിക്കുമ്പോൾ എങ്ങനെ വ്യാപാരികളെ കോമ്പൗണ്ടിംഗിൽ നിലനിർത്താമെന്നതിനെ കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നും എല്ലാവരേയും കോമ്പൗണ്ടിംഗിൽ കൊണ്ടുവരാൻ തടസ്സംനിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടുപിടിച്ച് പരിഹാരം കണ്ടെത്തേണ്ടത് അത്യാവശ്യമാണെന്നും ഒരാൾ ആദ്യമായി ബ്രാഞ്ച് ആരംഭിക്കുമ്പോൾ കോമ്പൗണ്ടിംഗിൽത്തന്നെ നിലനിർത്തണമെന്നും കോമ്പൗണ്ടിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കിയില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

2004-നുശേഷം ആറ് പ്രാവശ്യമെങ്കിലും കോമ്പൗണ്ടിംഗ് നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തിയത് ഉദ്യോഗസ്ഥരെ ആശയക്കുഴപ്പത്തിലാക്കുന്നതുകൊണ്ട് എ.ജി.-യിൽ നിന്ന് ധാരാളം ആഡിറ്റ് പരാമർശങ്ങളും വന്നിട്ടുള്ളതിനാൽ റേറ്റിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് പുനഃക്രമീകരിക്കണമെന്ന് അസോസിയേറ്റ് പ്രൊഫസർ സമിതിയെ അറിയിച്ചു. നോൺ-കോമ്പൗണ്ടിംഗ് നിരക്കിൽ നികുതി നൽകുന്നവരെ കോമ്പൗണ്ടിംഗ് നിരക്കിലേക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമമെന്ന നിലയിൽ എല്ലാ ഗ്രേഡിലും 5% നികുതിയിളവ് നൽകിയിട്ടുണ്ടെന്നും കൂടാതെ, ചെറുകിട കച്ചവടക്കാർക്കുള്ള നികുതിനിരക്ക് കുറവുചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

ചെറുകിട കച്ചവടക്കാർക്ക് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നികുതി താങ്ങാവുന്നതിലും അധികമായതിനാൽ നികുതിനിരക്ക് കുറച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണെന്ന് അസോസിയേറ്റ് പ്രൊഫസർ സമിതിയെ അറിയിച്ചു.

നികുതിവെട്ടിപ്പ് നടത്തുന്നതിനുവേണ്ടിയാണ് കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിന്നും വ്യാപാരികൾ നോൺ-കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് പോകുന്നതെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

കോമ്പൗണ്ടിംഗ് സിസ്റ്റം സ്വീകരിച്ചിട്ടുള്ള പല വ്യാപാരികളും 5% നികുതി പിരിക്കുകയും 1.25% നികുതി ഗവൺമെന്റിന് നൽകുകയും ചെയ്യുന്നുണ്ടെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു കേസ്സ് നിലവിലുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

പുതിയ സംവിധാനം വരുമ്പോൾ വകുപ്പിന്റെ ശക്തമായ ഇടപെടലിലൂടെ 50-70 കോടി രൂപ അധികമായി നികുതിയിനത്തിൽ പിരിച്ചെടുക്കാൻ സാധിക്കുമെന്നും അസോസിയേറ്റ് പ്രൊഫസർ സമിതിയെ അറിയിച്ചു.

കേരളത്തിൽ ഏറ്റവും കൂടുതൽ നികുതിവെട്ടിപ്പ് നടക്കുന്നത് സ്വർണ്ണകച്ചവടത്തിലാണെന്നും ആയതിനാൽ എല്ലാ വ്യാപാരികളേയും കോമ്പൗണ്ടിംഗ് സിസ്റ്റത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കോമ്പൗണ്ടിംഗ് ചെയ്തവരുടെ വിറ്റുവരവിലെ വർദ്ധനവ് വിലയേയും നികുതി വരുമാനത്തെയും അപേക്ഷിച്ച് കുറവായതിന്റെ കാരണം പരിശോധിക്കണമെന്നും, സ്വർണ്ണ വ്യാപാരികളുടെ സ്റ്റോക്കിന്റെയും അക്കൗണ്ടിന്റെയും വിറ്റുവരവിന്റെയും പരിശോധന കാര്യക്ഷമമായി നടത്തുന്നതിനും നികുതിവെട്ടിപ്പ് പൂർണ്ണമായും തടയുന്നതിനും, സ്വർണ്ണവ്യാപാരം സുതാര്യവും സത്യസന്ധവുമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കൂടാതെ ഓരോ വർഷവും ഓരോ നിരക്കിൽ നികുതിപിരിക്കുന്ന രീതി അശാസ്ത്രീയമായതിനാൽ ആയത് പരിശോധിക്കുകയും വിറ്റുവരവുമായി ബന്ധപ്പെടുത്തി വിശദമായ പഠനം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സമർപ്പിച്ച പ്രസ്തുത പഠനറിപ്പോർട്ട് പൊതുവെ അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ടിന്മേലുള്ള നികുതി വകുപ്പിന്റെ അഭിപ്രായം കൂടി അറിഞ്ഞതിനുശേഷം ധനകാര്യ ബിൽ പരിഗണിക്കുന്ന യോഗത്തിൽ പ്രസ്തുത വിഷയം ഒന്നുകൂടി ചർച്ചചെയ്യാമെന്നും സമിതി ചെയർമാൻ അറിയിച്ചു.

2013 മേയ് മാസം 9-ാം തീയതി ചേരാൻ നിശ്ചയിച്ചിരുന്ന സമിതിയോഗം 2013 മേയ് 15-ന് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് ചേരാൻ തീരുമാനിച്ചു.

സമിതി ഉച്ചയ്ക്ക് ശേഷം 12.15-ന് യോഗം പിരിഞ്ഞു.

## 15-5-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2013 മേയ് 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV A' കോൺഫറൻസ് ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും, നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
3. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
4. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

സമിതി 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. കരട് റിപ്പോർട്ടിന്റെ ഒന്നാം ഖണ്ഡികയിൽ '2012-13 ബഡ്ജറ്റിൽ' എന്നീ വാക്കുകൾക്ക് മുൻപായി 'വാളയാറിൽ എക്സ്ചേഞ്ച് ടെർമിനൽ സിസ്റ്റം ഏർപ്പെടുത്തുന്നതിനും' എന്നീ വാക്കുകൾ ചേർക്കുക.

7-ാം ഖണ്ഡികയിലെ ശിപാർശയ്ക്ക് ശേഷം താഴെപ്പറയുന്ന ശിപാർശ ചേർക്കുക:

''മദ്യത്തിന്റെ സാമ്പിൾ പരിശോധനയ്ക്കായി എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും സാമ്പിളിന് വില നൽകുന്നതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ല എന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാർ ഹോട്ടലുകളിൽനിന്നും മദ്യത്തിന്റെ സാമ്പിൾ എടുക്കുമ്പോൾ സാമ്പിളിന് വില നൽകുന്നതിനായി 25 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു".

ഒമ്പതാം ഖണ്ഡികയിൽ '5 കോടി രൂപ' എന്നീ വാക്കുകൾക്ക് പകരം '12 കോടി രൂപ' എന്ന് ചേർക്കുക.

2012-13 സാമ്പത്തികവർഷത്തെ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പ്രവർത്തനം സംബന്ധിച്ച കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തുടർന്ന്, ബാർ ഹോട്ടലുകളിൽ കോമ്പൗണ്ടിംഗ് നികുതി ഈടാക്കുന്നതിന് പകരം, വാങ്ങുന്ന അവസരത്തിൽത്തന്നെ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ പുതുതായി കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുന്ന സ്വർണ്ണവ്യാപാരികൾ ഏതു നിരക്കിലാണ് കോമ്പൗണ്ട് ചെയ്യേണ്ടതെന്നും സാമ്പത്തികവർഷത്തിന്റെ മധ്യത്തിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചാൽ നികുതിനിരക്ക് നിശ്ചയിക്കുന്നത് എപ്രകാരമാണെന്നും കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ നികുതി പിരിക്കുന്ന നടപടിക്രമങ്ങൾ പരിശോധിച്ച് ഭേദഗതി ആവശ്യമുള്ളവ നിർദ്ദേശിക്കുവാനും നികുതി വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു. സ്വർണ്ണത്തിന്റെ നികുതി ഘടന പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ തയ്യാറാക്കിയ പഠനറിപ്പോർട്ടിന്മേൽ നികുതി വകുപ്പിൽ നിന്നുള്ള അഭിപ്രായം ആരാഞ്ഞതിനുശേഷം ആവശ്യമായ ഭേദഗതികൾ വരുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആയുർവേദ മരുന്നുകൾക്ക് മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കുന്ന രീതി അശാസ്ത്രീയ മാണെന്നും സമിതി അഭിപ്രായപ്പെട്ടു. സമിതി ഉച്ചയ്ക്ക് ശേഷം 3.35-ന് യോഗം പിരിഞ്ഞു.

## 6-6-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2013 ജൂൺ 6, വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും താഴെപ്പറയുന്ന അംഗവും തദവസരത്തിൽ സന്നിഹിതനായിരുന്നു:

### ഹാജരായ അംഗം

ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

### ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
2. ശ്രീ. രബീന്ദ്ര അഗർവാൾ, കമ്മീഷണർ ഓഫ് ടാക്സസ്
3. ശ്രീ. കെ. സോമരാജൻ, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ജെ. ഷൈൻ, സ്പെഷ്യൽ സെക്രട്ടറി, രജിസ്ട്രേഷൻ, ഐ.ജി. ഓഫീസ്
6. ശ്രീ. അനിൽ, എക്സ്. എക്സൈസ് കമ്മീഷണർ
7. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. എ. ഷാജി, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
9. ശ്രീമതി എസ്. ദീപാദേവി, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
10. ശ്രീ. ആർ. കമലാഹർ, എം.ഡി., കെ.എം.എസ്.സി.എൽ.
11. ശ്രീ. പി. ഹരി പ്രസാദ്, ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്)
12. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
13. ശ്രീ. എം. പി. സലിം, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീമതി രഹ്നാ ബീഗം, ജോയിന്റ് സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

15. ഡോ. ഡി. രാജു, സെക്രട്ടറി, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി

16. ശ്രീ. ജോർജ്, ടി. എം., ജോയിന്റ് ഡയറക്ടർ, ലോട്ടറി വകുപ്പ്

17. ശ്രീ. കെ. ആർ. ഗോപകുമാർ, ഫിനാൻസ് ഓഫീസർ, ലോട്ടറി വകുപ്പ്

18. ശ്രീ. ബി. സുനിൽ കുമാർ, ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് ടാക്സസ്

19. ശ്രീ. ജോർജ് ജോസഫ്, ഫിനാൻസ് ഓഫീസർ, രജിസ്ട്രേഷൻ, ഐ.ജി. ഓഫീസ്

20. ശ്രീമതി കെ. എൻ. സുമംഗലാ ദേവി, ഡെപ്യൂട്ടി ഐ.ജി. ഓഫ് രജിസ്ട്രേഷൻ (എൽ)

21. ശ്രീ. കെ. സി. മധു, ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), എറണാകുളം

22. ശ്രീ. പരീത്, പി. ബി., ലാ ഓഫീസർ, ഡ്രഗ്സ് കൺട്രോളർ ഓഫീസ്, തിരുവനന്തപുരം

23. ശ്രീ. കെ. സുരേഷ് ബാബു, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ

24. ശ്രീ. എൻ. ശ്രീകുമാർ, ഫിനാൻസ് ഓഫീസർ, എക്സൈസ്.

I. **സമിതി താഴെപ്പറയുന്ന കരട് ചട്ടം ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിച്ചു :**

കേരള പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് (ഭേദഗതി) ചട്ടങ്ങൾ, 2012.

(റഫ. നമ്പർ 269/സബ്.സി.ഇ2/2013/ലെജി.)

(റഫ. നമ്പർ 70696/പി.എഫ്3/10/ധന. തീയതി 14-12-2012)

ചട്ടം 1(1)-ൽ 2012 എന്ന വർഷം '2013' ആക്കി മാറ്റുക.

ചട്ടം 2(എ)(2)-ൽ 'പൊതുവെയോ പ്രത്യേകമോ ആയ ഉത്തരവ്' എന്നീ വാക്കുകൾക്ക് പകരം 'പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവ്' എന്നീ വാക്കുകൾ ചേർക്കുക.

ചട്ടം 2(ബി)-യിൽ 'ഫാറങ്ങൾ 9-നും' എന്നീ വാക്കുകൾക്ക് പകരം 'ക്രമനമ്പർ 9-നും' എന്നും, 'ഫാറം നമ്പരും' എന്നീ വാക്കുകൾക്ക് പകരം 'ക്രമനമ്പരും' എന്നും ചേർക്കുക.

പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ചേരുന്നതിനുള്ള അപേക്ഷാ ഫോറത്തിൽ ഫാറം നമ്പർ 1 എന്ന തലക്കെട്ടിന് താഴെ 'ചട്ടം 2-ഉം 4-ഉം കാണുക' എന്നത് 'ചട്ടം 4(1)-ഉം 16 എ(1)-ഉം കാണുക' എന്നാക്കുക.

ഫാറം നമ്പർ 1-ൽ ക്രമനമ്പർ 7-ൽ 'വകുപ്പ് (മാതൃ)' എന്നത് 'മാതൃവകുപ്പ്' എന്നാക്കുക.

'ഫാറം നമ്പർ 9എ' എന്ന തലക്കെട്ടിന് താഴെ 'ചട്ടം 16 എ(2) കാണുക' എന്ന് ബ്രാക്കറ്റിൽ ഉപതലക്കെട്ടായി ചേർക്കുക.

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ താഴെപ്പറയുന്ന ഫയലുകളിന്മേൽ അതാതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സമിതി ചർച്ച നടത്തുകയും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു:

II. (1) **ചെക്ക് പോസ്റ്റ് നവീകരണം സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണന:**

(ഫയൽ നമ്പർ 17453/സബ്.സി.ഇ2/2008/ലെജി.)

മൈനർ ചെക്ക് പോസ്റ്റുകളുൾപ്പെടെ കേരളത്തിലെ എല്ലാ ചെക്ക് പോസ്റ്റുകളിലും സ്കാനർ സ്ഥാപിക്കണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നും, കേരളത്തിലെ ഒരു മേജർ ചെക്ക് പോസ്റ്റിലും ഇതുവരെ ഇത്തരം സ്കാനർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല ചെക്ക് പോസ്റ്റുകൾ വഴിയുള്ള വെട്ടിപ്പ് തടയുന്നതിന് ഇത്തരം സ്കാനറുകൾ ഫലപ്രദമാണെന്ന് ഇതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്കാനറുകളിൽ ഗാമാവികിരണങ്ങൾ ഉപയോഗിക്കുന്നതിനാൽ അറ്റോമിക് എനർജി റേഡിയേഷൻ ബോർഡിന്റെ അംഗീകാരം ആവശ്യമായതിനാൽ ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയുമായി ഈ വിഷയം കൂടിയാലോചിക്കുന്നത് ഉചിതമായിരിക്കുമെന്ന് ആരോഗ്യവകുപ്പ് സെക്രട്ടറി അറിയിച്ചു.

ഇന്ത്യയിൽ ബോംബെ തുറമുഖത്ത് മാത്രമാണ് ഇത്തരത്തിലുള്ള സ്കാനിംഗ് സംവിധാനം നിലവിലുള്ളതെന്നും, തുറമുഖം വഴിയുള്ള നികുതിവെട്ടിപ്പ് തടയുന്നതിന് ഇത്തരം സ്കാനറുകൾ പ്രായോഗികമല്ലെന്നാണ് അവിടെ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതെന്നും ആ സ്ഥിതിക്ക് മൈനർ ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ചെക്ക് പോസ്റ്റുകളിലും സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ഇത്തരം സ്കാനറുകൾ സ്ഥാപിക്കുന്നതിനും കേടാകാതെ സൂക്ഷിക്കുന്നതിനുമുള്ള ചെലവ് കൂടുതലായതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ വിശദമായ സാധ്യതാ പഠനം നടത്തിയശേഷം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(2) മദ്യാസക്തിക്കെതിരായ പ്രചരണത്തിന്റെയും, പഠനത്തിന്റെയും ഭാഗമായി പത്രക്കുറിപ്പ് നൽകിയതിനെത്തുടർന്ന് പൊതുജനങ്ങളിൽ നിന്നും സാമൂഹ്യ പ്രവർത്തകരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും.

(ഫയൽ നമ്പർ 16251/സബ്.സി.ഇ2/2009/ലെജി.)

പൊതുജനങ്ങളിൽ നിന്നും സാമൂഹ്യ പ്രവർത്തകരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കണമെന്നും, വകുപ്പുകളുടെ അഭിപ്രായങ്ങൾ ലഭിച്ചതിനുശേഷം പ്രസ്തുത വിഷയം ചർച്ച ചെയ്യാമെന്നും സമിതി തീരുമാനിച്ചു. പൊതുജനങ്ങളുടെ അഭിപ്രായങ്ങളിൽ ചിലത് എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടെന്നും ചിലവ അപ്രായോഗികമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും ഉൾപ്പെടെ വളരെ വേഗത്തിൽ മദ്യാസക്തി വർദ്ധിച്ച് വരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തി. മദ്യാസക്തി വർദ്ധിച്ചുവരുന്നതിന്റെ കാരണം, മദ്യപാനംമൂലമുണ്ടാകുന്ന മാനസിക, ആരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയതിനുശേഷമായിരിക്കണം ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതെന്നും സമിതി നിർദ്ദേശിച്ചു.

17-3-2012-ൽ ആൽക്കഹോളിന്റെ ഉപയോഗവും അനുബന്ധ രോഗങ്ങളും സംബന്ധിച്ച് ആരോഗ്യവകുപ്പ് സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ സമിതി നിർദ്ദേശിച്ച രീതിയിലുള്ള പഠനം നടത്താൻ തക്കവണ്ണമുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നില്ലെന്നും നിലവിലുള്ള സാങ്കേതികവൈദഗ്ദ്ധ്യം കൊണ്ട് ഇത്തരത്തിലുള്ള ഒരു പഠനം പ്രയോജനകരമായി നടത്താൻ കഴിയുകയില്ലെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പഠനം നടത്തുന്നതിൽ നിന്നും ആരോഗ്യവകുപ്പിനെ ഒഴിവാക്കണമെന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭ്യർത്ഥന സമിതി നിരാകരിക്കുകയുണ്ടായി.

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റും ബാറുകളുമില്ലാത്ത പഞ്ചായത്തുകൾ ഇപ്പോൾ കേരളത്തിലുണ്ടെന്നും ഇത്തരത്തിലുള്ള ഒന്നോ രണ്ടോ പഞ്ചായത്തുകളെ പൈലറ്റായി തെരഞ്ഞെടുത്ത് മദ്യത്തിനെതിരായി ബോധവൽക്കരണം നടത്തി മദ്യവിമുക്തമാക്കണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. എന്നാൽ ഏതെങ്കിലും എൻ.ജി.ഒ. മുൻപോട്ട് വന്നാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്ന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി കൺവീനറായും, ആരോഗ്യവകുപ്പ് സെക്രട്ടറിയും എക്സൈസും വകുപ്പ് സെക്രട്ടറിയും അംഗങ്ങളായും ഉള്ള ഒരു വിദഗ്ദ്ധ പാനലുണ്ടാക്കി പ്രസ്തുത വിഷയം പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ഇതിനാവശ്യമായ ഫണ്ട് എക്സൈസ് വകുപ്പിൽ നിന്നും നൽകുന്നതാണെന്നും സമിതി ചെയർമാൻ അറിയിച്ചു.

(3) സംസ്ഥാനത്തെ മരുന്നു വ്യാപാരമേഖലയിൽ എ.കെ.സി.ഡി.എ. എന്ന സംഘടന നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ, 9-7-2012-ലെ യോഗതീരുമാനത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്:

(ഫയൽ നമ്പർ 5505/സബ്.സി.ഇ2/2011/ലെജി.)

1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള സൊസൈറ്റീസ് രജിസ്ട്രേഷൻ ബിൽ, 2013, നിയമമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നതായി നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

തുടർന്ന്, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിയമം, നികുതി, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകൾ സമിതിയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

(4) മദ്യപാനംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് 9-7-2012-ലെ യോഗം ആവശ്യപ്പെട്ട പഠനറിപ്പോർട്ട് ആരോഗ്യ വകുപ്പ് ലഭ്യമാക്കാത്തതു സംബന്ധിച്ച്.

(ഫയൽ നമ്പർ 14544/സബ്.സി.ഇ2/1994/ലെജി.)

കാര്യവിവരപ്പട്ടികയിലെ ക്രമനമ്പർ II (2)-ന്റെ ചർച്ചയോടൊപ്പം ഈ വിഷയവും സമിതി ചർച്ച ചെയ്തു.

**III. വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച മറുപടികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

1. സബ്ജക്ട് കമ്മിറ്റി V–ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-2008)

(ഫയൽ നമ്പർ 15987/സബ്.സി.ഇ2/2010/ലെജി.)

(റഫ. നമ്പർ 22979/സി1/2012/പൊ.മ.വ. തീയതി 3-12-2012)

ഖണ്ഡിക നമ്പർ : 1

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

(ഫയൽ നമ്പർ 4889/സബ്.സി.ഇ2/2011/ലെജി.)

(റഫ. നമ്പർ 74775/പോൾ3/2011/പൊ.ഭ.വ. തീയതി 4-12-2012)

ഖണ്ഡിക നമ്പർ : 16, 17

സമിതിയുടെ അടുത്ത യോഗം 2013 ജൂൺ 10-ാം തീയതി സഭ പിരിഞ്ഞതിനുശേഷം ചേരാൻ തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.50-ന് പിരിഞ്ഞു.

## 10-6-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2013 ജൂൺ 10-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞശേഷം വൈകുന്നേരം 4.40 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
2. ശ്രീ. എം. പി. വിൻസെന്റ് എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. റ്റി. ഗംഗാധരൻ നമ്പ്യാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

2013 ജൂൺ 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത 2013-ലെ അബ്കാരി (ഭേദഗതി) ബിൽ സമിതി ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു: "In Preamble after the word 'Act' the figure and word '1 of' shall be deleted."

സമിതി വൈകുന്നേരം 4.50-ന് യോഗം പിരിഞ്ഞു.

911/2014.

## 14-6-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2013 ജൂൺ 14-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 12.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗവും തദവസരത്തിൽ സന്നിഹിതരായിരുന്നു:

### ഹാജരായ അംഗങ്ങൾ

ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ.

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

### ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. രവീന്ദ്ര അഗർവാൾ, കമ്മീഷണർ ഓഫ് ടാക്സസ്
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീമതി കെ. ജലീം നിസ, സെക്രട്ടറി, രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി
4. ശ്രീമതി എൻ. ബി. കോമളവല്ലിയമ്മ, അഡീഷണൽ സെക്രട്ടറി, സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
6. ശ്രീ. എൻ. കെ. ശിവദാസൻ, ജോയിന്റ് ഐ.ജി. ഓഫ് രജിസ്ട്രേഷൻ
7. ശ്രീ. കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
8. ശ്രീ. ജോർജ് ജോസഫ്, ഫിനാൻസ് ഓഫീസർ, രജിസ്ട്രേഷൻ ഐ.ജി. ഓഫീസ്, തിരുവനന്തപുരം.

സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012–2013)

(ഫയൽ നമ്പർ 3077/സബ്.സി.ഇ2/2013/ലെജി.)

ഖണ്ഡിക നമ്പർ 1, 2

(റഫറൻസ് നമ്പർ 13255/ബി2/2013/നി.വ തീയതി 5–6–2013)

ഖണ്ഡിക നമ്പർ 3

(റഫറൻസ് നമ്പർ 5272/എ3/2012/ഊ.വ തീയതി 14–6–2013)

ഖണ്ഡിക നമ്പർ 4, 5, 6, 7

(റഫറൻസ് നമ്പർ 15421/ഇ3/2012/ടി.ഡി. തീയതി 5–6–2013)

ഖണ്ഡിക നമ്പർ 13

(റഫറൻസ് നമ്പർ 56428/എസ്റ്റാ.സി3/12/ധന. തീയതി 25–5–2013)

ഖണ്ഡിക നമ്പർ 16, 17, 18

(റഫറൻസ് നമ്പർ 15371/എച്ച്.1/2012/നി.വ തീയതി. 5–6–2013)

ഖണ്ഡിക നമ്പർ 19, 20

(റഫറൻസ് നമ്പർ 2828/എ1/2012/കായു.വ തീയതി 31–5–2013)

തുടർന്ന്, സമിതി 2012–2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കു ശേഷം 12.45–ന് യോഗം പിരിഞ്ഞു.

## 24-9-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2013 സെപ്റ്റംബർ 24–ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു തദവസരത്തിൽ സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
3. ശ്രീ. വി. ഡി സതീശൻ, എം.എൽ.എ.
4. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.
5. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. എസ്. അനസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
3. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. എസ്. ജഗന്നാഥൻ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
6. ഡോ. എം. ബീന, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം.)
7. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ട്രഷറി വകുപ്പ്
8. ശ്രീമതി അരുണ ഗിരീശ്വര അയ്യർ, ഡയറക്ടർ(ഫിനാൻസ്), എൻ.ആർ.എച്ച്.എം.
9. ശ്രീ. എൻ. കെ. ശിവദാസൻ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ
10. ഡോ. ജോസ് ജേക്കബ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ.

I. **സമിതി താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതികളില്ലാതെ അംഗീകരിച്ചു:**

ദി കേരള ട്രഷറി(അമെന്റ്മെന്റ്) റൂൾസ്, 2013.

(ഫയൽ നമ്പർ 3460/സബ്.സി.ഇ2/2013/ലെജി.)

(റഫറൻസ് നമ്പർ 3268/എസ്.എൽ.1/10/ഫിൻ. തീയതി 16-7-2013).

II. **സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയിരുന്ന താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അഭാവത്തിൽ മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു:**

1. 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 293/2013)
2. 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി (എസ്.ആർ.ഒ. നമ്പർ 294/2013)

(ഫയൽ നമ്പർ 881/സബ്.സി.ഇ2/2013/ലെജി.)

(ഫയൽ നമ്പർ 1399/ഇ3/2011/നി.വ. തീയതി 7-6-2013).

III. **ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ഇടക്കാല മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-2014)

(ഫയൽ നമ്പർ 2657/സബ്.സി.ഇ2/2013/ലെജി.)

(റഫറൻസ് നമ്പർ 60684/എസ്റ്റാ.സി.3/ധന. തീയതി 26-7-2013)

ഖണ്ഡിക നമ്പർ 10

IV. **സംസ്ഥാനത്തെ സ്വർണ്ണവ്യാപാര മേഖലയിലെ നികുതിഘടന പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് നികുതിവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി ചർച്ച ചെയ്തു:**

സ്വർണ്ണത്തിൽ നിന്നുമുള്ള മൊത്തം നികുതി വരുമാനത്തിന്റ 68%-വും കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള വ്യാപാരികളിൽ നിന്നുമാണ് ലഭിക്കുന്നതെന്നും സ്വർണ്ണവ്യാപാരികളുടെ എണ്ണത്തിൽ ഭൂരിഭാഗവും കോമ്പൗണ്ടിംഗ് വിഭാഗത്തിലുള്ള വ്യാപാരികളാണെന്നും, കോമ്പൗണ്ടിംഗ് സിസ്റ്റം അനുസരിച്ച് നികുതി കണക്കാക്കുന്നത് വിറ്റുവരവ് അടിസ്ഥാനമാക്കി മാത്രമല്ലെന്നും കഴിഞ്ഞവർഷം ഈ സമ്പ്രദായമനുസരിച്ച് അടച്ച നികുതിയുടെ അടിസ്ഥാനത്തിൽ കൂടിയാണെന്നും ആയതിനാൽ മറ്റുൽപ്പന്നങ്ങൾക്കുണ്ടാകുന്ന ടേൺ ഓവർ വർദ്ധനവും അതുമൂലം ലഭിക്കുന്ന നികുതി വർദ്ധനവും സ്വർണ്ണത്തിന്റെ കാര്യത്തിൽ ബന്ധപ്പെടുത്താവുന്നതല്ലെന്നും നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മറ്റ് ഉൽപ്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്വർണ്ണത്തിന് വർഷങ്ങൾ കഴിയുന്തോറും സ്വാഭാവികമായി ഉണ്ടാകേണ്ട നികുതി വർദ്ധനവ് ഉണ്ടാകുന്നില്ലെന്നും, സ്വർണ്ണത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചിട്ടും ഗവൺമെന്റിന് നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ ഇപ്പോൾ തുടർന്നുവരുന്ന സമ്പ്രദായം ഈ സാഹചര്യത്തിന് യോജിച്ചതാണോ എന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കഴിഞ്ഞ നാല് വർഷംകൊണ്ട് സ്വർണ്ണത്തിന്റെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവിന്റെ ശരാശരി 23.79% ആണെന്നും നികുതി വരുമാനം 24% കൂടിയിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നതെന്നും മറ്റുൽപ്പന്നങ്ങളിൽ നിന്നും വ്യത്യസ്തമായി വില വർദ്ധിക്കുന്നതനുസരിച്ച് സ്വർണ്ണത്തിന്റെ പർച്ചേസ് അഡ്ജസ്റ്റ് ചെയ്യപ്പെടുകയാണെന്നും, നാല് വർഷമായി കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ തുടരുന്ന വ്യാപാരികൾ അതിൽനിന്നും പിൻമാറുന്ന പ്രവണതയാണ് ഈ വർഷം കാണുന്നതെന്നും ജി.ഐ.എഫ്.ടി. ഡയറക്ടർ സമിതിയെ അറിയിച്ചു.

ഏതെങ്കിലും വ്യാപാരി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നിന്ന് പിന്മാറിയോ എന്ന് സമിതി ആരാഞ്ഞതിന് ആരും പിന്മാറിയിട്ടില്ലെന്നും ഇപ്പോൾ കൂടുതലായി വ്യാപാരികൾ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് വരുന്നില്ലെന്നും ആകെയുള്ള 5500 വ്യാപാരികളിൽ 54%-ത്തോളംപേർ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലുള്ളവരാണെന്നും നികുതിവകുപ്പ് സെക്രട്ടറി മറുപടി നൽകി.

ആകെയുള്ള സ്വർണ്ണവ്യാപാരികളിൽ 80%-ഉം പത്ത് ലക്ഷത്തിൽ താഴെ വിറ്റുവരവുള്ളവരാണെന്നും അവർക്ക് 10,000 രൂപ നികുതിയായി നൽകിയാൽമതി എന്നൊരു വ്യവസ്ഥ വയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ജി.ഐ.എഫ്.ടി. ഡയറക്ടർ അറിയിച്ചു. തുടർന്ന് കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് പുതുതായിവരുന്ന വ്യാപാരികൾക്ക് ഒരുതരത്തിലുള്ള നികുതിയിളവും വകുപ്പിന്റെ നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടില്ല എന്ന് സമിതി വിലയിരുത്തി.

സ്വർണ്ണത്തിന്റെ നികുതി 4%-ൽ നിന്നും 5% ആയി വർദ്ധിപ്പിച്ചപ്പോൾ കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ തുടരുന്ന വ്യാപാരികളുടെ നികുതിനിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല എന്നും ആദ്യമായി കോമ്പൗണ്ടിംഗിൽ വരുന്നവർ കൂടുതൽ പർച്ചേസ് നടത്തിയാൽ പർച്ചേസ് ടാക്സിന് റിബേറ്റ് കൊടുക്കുകയും അവരുടെ പേയബിൾ ടാക്സിൽ നിന്നും അത് കുറയ്ക്കുകയും ചെയ്യുമെന്നും ആയതിനാൽ പുതിയതായി വരുന്നവർക്ക് ഏർപ്പെടുത്തിയ നികുതിനിരക്ക് 150%-ൽ നിന്നും ഇളവ് നൽകേണ്ടെന്നുമാണ് വകുപ്പിന്റെ അഭിപ്രായമെന്നും നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിലവിലുള്ള വ്യാപാരികൾ പുതിയ ബ്രാഞ്ചുകൾ ഇടയ്ക്കുവച്ച് തുടങ്ങുമ്പോൾ ഏത് നിരക്കിലാണ് നികുതി നൽകേണ്ടതെന്ന് സമിതി ആരാഞ്ഞതിന് പ്രിൻസിപ്പൽ ഫേസ് ഓഫ് ബിസിനസ്സിന്റെ നിശ്ചിത ശതമാനം നികുതിയായി അടയ്ക്കണമെന്ന് നികുതിവകുപ്പ് സെക്രട്ടറി മറുപടി നൽകി.

കേരളത്തിലെ പ്രമുഖരായ പല സ്വർണ്ണവ്യാപാരികളും അവരുടെ പുതിയ ബ്രാഞ്ച് അന്യസംസ്ഥാനങ്ങളിൽ തുടങ്ങുന്നതിന് എന്തെങ്കിലും കാരണമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മറ്റ് സംസ്ഥാനങ്ങളിൽ 1% നികുതി ഈടാക്കുമ്പോൾ കേരളത്തിൽ 5% നികുതി ഈടാക്കുന്നതാണ് കാരണമെന്ന് നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കേരളത്തിൽ സ്വർണ്ണവ്യാപാരം നിലനിർത്തുന്നതിനാവശ്യമായ തന്ത്രം ഏർപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

5% നികുതിനിരക്ക് ഏർപ്പെടുത്തിയിരിക്കുന്നത് കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയാണെന്നും, പുതിയതായി കോമ്പൗണ്ട് ചെയ്യുന്നവർക്ക് ഇപ്പോൾ നിലവിലുള്ള നിരക്കിൽ നികുതി നിശ്ചയിക്കാമെന്നും അത് പരിഷ്കരിക്കുന്നതിന് മുമ്പ് ഒരു പഠനം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം ആരംഭിച്ചതിനുശേഷം നോൺ-കോമ്പൗണ്ടിംഗിലുള്ള വ്യാപാരികളുടെ ടേൺ ഓവർ വർദ്ധിച്ചിട്ടില്ല എങ്കിൽ അവർ വിൽപ്പന മറച്ചുവച്ചുകൊണ്ട് നികുതി അടയ്ക്കുന്നതുകൊണ്ടാണെന്നും അത് ഗവൺമെന്റിന് നഷ്ടമാണെന്നും സമിതി വിലയിരുത്തി. പുതുതായി തുടങ്ങുന്ന ശാഖകൾക്ക് നികുതി 130% ആയി കുറച്ചില്ലെങ്കിൽ 150% നികുതി താങ്ങാനാവാത്തതുമൂലം അവയെല്ലാം പ്രത്യേകം കടകളായി മാറുമെന്നും അത് നോൺ-കോമ്പൗണ്ടിംഗ് സിസ്റ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമായിരിക്കുമെന്നും നികുതിവകുപ്പ് ഈ പ്രശ്നത്തിന് പോംവഴി കണ്ടെത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. 25% വർദ്ധനവ് എന്ന പൊതുവ്യവസ്ഥയിൽ 5 കൊല്ലം, 3 കൊല്ലം തുടർച്ചയായി കോമ്പൗണ്ടിംഗ് ചെയ്യുന്ന വ്യാപാരികൾക്ക് ബാർ ഹോട്ടലുകളുടേതിന് സമാനമായി സ്ലാബ് സിസ്റ്റം കൊണ്ടുവന്ന് ഒരു കുറഞ്ഞ ശതമാനം നിശ്ചയിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇഫക്ടീവ് റേറ്റ് 1% ആയതിനാൽ ആ നിരക്കിൽ മാത്രമേ നികുതി പിരിക്കാൻ അവകാശമുള്ളൂ എന്ന് 2006-ൽ തീരുമാനിച്ചിട്ടും 1%-ൽ കൂടുതൽ നികുതി പിരിക്കുന്നതായി ഓഡിറ്റ് ഒബ്ജക്ഷൻ രേഖപ്പെടുത്തിയതായും സമിതി വിലയിരുത്തി. ആയതിനാൽ 5% നിരക്കിൽ നികുതിപിരിക്കാൻ വ്യാപാരികൾക്ക് അവകാശമുണ്ടോ എന്നും സമിതി ആരാഞ്ഞു. 1.25% വച്ചുമാത്രമേ പിരിക്കാൻ പാടുള്ളൂ എന്ന് കഴിഞ്ഞവർഷം വ്യക്തമായ നിർദ്ദേശം നൽകിയതായും, ഫിനാൻഷ്യൽ കോഡിൽ ആയത് വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു. തുടർന്ന് 1.25% നിരക്കിലാണ് നികുതി ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താൻ സമിതി നിർദ്ദേശിച്ചു.

കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്ത വ്യാപാരികളുടെ സെയിൽസും ഇൻവെന്ററിയും ഓൺലൈനായി വകുപ്പിന് പരിശോധിക്കാൻ കഴിയുന്ന ഒരു സംവിധാനം ഏർപ്പെടുത്തിയാൽ കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് ജി.ഐ.എഫ്.ടി. ഡയറക്ടർ അഭിപ്രായപ്പെട്ടു.

പുതിയ ഫോർമുല നിലവിൽ വന്നുകഴിഞ്ഞാൽ കോമ്പൗണ്ടിംഗിൽ നിന്നുള്ള നികുതിപിരിവ് എത്ര കോടി കുറയും എന്ന് സമിതി ആരാഞ്ഞതിന്, കഴിഞ്ഞ വർഷത്തെ ടേൺ ഓവറിൽ നിന്നും 20% വളർച്ചയുണ്ടാകുമെന്ന കണക്കിൽ പരിശോധിച്ചുകഴിഞ്ഞാൽ ഏകദേശം 2.9 കോടി രൂപയുടെ കുറവ് വരുമെന്ന് നികുതിവകുപ്പ് സെക്രട്ടറി മറുപടി നൽകി.

പുതിയ ബ്രാഞ്ചുകളുടെ കാര്യത്തിൽ വ്യക്തമായ ഒരു സമവാക്യം തയ്യാറാക്കിയില്ലെങ്കിൽ പ്രധാന ശാഖയുടെ നിരക്കിൽത്തന്നെ പുതിയ ശാഖകൾക്കും കോമ്പൗണ്ട് ചെയ്യേണ്ടിവരുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പുതിയതായി ആരംഭിക്കുന്ന ബ്രാഞ്ചുകളിൽ സ്റ്റോക്ക് പരിശോധന (Random Checking) നടത്തണമെന്നും പ്രധാന ശാഖയിൽ നിന്നും താഴ്ന്ന നിരക്കിൽ കോമ്പൗണ്ട് ചെയ്യുന്നതിനുള്ള മാർഗ്ഗം സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ താഴെപ്പറയുന്ന ഫയലുകളിന്മേൽ സമിതി ചർച്ച നടത്തുകയും അതാതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു:

1. മദ്യപാനംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട പഠനറിപ്പോർട്ട് ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കാത്തതിന്റെ തുടർനടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 14544/സബ്.സി.ഇ2/1994/ലെജി.)

1994-ലെ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിക്കപ്പെട്ട വിഷയമാണെന്നും, ഇതുവരെയും തുടർനടപടികൾ അവസാനിപ്പിക്കാൻ കഴിയാത്തതിനാലാണ് സാമൂഹ്യ നീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും, ആരോഗ്യം, നികുതി എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിക്കാൻ കഴിഞ്ഞ യോഗത്തിൽ തീരുമാനിച്ചതെന്നും സമിതി വിലയിരുത്തി. സമിതി രൂപീകരിച്ചെങ്കിലും ഇതുവരെ യോഗംചേരാൻ സാധിച്ചിട്ടില്ലെന്ന് നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു. നികുതിവകുപ്പ് മുൻകൈയെടുത്ത് പ്രസ്തുത യോഗം വിളിച്ചുചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

മദ്യപാനംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മദ്യവിൽപ്പനയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഏകദേശം 20%-ത്തോളം ഇതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്കുവേണ്ടി ചെലവാക്കുന്നുവെന്ന് 1977-ലെ ഒരു പഠനറിപ്പോർട്ടിൽ പറയുന്നതായി ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ടെന്ന് നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

അന്നത്തെ റിപ്പോർട്ട് കാലഹരണപ്പെട്ടതായതിനാൽ അത് ആധാരമാക്കി പഠനം നടത്താൻ സാധിക്കുകയില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. മൂന്ന് മാസത്തിനുള്ളിൽ ഇതു സംബന്ധിച്ച ആദ്യ റിപ്പോർട്ട് അച്യുതമേനോൻ സെന്റർ, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ്, സി.ഡി.എസ്. എന്നിവയിൽ ഏതെങ്കിലും ഏജൻസികളെ കൊണ്ട് നടത്തിക്കുവാനും സമിതി മുൻപാകെ ലഭ്യമാക്കുവാനുമുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു. അപ്രകാരം പുറമെയുള്ള ഏജൻസികളെ കൊണ്ട് പഠനം നടത്തണമെങ്കിൽ അതിനുള്ള ആതറൈസേഷൻ നൽകണമെന്നും സമിതി നികുതിവകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

2. മദ്യാസക്തിക്കെതിരായ പ്രചരണം—തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 16251/സബ്.സി.ഇ2/2009/ലെജി.)

ലഹരി ബോധവൽക്കരണത്തിന് നാഷണൽ സേവിംഗ്സ് ഓർഗനൈസേഷന് കോളേജുകളിലും സ്കൂളുകളിലും മദ്യവിരുദ്ധ ക്ലബുകൾ തുടങ്ങുന്നതിനും, മറ്റ് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക തുക അനുവദിക്കണമെന്ന് നികുതി വകുപ്പുസെക്രട്ടറി അഭ്യർത്ഥിച്ചു. അതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതനുസരിച്ച് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

മദ്യാസക്തിക്കെതിരെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകിയവരെ ഉൾപ്പെടുത്തി 2013 ഒക്ടോബർ മാസം 22-ാം തീയതി തിരുവനന്തപുരത്ത് വച്ച് യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു.

3. ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച കരട് റിപ്പോർട്ട്

(ഫയൽ നമ്പർ 17453/സബ്.സി.ഇ2/2008/ലെജി.)

കരട് റിപ്പോർട്ട് വകുപ്പിന് ലഭ്യമാക്കി വകുപ്പിന്റെ അഭിപ്രായംകൂടി ലഭ്യമായതിന് ശേഷം പരിഗണിക്കാൻ സമിതി തീരുമാനിച്ചു.

കാസർഗോഡ് ബങ്കര-മഞ്ചേശ്വരം ചെക്ക് പോസ്റ്റിലെ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് സമിതി ആരാഞ്ഞു. ബങ്കരയിൽ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും, ചെക്ക്പോസ്റ്റ് നിർമ്മാണത്തിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിലൂടെയാണ് നാഷണൽ ഹൈവേ പുതിയ പാതയുടെ ലേ ഔട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ആയത് മാറ്റുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുമായി ചർച്ച നടത്തിയെങ്കിലും അതിന് കഴിയുകയില്ലെന്ന് അറിയിച്ചതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റിന് അവിടെ തുടർന്ന് പ്രവർത്തിക്കാൻ കഴിയില്ലെന്നും, ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് എടുത്തിട്ടുള്ള സ്ഥലം നാഷണൽ ഹൈവേ അതോറിറ്റിയുടെ അക്വിസിഷനിലൂടെ നഷ്ടപ്പെടുമെന്നും, ആയതിനാൽ കളക്ടറുമായി ബന്ധപ്പെട്ട് ഇന്റഗ്രേറ്റഡ്

ചെക്ക്പോസ്റ്റിന് ഒരു പുതിയ ലേഔട്ട് തയ്യാറാക്കേണ്ടി വരുമെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ വാളയാർ ചെക്ക്പോസ്റ്റ് നവീകരണത്തിന് വേണ്ടി ഏറ്റെടുത്ത 29 ഏക്കർ സ്ഥലത്തെ 4 ഏക്കറോളം വിസ്തൃതിയുള്ള കുളത്തിന്റെ ഉടമസ്ഥർ ഹൈക്കോടതിയിൽ നൽകിയ സ്റ്റേ വെക്കേറ്റ് ചെയ്തു കിട്ടിയാൽ ചെക്ക്പോസ്റ്റ് നവീകരണം ആരംഭിക്കുമെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത്തരം കേസുകളിൽ കോടതിക്ക് പുറത്ത് സെറ്റിൽമെന്റ് നടത്താൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി ചെയർമാൻ നികുതി വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

കരട് റിപ്പോർട്ടിലെ ഖണ്ഡിക 111 പരിഗണിക്കവേ ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ വളരെ പരിമിതമായ സൗകര്യങ്ങളാണ് ഇപ്പോഴുളളതെന്ന് അഭിപ്രായപ്പെട്ട സമിതി, ജീവനക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതുൾപ്പെടെ യുളള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടുണ്ടോയെന്ന് ആരാഞ്ഞു. ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റ് സ്ഥിതി ചെയ്യുന്നത് വനം വകുപ്പിന്റെ സ്ഥലത്തായതിനാൽ വനം വകുപ്പിൽ നിന്നും സ്ഥലം ലഭ്യമായാൽ മാത്രമേ അവിടെ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുകയുള്ളൂ എന്നും ആര്യങ്കാവിൽ എക്സൈസ് വകുപ്പിന് സ്വന്തമായുളള 1.8 ഏക്കർ സ്ഥലത്ത് തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വനം വകുപ്പ് സെക്രട്ടറിയുമായും റവന്യൂ വകുപ്പ് സെക്രട്ടറിയുമായും ഒരു മീറ്റിംഗ് നടത്തി സ്ഥലം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നികുതി വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു. കരട് റിപ്പോർട്ടിലെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട 111, 115 എന്നീ ഖണ്ഡികകൾ സമിതി അംഗീകരിച്ചു.

4. ആയുർവേദ മരുന്നുകളുടെ നികുതി മാറ്റം സംബന്ധിച്ച നിയമ ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 4245/സബ്.സി.ഇ2/2013/ലെജി.)

(റഫ. നമ്പർ 10457/ബി.3/2012/നി.വ. തീയതി 7-9-2013, 12-9-2013)

സൗന്ദര്യവർദ്ധക വസ്തുക്കളെ മരുന്നായി ഭാവിയിൽ കരുതാനാകുമോ എന്നും, ഇല്ലെങ്കിൽ മുൻകാല പ്രാബല്യത്തിൽ എന്തെങ്കിലും ഇളവ് കൊടുക്കുമോ എന്നും സമിതി ആരാഞ്ഞതിന്, 12-11-2009-ൽ പുറപ്പെടുവിച്ച സർക്കുലർ മുഖാന്തിരം 12-11-2009 മുതൽ 31-3-2012 വരെ 12.5% നിരക്കിൽ നികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും, കമ്പനി ഉടമകൾ ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും കേസുകൾ ഫയൽ ചെയ്തെങ്കിലും കോടതികൾ ഗവൺമെന്റിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചതെന്നും, ആയതിനാൽ ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് ഗവൺമെന്റിന് 12.5% നിരക്കിൽ നികുതി ഈടാക്കാമെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ആയുർവേദ മേഖലയെ വളർത്തേണ്ടത് കേരളത്തിന്റെ മൊത്തം ആവശ്യമാണെന്നും കമ്പനികൾ പിരിയ്ക്കാത്ത നികുതി

അടയ്ക്കണമെന്ന് പറയുന്നത് യുക്തിയ്ക്ക് നിരക്കുന്നതല്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായി പരിശോധിച്ച് വ്യക്തമായ ഒരു റിപ്പോർട്ട് തയ്യാറാക്കി അടുത്ത സമിതി യോഗത്തിൽ സമർപ്പിക്കണമെന്ന് നികുതി വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ച സമിതി അതിനുശേഷം ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാമെന്ന് തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കു ശേഷം 12.30-ന് പിരിഞ്ഞു.

## 22-10-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2013 ഒക്ടോബർ 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.
3. ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. എസ്. അനസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ പൊതുജനങ്ങൾ/മദ്യ/ലഹരിവിരുദ്ധ പ്രവർത്തകർ :

1. ശ്രീ. എസ്. വിജയകുമാർ, കുന്നുകുഴി
2. ശ്രീ. എസ്. എ. വഹാബ്, നല്ലില, കൊല്ലം
3. ശ്രീ. കാട്ടാമ്പള്ളി നിഷ്കളൻ, കടയ്ക്കൽ
4. ശ്രീ. ജെ. രാജേന്ദ്രകുമാർ, കമലേശ്വരം

5. ശ്രീ. കെ. ജി. സുരേന്ദ്രൻ, വൈസ് പ്രസിഡന്റ്, ഓൾ കേരള സിനിമ-സിരിയൽ ആർട്ടിസ്റ്റ്സ് അസോസിയേഷൻ

6. ശ്രീ. എസ്. ഗംഗാധരൻ, കൊല്ലം

7. ശ്രീ. സുമേഷ് എം, ചടയമംഗലം

8. ശ്രീ. ഡി. ശിശുപാലൻ, കേരള സ്റ്റേറ്റ് എംബ്രോയിഡറി വർക്കേഴ്സ് യൂണിയൻ, തിരുവനന്തപുരം.

മദ്യ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി മുമ്പാകെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചവരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

മദ്യാസക്തിക്കെതിരെ വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികളെ സംബന്ധിച്ച് പൊതുജനങ്ങൾ, മദ്യ/ലഹരിവിരുദ്ധപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും, എക്സൈസ് വകുപ്പ് നേരിട്ട് നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് യോഗം ചേരുന്നതെന്ന് യോഗാദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു. സമിതി നൽകിയ പത്രക്കുറിപ്പിനെ തുടർന്ന് 24 വ്യക്തികൾ സമിതി മുൻപാകെ അഭിപ്രായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും, ഹാജരായിട്ടുള്ള പ്രവർത്തകർ അധിക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചുരുക്കിപ്പറയണമെന്നും പ്രസ്തുത നിർദ്ദേശങ്ങളിൽ പ്രായോഗികമായിട്ടുള്ളവ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണെന്നും ചെയർമാൻ അറിയിച്ചു. തുടർന്ന് തെളിവെടുപ്പിനായി എത്തിയവരെ ചെയർമാൻ യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

ടെലിഫിലിം അസോസിയേറ്റ് ഡയറക്ടറായ ശ്രീ. ജെ. രാജേന്ദ്രകുമാർ സമിതി മുൻപാകെ അധികനിർദ്ദേശങ്ങൾ ബോധിപ്പിച്ചു. ആൾ കേരള സിനിമ-സീരിൽ ആർട്ടിസ്റ്റ് അസോസിയേഷൻ അമിത മദ്യപാനത്തിനെതിരെ കേരള സമൂഹത്തിന് ഒരു അവബോധം നൽകുന്നതിനായി നിർമ്മിച്ച 27 മിനിട്ട് ദൈർഘ്യമുള്ള 'ഉന്മാദം' എന്ന ടെലിഫിലിം സർക്കാർ തലത്തിൽ ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്തുടനീളം മദ്യവിരുദ്ധ സന്ദേശം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതിയോട് അഭ്യർത്ഥിച്ചു. മദ്യാസക്തിക്കെതിരായുള്ള പരസ്യങ്ങൾ പത്രങ്ങളിലും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലും കൂടുതൽ വിപുലമാക്കി ശക്തമായ രീതിയിൽ പ്രചരണപരിപാടികൾ ജനങ്ങളിൽ എത്തിക്കേണ്ടതാണെന്ന അഭിപ്രായം സമിതിയെ അറിയിച്ചു.

തുടർന്ന്, ശ്രീ കാട്ടാമ്പള്ളി നിഷ്കളൻ സമിതി മുമ്പാകെ അഭിപ്രായങ്ങൾ ബോധിപ്പിച്ചു. മദ്യപാനം നിർത്തലാക്കാതെ മദ്യത്തിന്റെ ലഭ്യതാനിയന്ത്രണത്തിലൂടെ മദ്യാസക്തി നിയന്ത്രിക്കുകയാണ് വേണ്ടതെന്നും, ഒരാൾക്ക് ഒന്നാം തീയതി ഒഴികെ മാസത്തിലെ എല്ലാ ദിവസങ്ങളിലും പല ബിവറേജസ് കോർപ്പറേഷനുകളിൽ നിന്നും എത്ര മദ്യവും വാങ്ങാൻ സാധിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നും പ്രതിരോധ പെൻഷൻകാർക്ക് സംസ്ഥാന ഗവൺമെന്റ് മദ്യം വിൽക്കേണ്ടതില്ലെന്നും മദ്യപാനം ആഗ്രഹിക്കുന്ന 21 വയസ്സ് തികഞ്ഞവരിൽ നിന്നും തിരിച്ചറിയൽ രേഖപ്രകാരം ലിക്വർ പെർമിറ്റ് കാർഡ് സമ്പ്രദായം തദ്ദേശസ്ഥാപനങ്ങൾ, മാവേലി/റേഷൻ കടകൾ മുഖാന്തിരം വിതരണം ചെയ്യണമെന്നും അന്യസംസ്ഥാനക്കാർക്കും കാർഡ് ഏർപ്പെടുത്തണമെന്നും, വിതരണത്തിലും സ്റ്റോക്കിംഗിലും ശക്തമായ ആഡിറ്റിംഗും ഏർപ്പെടുത്തണമെന്നും സമിതിയെ അറിയിച്ചു.

വിവാഹം, ഉത്സവം മുതലായ ആഘോഷങ്ങളിലെ സമൂഹ മദ്യപാനം, പൊതുസ്ഥലത്തെ മദ്യപാനം, പകൽ മദ്യപാനം, പന്തയം വച്ചുള്ള മദ്യപാനം എന്നിവ കർശനമായി നിയന്ത്രിക്കണമെന്നും നിത്യോപയോഗസാധനങ്ങൾ, റേഷൻ സാധനങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഒരു കാർഡോ, രേഖയോ ഇല്ലാതെ ലഭിക്കാത്ത കേരളത്തിൽ മദ്യം മാത്രം കാർഡില്ലാതെ എല്ലാ ദിവസവും എത്ര അളവിലും നൽകുന്നത്മൂലം ആഹാര സാധനങ്ങളെക്കാൾ നിത്യോപയോഗ വസ്തു മദ്യമായിത്തീരുന്ന അവസ്ഥ സംജാതമാകുമെന്നും നിശ്ചിത അളവിൽ നിശ്ചിത സമയത്ത് മദ്യം ലഭ്യമാക്കുന്നതുവഴി മദ്യാസക്തി നിയന്ത്രിതമാകുമെന്നും ഈ രീതിയിലുള്ള നിയന്ത്രണത്തിന് സർക്കാർ പ്രോൽസാഹനം നൽകണമെന്നും സമിതിയെ ബോധിപ്പിച്ചു.

കൂടാതെ മദ്യാസക്തി നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ മാത്രമല്ല, സ്വകാര്യ സംഘടനകളും രാഷ്ട്രീയഭേദമന്യേ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കേണ്ട തുണ്ടെന്നും ശ്രീനാരായണ ഗുരു ജയന്തി ദിനത്തിൽ സർക്കാർ തലത്തിൽ മദ്യവിമോചന ഘോഷയാത്രകൾ സംഘടിപ്പിക്കണമെന്നും, മദ്യവിമുക്തസംഘടനകൾ വാർഡ് തലം മുതൽ രൂപീകരിക്കണമെന്നും ചില ക്രിസ്ത്യൻ വിഭാഗങ്ങൾ മദ്യത്തിനെതിരെ നടത്തുന്ന പ്രചരണത്തെ പ്രോൽസാഹിപ്പിക്കണമെന്നും, സിനിമയിലേയും സീരിയലിലേയും മദ്യപാനരംഗങ്ങൾ ഒഴിവാക്കേണ്ടതാണെന്നും സാംസ്കാരിക സംഘടനകൾ, വായനശാലകൾ, വിദ്യാലയങ്ങൾ, ക്ലബുകൾ എന്നിവയുടെ വാർഷിക പരിപാടിയിലെ ഒരു ഇനം മദ്യാസക്തിക്കെതിരെയുള്ള സെമിനാർ ആക്കണമെന്നും അദ്ദേഹം തുടർന്ന് അഭിപ്രായപ്പെടുകയും ചടയമംഗലം നിയോജകമണ്ഡലത്തിലെ 'ഇട്ടിവ' പഞ്ചായത്ത് മദ്യ വിമുക്തമാക്കുവാൻ ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ.എ വിവിധ പരിപാടികളോടെ യത്നിച്ച് വരുന്നത് മറ്റ് മണ്ഡലങ്ങൾക്കും മാതൃ കയാക്കാമെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

തുടർന്ന്, ശ്രീ. എസ്. എ. വഹാബ്, നല്ലില സമിതി മുൻപാകെ അഭിപ്രായങ്ങൾ ബോധിപ്പിച്ചു. സാക്ഷരതാ പ്രസ്ഥാനം നടപ്പിലാക്കി വിജയിപ്പിച്ച മാതൃകയിൽ മദ്യാസക്തിക്കെതിരെയുള്ള പ്രചരണം നടത്തുന്നത് ഉചിതമായിരിക്കുമെന്നും ഓരോ പഞ്ചായത്തിലും പഞ്ചായത്ത്തല കമ്മിറ്റികൾ രൂപീകരിച്ച് ആ കമ്മിറ്റി ഗ്രാമങ്ങളിലേക്ക് ചെന്ന് മദ്യപിക്കുന്നവരെ സംഘടിപ്പിച്ച് മദ്യപാനംമൂലമുണ്ടാകുന്ന വിപത്തുകൾ പറഞ്ഞ് ബോധ്യപ്പെടുത്തണമെന്നും, മദ്യാസക്തിക്കെതിരെയുള്ള ലഘുലേഖകൾ ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ എന്നിവർ മുഖേന വീടുകളിൽ വിതരണം ചെയ്യുന്നതും, സ്കൂൾ/കോളേജ് തലത്തിൽ ബോധവൽക്കരണം നടത്തുന്നതും മദ്യപാനത്തിലൂടെ ശരീരത്തിനും സമൂഹത്തിനും ഉണ്ടാകുന്ന വിപത്തുകൾ പരസ്യങ്ങളായി സീരിയൽ സമയത്ത് ചാനലുകൾ മുഖേന സംപ്രേഷണം ചെയ്യുന്നതും മദ്യത്തിന്റെ ഉപഭോഗത്തെ ഗണ്യമായി കുറയ്ക്കുമെന്നും മദ്യവിപത്തിനെതിരെ വിവിധ തലത്തിൽ കൂട്ടായ്മ ഉണ്ടാക്കണമെന്നും അറിയിച്ചു. പ്രത്യേക പ്രദേശങ്ങളോ കോളനികളോ കേന്ദ്രീകരിച്ചാണ് മദ്യപാനം നടക്കുന്ന തെന്നും കവലകളിൽ കൂട്ടംകൂടി നിന്ന് കടകളുടെ മറവിൽ മദ്യപിക്കുന്നത് സ്ഥിരം കാഴ്ചയാണെന്നും ഇത്തരം സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പല വകുപ്പുകൾ ചേർന്ന് പ്രചരണം നടത്തിയാൽ ഈ പ്രവണത കുറയ്ക്കുവാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന്, കേരള സ്റ്റേറ്റ് എംബ്രോയിഡറി വർക്കേഴ്സ് യൂണിയൻ പ്രതിനിധിയായ ശ്രീ. ശിശുപാലൻ സമിതി മുൻപാകെ അഭിപ്രായങ്ങൾ സമർപ്പിച്ചു. മദ്യാസക്തിക്കെതിരായി സംഘടിപ്പിക്കുന്ന ജാഥകളും സെമിനാറുകളും വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്നും, മദ്യപാനവും അക്രമങ്ങളും അസാന്മാർഗ്ഗിക പ്രവണതകളും മാറ്റിയെടുത്തെങ്കിൽ മാത്രമേ ജീവിതനിലവാരം ഉയർത്തിയെടുക്കാൻ സാധിക്കുകയുള്ളു എന്നും ആയതിനാൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികളും പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളുംവഴി നടപ്പിലാക്കണ മെന്നും സിനിമ-സീരിയലുകളിലെ മദ്യപാന രംഗങ്ങൾ ഒഴിവാക്കണമെന്നും, സ്കൂൾ-കോളേജ് തലങ്ങളിൽ സെമിനാറുകൾ, ചർച്ചകൾ, പ്രസംഗമത്സരങ്ങൾ എന്നിവ സംഘടിപ്പിച്ച് മദ്യത്തിനെതിരായി ബോധവൽക്കരണം നടത്തണമെന്നും. മദ്യാസക്തിക്കെതിരെ എന്തൊക്കെ ചെയ്യാൻ സാധിക്കും, അതിനുള്ള നിർദ്ദേശങ്ങൾ, അതിനെതിരായി പ്രവർത്തിക്കുന്നവരുടെ പേരുകൾ എന്നിവ അക്കാദമി പരീക്ഷകളിലും, പി.എസ്.സി പരീക്ഷകളിലും ഉൾപ്പെടുത്തണമെന്നും ചാരിറ്റബിൾ ട്രസ്റ്റുകളിൽ വോളന്റിയർമാരായി പ്രവർത്തിക്കുന്ന വ്യക്തികൾക്ക് സാമ്പത്തിക സഹായം അനുവദിച്ചും അവരെ പങ്കെടുപ്പിച്ച് സെമിനാറുകളും ചർച്ചകളും നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും നാട്ടുകാർ ബഹുമാനിക്കുന്ന ഡോക്ടർമാർ, മറ്റ് വിശിഷ്ട വ്യക്തികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് സ്വകാര്യമായും വേദിയിൽ വിളിച്ചിരുത്തിയും ക്രിയാത്മകമായ ചർച്ചകളിലൂടെ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ മദ്യപാനികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് ഉചിതമായിരിക്കുമെന്നും ഓരോ വർഷത്തിലും മദ്യം നിരോധിച്ച ഗ്രാമങ്ങൾ എത്ര, എത്രപേരെ മദ്യപാനത്തിൽ

നിന്നും പിന്തിരിപ്പിക്കാൻ സാധിച്ചു എന്നത് സംബന്ധിച്ച സെൻസസ് എടുത്ത് ശരിയായ അവലോകനം നടത്തുന്നതു വഴിയുള്ള ക്രിയാത്മക പ്രവർത്തന രീതി മുഖേന മദ്യപാനംമൂലമുണ്ടാകുന്ന വൻദുരന്തത്തിൽ നിന്നും ഒരു പരിധിവരെ രക്ഷപ്പെടാൻ സാധിക്കുമെന്നും സമിതിയെ അറിയിച്ചു.

മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ കുട്ടികൾക്ക് ഈ വിഷയം മനസ്സിലാക്കാൻ എളുപ്പമായിരിക്കുമെന്ന് ശ്രീ. എസ്. വിജയകുമാർ സമിതി മുൻപാകെ അഭിപ്രായപ്പെട്ടു. മദ്യം നിയന്ത്രിക്കുക മാത്രമല്ല നിരോധിക്കുകയാണ് വേണ്ടതെന്ന് തുടർന്ന് സംസാരിച്ച ശ്രീ. എസ്. ഗംഗാധരൻ അഭിപ്രായപ്പെട്ടു. സംസ്ഥാനതല സമിതി, ജില്ലാതല ഉപസമിതി, പഞ്ചായത്ത്തല സമിതി എന്നിവ രൂപീകരിച്ച് രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ ചേർന്ന് മദ്യപാനത്തിന്റെ വിപത്തുകൾ സംബന്ധിച്ച് കുട്ടികളെ ബോധവൽക്കരിക്കണമെന്ന് സമിതി മുമ്പാകെ ബോധിപ്പിച്ചു.

നെഹ്റു യുവകേന്ദ്രയുടെ സോഷ്യൽ വർക്കറായ ശ്രീ. എം. സുമേഷ് സമിതി മുൻപാകെ അഭിപ്രായങ്ങൾ ബോധിപ്പിച്ചു. മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം സ്കൂൾക്കുട്ടികൾക്കിടയിലും ചെറുപ്പക്കാർക്കിടയിലും വർദ്ധിച്ചു വരുന്നതിനാൽ "മദ്യവും മയക്കുമരുന്നും" ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് വാചകം മാറ്റി "മദ്യവും മയക്കുമരുന്നും മരണത്തിലേക്ക് നയിക്കും" എന്ന മുന്നറിയിപ്പ് കൊടുക്കണമെന്നും സമിതിയോട് അഭ്യർത്ഥിച്ചു. കൂടാതെ, സ്കൂളുകളിൽ കൗൺസലിംഗ്, ഹ്രസ്വചിത്ര പ്രദർശനം എന്നിവ നടത്തണമെന്നും ഇതിനായി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു സമിതി രൂപീകരിക്കണമെന്നും, പ്രധാനകേന്ദ്രങ്ങളിൽ റോഡ് ഷോ നടത്തുന്നതു വഴിയും, ഗവൺമെന്റ് അപേക്ഷാഫാറങ്ങളിലും ഫ്ളക്സുകളിലും പരസ്യങ്ങളിലെ ഒന്നാം പേജിലും 'മദ്യവും മയക്കുമരുന്നും മരണത്തിലേക്ക് നയിക്കും' എന്ന മുന്നറിയിപ്പ് നൽകുന്നതും, പൊതുപരിപാടികൾ തുടങ്ങുന്നതിന് 5 മിനിട്ട് മുൻപായി മദ്യലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുന്നതും ഫലപ്രദമായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സമിതി മുൻപാകെ നിർദ്ദേശങ്ങൾ നൽകിയ സംഘടനാ പ്രതിനിധികൾക്കും വ്യക്തികൾക്കും യോഗാദ്ധ്യക്ഷൻ നന്ദി രേഖപ്പെടുത്തി സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച ശേഷം വകുപ്പുതല ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് സാദ്ധ്യമായവ, മദ്യാസക്തിക്കെതിരായ പ്രചരണം സംബന്ധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്താമെന്നും റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം സമിതി മുമ്പാകെ നിർദ്ദേശങ്ങൾ നൽകിയവർക്ക് റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കുമെന്നും ചെയർമാൻ അറിയിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 12.15-ന് പിരിഞ്ഞു.

## 11-12-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2013 ഡിസംബർ 11, ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
3. പ്രൊഫ. സി. രവീന്ദ്രനാഥ്, എം.എൽ.എ.
4. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
5. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.
6. ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ.എസ്.അനസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ ഓഫ് ട്രഷറീസ്
4. ശ്രീ. എം. നന്ദകുമാർ, ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്
5. ശ്രീ. എം. ഗിരീഷ് കുമാർ, ഒ.എസ്.ഡി.(എഫ്.ആർ) ധനകാര്യ വകുപ്പ്
6. ശ്രീ. എൻ. കെ. ശിവദാസൻ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ
7. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീ. ജോർജ്, ടി. എം., ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്

9. ശ്രീ. വി. ജെ. ഗോപകുമാർ, അസിസ്റ്റന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്

10. ഡോ. തോമസ് ജോസഫ്, അസോസിയേറ്റ് പ്രൊഫസർ, ജി.ഐ.എഫ്.ടി.

11. ഡോ. എൻ. രാമലിംഗം, അസോസിയേറ്റ് പ്രൊഫസർ, ജി.ഐ.എഫ്.ടി.

## I. എസ്.ആർ.ഒ.കളുടെ സാധൂകരണം

1. 2013 ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടേയും, സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ചട്ടങ്ങൾ. (എസ്.ആർ.ഒ. നമ്പർ 293/2013)

2. 2013-ലെ കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും ക്ഷേമനിധി പദ്ധതി (എസ്.ആർ.ഒ. നമ്പർ 294/2013).

(ഫയൽ നമ്പർ 881/സബ്.സി.ഇ. 2/2013/ലെജി.)

(റഫ. നമ്പർ 1399/ഇ3/2011/നി.വ. തീയതി 7-6-2013)

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ എസ്.ആർ.ഒ.ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നികുതി വകുപ്പ് സമർപ്പിച്ച കുറിപ്പ് സമിതി പരിശോധിക്കുകയും എസ്.ആർ.ഒ. നമ്പർ 294/2013-ലെ അദ്ധ്യായം ആറിൽ ക്ഷേമനിധി ആനുകൂല്യങ്ങൾ എന്ന തലക്കെട്ടിന് താഴെ ഖണ്ഡം 17(2)-ൽ സ്വാഭാവികമല്ലാത്ത പ്രസവം എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത് സിസേറിയൻ ആണെന്നുള്ളത് വായിക്കുമ്പോൾ മനസിലാകുമോയെന്ന് സംശയമുണ്ടെന്നും ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾക്ക് പിൽക്കാലത്ത് ഇതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകരുതെന്നും അഭിപ്രായപ്പെടുകയും പ്രസവം രോഗമായി കരുതാനാവാത്തതിനാൽ രോഗങ്ങളുടെ കൂട്ടത്തിൽ നിന്നും പ്രസ്തുത വാക്ക് മാറ്റി ഖണ്ഡം 17(2)-ന്റെ ഘടനയിൽ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത എസ്.ആർ.ഒ.ഗസറ്റ് വിജ്ഞാപനങ്ങൾക്ക് സമിതി സാധൂകരണം നല്കുകയും ചെയ്തു.

## II. റിപ്പോർട്ട് പരിഗണന

1. ആയുർവേദ ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് സംബന്ധിച്ച നിയമഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച് നികുതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നമ്പർ 4245/സബ്സി.ഇ2/2013/ലെജി.)

(റഫ. നമ്പർ 10457/ബി3/2012/നി.വ. തീയതി 6-12-2013)

13-11-2009 മുതൽ 1-4-2012 വരെയുള്ള കാലഘട്ടത്തിൽ 12.5% നിരക്കിൽ നികുതി അടയ്ക്കണമെന്ന സർക്കാർ ഉത്തരവിനെതിരെ ആയുർവേദ മരുന്നു കമ്പനികൾ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിൽ സർക്കാർ ഉത്തരവ് നിയമപരമായി ശരിയാണെന്ന് വിധി വന്നെന്നും, ഇപ്പോൾ ആയുർവേദ

ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിരക്ക് 4% ആയതിനാൽ മുൻകാല പ്രാബല്യത്തിൽ നികുതി കുറയ്ക്കണമെങ്കിൽ നിയമഭേദഗതി വരുത്തേണ്ടിവരുമെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ബഹു. സുപ്രീംകോടതിയുടെ ഉത്തരവിനെ മറികടന്ന് നിയമഭേദഗതി വരുത്തേണ്ടുണ്ടോ എന്ന് സമിതി അംഗം ആരാഞ്ഞതിന് നിയമ ഭേദഗതി വരുത്തേണ്ടതില്ലെന്നാണ് നികുതി വകുപ്പിന്റെ അഭിപ്രായമെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. 13-11-2009 മുതൽ 1-4-2012 വരെയുള്ള കാലഘട്ടത്തിൽ 4% നിരക്കിൽ കമ്പനികൾ നികുതി പിരിച്ചിട്ടുള്ളതിനാൽ 12.5% നിരക്കിൽ നികുതി അടയ്ക്കണമെന്ന് പറയുന്നതിൽ അസ്വഭാവികതയുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി.

നിയമഭേദഗതി കൊണ്ടുവരുന്നത് ആലോചിക്കേണ്ട വിഷയമായതിനാൽ ഈ വിഷയം പുനഃപരിശോധിച്ചതിനുശേഷം ഇതു സംബന്ധിച്ച് തീരുമാനമെടുക്കാമെന്നും നികുതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ചതായും സമിതി ചെയർമാൻ അറിയിച്ചു.

2. സംസ്ഥാനത്തെ സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി ഘടന പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് സമിതിയുടെ നിർദ്ദേശങ്ങളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.

(ഫയൽ നമ്പർ 3467/സബ്.സി.ഇ.2/2012/ലെജി.)

(റഫ. നമ്പർ 18028/ബി.1/2012/നി.വ. തീയതി 6-12-2013)

സ്വർണ്ണത്തിന്റെ നികുതി ഘടനയിൽ ഒതു പുതിയ ഫോർമുല വേണമെന്നത് സമിതി തത്വത്തിൽ അംഗീകരിക്കുന്നതായി സമിതി ചെയർമാൻ അറിയിച്ചു. കേരളത്തിന്റെ അയൽസംസ്ഥാനങ്ങളിൽ സ്വർണ്ണത്തിന്റെ നികുതി നിരക്ക് കുറവായതിനാൽ കേരളത്തിലെ സ്വർണ്ണ വ്യാപാരികൾ അയൽ സംസ്ഥാനങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കുകയും സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയുടെ വലിയ ഭാഗവും അയൽസംസ്ഥാനങ്ങൾക്ക് ലഭിക്കുകയും, സ്വർണ്ണവ്യാപാരം ഏറ്റവും കൂടുതൽ നടക്കുന്നത് കേരളത്തിലാണെങ്കിലും അതനുസരിച്ചുള്ള നികുതി വരുമാനം കേരളത്തിന് ലഭിക്കുന്നില്ലെന്നും സമിതി വിലയിരുത്തി. പുതിയ ഫോർമുല കൊണ്ടുവരുമ്പോൾ ഇത്തരം വിഷയങ്ങൾ കണക്കിലെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

മറ്റ് ഉത്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്വാഭാവികമായി ഉണ്ടാകേണ്ടുന്ന നികുതി വർദ്ധനവ് വില ക്രമാതീതമായി വർദ്ധിച്ചിട്ടും സ്വർണ്ണത്തിന്റെ കാര്യത്തിൽ ഉണ്ടാകുന്നില്ല എന്ന സമിതിയുടെ കണ്ടെത്തലിന് മറുപടി കഴിഞ്ഞ യോഗത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു എന്ന് നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു. 2006-07-ൽ നിലവിൽവന്ന കോമ്പൗണ്ടിംഗ് സിസ്റ്റം അനുസരിച്ച് കഴിഞ്ഞ വർഷം ഒടുക്കിയ നികുതിയുടെ ഒരു നിശ്ചിത ശതമാനം കൂടുതൽ മാത്രമേ തൊട്ടടുത്ത വർഷം നികുതിയായി ഒടുക്കേണ്ടതുള്ളൂ എന്നും ടേൺ ഓവർ അടിസ്ഥാനമാക്കിയുള്ള നികുതി വർദ്ധനവ് കോമ്പൗണ്ടിംഗ്

സിസ്റ്റത്തിലില്ല എന്നും 2009-10 ലെയും 2011-12-ലെയും നികുതി വർദ്ധനവും ടേൺ ഓവർ വർദ്ധനവും പരിശോധിച്ചാൽ മനസ്സിലാകുമെന്നും നികുതി വകുപ്പ് സെക്രട്ടറി തുടർന്നറിയിച്ചു.

സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളെ കോമ്പൗണ്ടിംഗ് ഫോർമുലയിലേക്ക് കൊണ്ടുവന്ന് കഴിഞ്ഞാൽ നികുതി വെട്ടിപ്പ് ഉൾപ്പെടെയുള്ള തട്ടിപ്പുകൾ കുറയ്ക്കാനും വിറ്റുവരവ് ഉറപ്പ് വരുത്താനും സാധിക്കുമെന്നും 5 മുതൽ 6 വർഷം കഴിയുമ്പോൾ കോമ്പൗണ്ടിംഗ് വ്യവസ്ഥ തെരഞ്ഞെടുത്ത വ്യാപാരികൾക്ക് 150% നിരക്കിൽ നികുതി അടയ്ക്കേണ്ടി വരുന്നതിനാൽ നികുതി നിരക്കിൽ ചെറിയ രീതിയിലുള്ള ഇളവ് നൽകി കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിർത്തുന്നതിനായി പുതിയ ഫോർമുല കൊണ്ടുവരണ മെന്ന സമിതി തീരുമാനത്തിന്മേൽ നികുതി വകുപ്പിന്റെ അഭിപ്രായം സമിതിയെ തുടർന്ന് അറിയിച്ചു. അഞ്ച് വർഷമായി കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ തുടർന്നുവരുന്ന വ്യാപാരികൾക്ക് 20% ഇളവും, മൂന്ന് വർഷമായി കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ തുടരുന്ന വ്യാപാരികൾക്ക് 10% ഇളവും നികുതിയിൽ നൽകുന്ന ഒരു ഫോർമുല കൊണ്ടുവന്നാൽ നന്നായിരിക്കുമെന്ന് നികുതി വകുപ്പ് സെക്രട്ടറി സമിതിയെ തുടർന്നറിയിച്ചു.

പുതിയ ഫോർമുല നിലവിൽ വന്നാൽ ഗവൺമെന്റിന്റെ നികുതി വരുമാനത്തിൽ കുറവ് വരുമോ എന്ന് സമിതി അംഗം ആരാഞ്ഞു.

കോമ്പൗണ്ടിംഗ് നികുതി വരുമാനത്തിന്റെ 90%-വും ഒരു കോടിയിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനങ്ങളിൽ നിന്നാണ് ലഭിക്കുന്നതെന്നും നികുതി നിരക്ക് 1% കുറച്ചാൽ നികുതി വരുമാനത്തിൽ പ്രതിവർഷം 2.9 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നും, പുതിയ ഫോർമുല നിലവിൽ വന്നാൽ ഗവൺമെന്റിന് ഒരു വർഷം 15 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നും നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

സ്വർണ്ണ വ്യാപാരികളിൽ 68%-വും കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിൽക്കുന്നവരാണെന്നും ഇപ്പോൾ കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ ഒടുക്കേണ്ട നികുതി നിരക്ക് വളരെക്കൂടുതലായതിനാൽ കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ തുടർന്നും നിൽക്കുന്നതിനുള്ള ഒരു ഇൻസെന്റീവെന്ന നിലയിലാണ് സമിതി സിസ്റ്റത്തിൽ ഒരു സ്ലാബ് ഉണ്ടാക്കി ഇളവ് കൊടുക്കാൻ തീരുമാനിച്ചതെന്നും, കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിന്നും വ്യാപാരികൾ പുറത്ത് പോയാൽ ഗവൺമെന്റിന്റെ നികുതി വരുമാനത്തിലുണ്ടാകുന്ന കുറവ് വളരെ വലുതായിരിക്കുമെന്നും, ആയതിനാൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ പിടിച്ചുനിർത്താൻ ഉദാരമായ സമീപനം സ്വീകരിക്കുന്നതാണ് നല്ലതെന്നും, കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ വ്യാപാരികളെ നിർത്തുന്നതിന് നികുതി വകുപ്പ് തയ്യാറാക്കിയ ഫോർമുല ശിപാർശ ചെയ്യാമെന്നും സമിതി തീരുമാനിച്ചു.

നോൺ കോമ്പൗണ്ടിംഗിലുള്ള വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്ററത്തിലേക്ക് കൊണ്ടുവരാനുള്ള തരത്തിൽ പദ്ധതി തയ്യാറാക്കണമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

നികുതി നിരക്ക് കുറയുന്നതിനനുസരിച്ച് കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുകയില്ലേ എന്ന് സമിതി ആരാഞ്ഞതിന് പുതിയ ഫോർമുല നിലവിൽ വരുത്തിയാൽ കുറച്ചുപേർ കൂടി കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് വരാനുള്ള സാധ്യതയുണ്ടെന്ന് നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിലും കോമ്പൗണ്ടിംഗ് സിസ്റ്റത്തിന്റെ നെറ്റ് വർക്ക് കുറച്ച് കൂടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയുന്നതെന്ന് സമിതി വിലയിരുത്തി. അതിനുവേണ്ടി കോമ്പൗണ്ടിംഗ് സിസ്റ്റം ഉദാരമാക്കുന്നതിനും നോൺകോമ്പൗണ്ടിംഗിലുള്ള വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് ആകർഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ആവിഷ്കരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. സാമ്പത്തിക വർഷത്തിന്റെ ഇടയിൽ പുതിയ ബ്രാഞ്ചുകൾ തുടങ്ങുന്നവർക്കും നിലവിലുള്ള ബ്രാഞ്ചുകൾ ക്ലോസ് ചെയ്യുന്നവർക്കും ഏതുതരത്തിലുള്ള നികുതി നിരക്കാണ് ശുപാർശ ചെയ്തിരിക്കുന്ന തെന്ന് സമിതി ആരാഞ്ഞതിന് അതിനുവേണ്ടി ഒരു പുതിയ ഫോർമുല ബഡ്ജറ്റിൽ കൊണ്ടുവരണമെന്ന നിർദേശമാണുള്ളതെന്ന് നികുതി വകുപ്പ് സെക്രട്ടറി മറുപടി നൽകി.

പുതിയ ബ്രാഞ്ചുകളുടെ കാര്യത്തിൽ കുറച്ചുകൂടി ഉദാരമായ സമീപനം ആവശ്യമാണെന്നും, സങ്കീർണമായ നികുതി ഘടന ഏർപ്പെടുത്തിയാൽ എല്ലാവരും സംസ്ഥാനത്തിന് പുറത്തുപോയി പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുമെന്നും ആയതിനാൽ അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്ന കച്ചവടം തിരികെ കൊണ്ടുവരുന്നതിന് ഗവൺമെന്റ് അവസരം ഒരുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് നികുതി വകുപ്പ് സമർപ്പിച്ച ഫോർമുല അംഗീകരിക്കാൻ സമിതി തീരുമാനിച്ചു. തുടർന്ന് ചർച്ചയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉരുത്തിരിഞ്ഞതായി ചെയർമാൻ വിശദമാക്കി.

(i) കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തന്നെ കൂടുതൽ ആളുകളെ നിർത്താൻ കോമ്പൗണ്ടിംഗ് വ്യവസ്ഥ കുറച്ചുകൂടി ഉദാരമാക്കി കൂടുതൽ ആകർഷകമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുക.

(ii) അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്ന ട്രേഡ് തിരികെ കൊണ്ടുവരുന്നതിന് നികുതി നിരക്കിൽ മാറ്റം വരുത്തുക.

(iii) പുതിയ ബ്രാഞ്ചുകൾ തുടങ്ങാൻ കഴിയുന്ന രീതിയിൽ കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ ഇളവുകൾ വരുത്തുക.

(iv) ഒരു സാമ്പത്തികവർഷത്തിന്റെ ഇടയിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുമ്പോഴും, ബ്രാഞ്ചുകൾ ക്ലോസ് ചെയ്യുമ്പോഴുമുള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

നികുതി നിരക്കിൽ ഇളവുകൾ നൽകി ആറ് മാസത്തിനകം ഒരു ഇംപാക്ട് സ്റ്റഡി നടത്തണമെന്നും, പ്രസ്തുത പഠന റിപ്പോർട്ട് പരിശോധിച്ചതിനുശേഷം നികുതി ഘടന കൂടുതൽ ഉദാരമാക്കണമോ എന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും സമിതി തീരുമാനിച്ചു.

അന്യസംസ്ഥാനങ്ങളിലേക്ക് കച്ചവടം പോകാതിരിക്കുന്നതിനായി നിലവിലുള്ള നികുതി നിരക്കിൽ കുറവ് വരുത്തണമെന്ന വ്യാപാരികളുടെ ആവശ്യം സംബന്ധിച്ച് സമിതി അംഗങ്ങളുടെ അഭിപ്രായം ചെയർമാൻ ആരാഞ്ഞു.

ഗവൺമെന്റിന്റെ നികുതി നിരക്കിൽ കുറവ് വരാതെ അയൽ സംസ്ഥാനങ്ങളിൽ നിലവിലുള്ള നിരക്കുമായി ഒത്തുപോകത്തക്ക വിധത്തിൽ കേരളത്തിലെ നികുതി ഘടനയിൽ മാറ്റങ്ങൾ വരുത്തണമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. തുടർന്ന് നികുതി നിരക്ക് കുറയ്ക്കണമെന്നും, നികുതി നിരക്കിൽ കുറവ് ചെയ്യുന്നതിന്റെ ഫലമായി ടേൺ ഓവറും നികുതി വരുമാനവും കൂടുന്നില്ലെങ്കിൽ നികുതി നിരക്ക് കുറച്ച നടപടി പുനഃപരിശോധിക്കണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടിയാണ് നോൺ-കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ കൂടിയ നികുതി നിരക്ക് വച്ചിരിക്കുന്നതെന്നും, കോമ്പൗണ്ടിംഗ് സിസ്റ്റത്തിലുള്ള ഇഫക്ടീവ് ടാക്സ് റേറ്റ് 1.25% ഉം നോൺ-കോമ്പൗണ്ടിംഗിൽ 5% ഉം ആണെന്നും ഇതിൽ എന്തെങ്കിലും കുറവ് വരുത്തിയാൽ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലുള്ള ആകർഷണീയത കുറയുമെന്നും നോൺ-കോമ്പൗണ്ടിംഗ് സിസ്റ്റത്തിലുള്ള നികുതി കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്കാൾ കൂടിയിരുന്നാൽ മാത്രമേ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് ആകർഷിക്കുവാൻ കഴിയൂ എന്നും നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് ആകർഷിച്ചതുകൊണ്ടുമാത്രം ഇവിടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുമോ എന്ന് സമിതി അംഗം ആരാഞ്ഞതിന്, നിലവിൽ ഒരു സാമ്പത്തിക വർഷത്തിന്റെ ഇടയിൽ ആരംഭിക്കുന്ന പുതിയ ബ്രാഞ്ചുകൾ മെയിൻ ബ്രാഞ്ചിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിലാണ് നികുതി അടയ്ക്കേണ്ടതെന്നും, ഇതിൽ മാറ്റം വരുത്തിയാൽ പുതിയ ബ്രാഞ്ചുകൾ ഇവിടെ ആരംഭിക്കുമെന്നാണ് കരുതുന്നതെന്നും നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

പട്ടണ പ്രദേശങ്ങളിൽ ആരംഭിക്കുന്ന ബ്രാഞ്ചുകളുടെ അത്രയും വിറ്റുവരവ് ഗ്രാമപ്രദേശങ്ങളിൽ തുടങ്ങുന്ന ബ്രാഞ്ചുകൾക്കുണ്ടാകണമെന്നില്ലെന്നും, പുതിയ ബ്രാഞ്ചുകൾ പ്രധാന ബ്രാഞ്ചിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി അടയ്ക്കണമെന്ന് പറയുന്നതിൽ യുക്തിയില്ലായ്മ ഉണ്ടെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

തുടർന്ന്, ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശുപാർശകളും ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി ബഡ്ജറ്റ് പ്രഖ്യാപനത്തിനുമുമ്പ് സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III. **കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം താഴെപ്പറയുന്ന വിഷയങ്ങളിന്മേൽ സമിതി ചർച്ച ചെയ്തു:**

(i) ട്രഷറി ഇടപാടുകളുടെ വേഗതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികളായ ഇ-ട്രഷറി, ഇ-സ്റ്റാമ്പിംഗ്, എ.ടി.എം, കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റം, സ്പാർക്ക് എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതു സംബന്ധിച്ച്.

ധനകാര്യ വകുപ്പ് ലഭ്യമാക്കിയ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

1. **ഇ-ട്രഷറി (GRAS)**

ഇന്റർനെറ്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ബാങ്ക് പെയ്മെന്റ് ഗേറ്റ്‌വേയിൽക്കൂടി ലോകത്തെവിടെനിന്നും ഏതു സമയത്തും സർക്കാരിലേക്ക് പണമടയ്ക്കുന്നതിനുള്ള സംവിധാനമാണ് ഇത്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മിച്ചത് NIC -യാണ് സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഡേറ്റാ ബേസിനുവേണ്ടി സോഫ്റ്റ്‌വെയറും സെർവറും വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു. 2014 ജനുവരിക്കു മുമ്പ് ഇവ സ്ഥാപിച്ച് സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തി ഫെബ്രുവരിയോടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

2. **ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം**

ട്രഷറികളിൽ നിലവിലുള്ള സേവിംഗ്സ് ബാങ്ക് സിസ്റ്റത്തെ കോർബാങ്കിംഗ് സമ്പ്രദായത്തിൽ കൊണ്ടുവരുന്ന പദ്ധതിയാണിത്. നിലവിൽ കേരളത്തിലെ എല്ലാ ട്രഷറികളിലും സേവിംഗ്സ് ബാങ്ക് സൗകര്യമുണ്ട്. എന്നാൽ ഇതിന്റെ പോരായ്മ ഏതൊരു ട്രഷറിയിലാണോ അക്കൗണ്ട് ആരംഭിച്ചത് അവിടെ മാത്രമേ ഇടപാടു നടത്തുവാൻ സാധിക്കുകയുള്ളൂ എന്നതാണ്. ഇതുമൂലം ഇടപാടുകാർ വളരെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയതിനാൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളോടൊപ്പം ട്രഷറി സേവിംഗ്സ് ബാങ്കും കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഈ സാഹചര്യം മുൻനിർത്തിയാണ് ട്രഷറിയിൽ കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിച്ചത്. ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാകുന്നതോടുകൂടി വാണിജ്യ ബാങ്കുകളിലെന്നപോലെ, അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് ഏതു ട്രഷറിയിലായിരുന്നാലും സംസ്ഥാനത്തെ ഏതു ട്രഷറിയിലും പണമിടപാട് നടത്താൻ സൗകര്യമുണ്ടാകുന്നതാണ്.

ട്രഷറി കോർ ബാങ്കിംഗിനാവശ്യമായ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ (NIC) നെയാണ് ഏൽപിച്ചിട്ടുള്ളത്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയെയും, സെക്രട്ടറിയേറ്റ് സബ് ട്രഷറിയെയും തമ്മിൽ ബന്ധിപ്പിച്ച് തുടർ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2014 ഫെബ്രുവരിയിൽ ഇത് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

3. **ഇ-സ്റ്റാമ്പിംഗ്**

ഭൂഉടമസ്ഥതാ കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് പരമ്പരാഗത മുദ്രപ്പത്രങ്ങളെ ഒഴിവാക്കി കമ്പ്യൂട്ടറധിഷ്ടിതമായി നടപ്പാക്കുന്ന പദ്ധതിയാണ്. ഇ-സ്റ്റാമ്പിംഗ്,

രജിസ്ട്രേഷൻ വകുപ്പും ട്രഷറി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിയമഭേദഗതിക്കുള്ള കരട് സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു. വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിച്ചാലുടൻ പ്രവർത്തനം തുടങ്ങാവുന്ന അവസ്ഥയിലാണ്.

4. **എ.ടി.എം.**

IT മേഖലയിൽ വന്ന വികസനത്തിന്റെ ഫലങ്ങൾ ട്രഷറി ബാങ്ക് നിക്ഷേപകർക്ക് അനുഭവവേദ്യമാക്കുവാൻ എ.റ്റി.എം. പോലുള്ള അത്യാധുനിക സൗകര്യങ്ങൾ ട്രഷറി ബാങ്ക് സംവിധാനത്തിൽ ഏർപ്പെടുത്തേണ്ടതുണ്ട്.

സ്ഥലത്തിന്റെയോ സമയത്തിന്റെയോ പരിധിയിൽപ്പെടാതെ, വാണിജ്യ ബാങ്കുകൾ നൽകുന്നതുപോലെ, ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിലും സേവനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തിലാണ് എ.ടി.എം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സെക്രട്ടേറിയറ്റ് സബ്ട്രഷറി, പെൻഷൻ പേയ്മെന്റ് സബ് ട്രഷറി കളായ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ആദ്യ ഘട്ടത്തിൽ എ.റ്റി.എം. സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കോസ്റ്റ്-ബെനിഫിറ്റ് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. **റ്റിസ്-സ്പാർക്ക് (TIS-SPARK)**

വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ സംസ്ഥാന IT മിഷന്റെ ചുമതലയിലുള്ള ഒരു സംവിധാനമാണ് സ്പാർക്ക്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളബില്ലുകൾ തയ്യാറാക്കുന്നത് SPARK-വഴിയാണ്. SPARK-നെ Treasury Information System (TIS)-വുമായി ബന്ധിപ്പിച്ച് ഓൺലൈനായി ശമ്പളബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനാവശ്യമായ സോഫ്ട്വെയർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ സെക്രട്ടേറിയറ്റ് സബ് ട്രഷറിയിലും, സംസ്ഥാനത്തെ മുഴുവൻ ജില്ലാ ട്രഷറികളിലും 2013 ഒക്ടോബർ മാസത്തെ ശമ്പള വിതരണത്തോടെ ഇത് നടപ്പാക്കിയിട്ടുണ്ട്. 2014 ജനുവരി മുതൽ എല്ലാ സബ് ട്രഷറികളിലേക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതാണ്.

6. **ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് സിസ്റ്റം**

സർക്കാരിന്റെ എല്ലാ ധനകാര്യ ഇടപാടുകളും ക്രമീകൃതവും ആസൂത്രിതമായി എല്ലാ സ്റ്റേക്ക്-ഹോൾഡേഴ്സിനെയും ഉൾക്കൊള്ളിച്ചുകൊണ്ട് വേഗതയിൽ ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ നിർവ്വഹണ രേഖ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അനുമതി നേടിയിട്ടുണ്ട്. ഇതിനാവശ്യമായ ആർ.എഫ്.പി. തയ്യാറാക്കുന്നതിനായി സ്റ്റേറ്റ് ഇ-മിഷനെ ഏൽപ്പിച്ചിരിക്കുന്നു.

7. **സെൻട്രലൈസ്ഡ് ബഡ്ജറ്ററി കൺട്രോൾ സിസ്റ്റം**

ധനവിനിയോഗം ക്രമീകരിക്കുന്നതിനും, ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനമാണിത്. ബഡ്ജറ്റ് വിഹിതം ഓൺലൈനായി അലോട്ട് ചെയ്യുകയും, അവയുടെ വിനിയോഗം ഓൺലൈനായിത്തന്നെ തത്സമയം നിരീക്ഷണം ചെയ്യുന്നതിനുമുള്ള സൗകര്യം ഇതിൽ വിഭാവനം ചെയ്യുന്നു. ഇതിനുള്ള സോഫ്റ്റ്‌വെയർ NIC തയ്യാറാക്കിവരുന്നു. അടുത്ത സാമ്പത്തികവർഷം (2014-15) മുതൽ ഇത് നടപ്പിലാക്കാൻ കഴിയുംവിധം നടപടികൾ ത്വരിതഗതിയിലാണ്.

8. **ട്രഷറി നെറ്റ്‌വർക്കിംഗ്**

കേരളത്തിലെ മുഴുവൻ ട്രഷറികളും പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. എന്നാൽ, ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ട്രഷറി നെറ്റ്‌വർക്കിംഗ് നടപ്പിലാക്കിയെങ്കിൽ മാത്രമേ ഇതിന്റെ പ്രയോജനം പൂർണ്ണമായും സർക്കാരിനും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ. സർക്കാരിന്റെ നൂതന പദ്ധതികളായ ഇ-ട്രഷറി, കോർബാങ്കിംഗ്, ഇ-സ്റ്റാമ്പിംഗ്, എ.ടി.എം. എന്നിവ നടപ്പിലാക്കുന്നതിനും നെറ്റ്‌വർക്കിംഗ് അത്യന്താപേക്ഷിതമാണ്. കൂടാതെ സർക്കാരിന്റെ മാനേജ്മെന്റ് കൃത്യമായി നടപ്പിലാക്കുന്നതിനും നെറ്റ്‌വർക്കിംഗ് അത്യാവശ്യമാണ്. ട്രഷറി പ്രവർത്തനങ്ങളുടെയും, ഇടപാടുകളുടെയും സുരക്ഷിതത്വം മുൻനിർത്തി മതിയായ സെക്യൂരിറ്റി സംവിധാനവും 24 മണിക്കൂറും പ്രവർത്തനക്ഷമവുമായ നെറ്റ്‌വർക്കിംഗും അത്യന്താപേക്ഷിതമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ NIC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ ഒരു “redudant connectivity” കൂടി ആവശ്യമായതിനാൽ സ്റ്റേറ്റ് ഇ-മിഷൻ ടീമിനോട് അവർ തയ്യാറാക്കുന്ന ആർ.പി.എഫ്.പി.-ൽ ഇതിനുവേണ്ടിയുള്ള പ്രൊപ്പോസൽകൂടി തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും ശരിയായ രീതിയിൽ ജനങ്ങളിലെത്തിക്കാൻ അടിസ്ഥാനസൗകര്യങ്ങളുടെ വികസനവും അത്യന്താപേക്ഷിതമാണ്. ഈ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

9. **സ്പാർക്ക്**

SPARK എന്ന പദ്ധതിയിലൂടെ കേരള സർക്കാർ ജീവനക്കാരുടെ പൊതുവിവരങ്ങളും ശമ്പള സംബന്ധമായ എല്ലാ വിവരങ്ങളും അടങ്ങിയ ഒരു ഡേറ്റാബേസ് ഉണ്ടാക്കിയെടുക്കുകയെന്നതാണ് കേരള സർക്കാരിന്റെ ലക്ഷ്യം. 2004-ൽ Modernisation of Government Programme-ന്റെ ഭാഗമായി ആരംഭിച്ച Integrated Personal Pay Roll Management System (IPPMS) എന്ന ആശയമാണ് ക്രമേണ SPARK എന്ന പദ്ധതിയായി വിപുലീകരിച്ച് എല്ലാ സർക്കാർ വകുപ്പുകളിലും നടപ്പിലാക്കിയത്. സാങ്കേതികമായ കാര്യങ്ങൾ വിവര സാങ്കേതിക വകുപ്പിന്റെ പ്രധാന ചുമതലയിലും കേരള സർവ്വീസ് ചട്ടങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ധനകാര്യ വകുപ്പിന്റെ ചുമതലയിലും ആണ് ഈ പദ്ധതിക്ക് രൂപംനൽകിയത്.

കേരള സംസ്ഥാന ഐ. ടി. മിഷൻ മുഖേനയാണ് സർക്കാർ ഈ പദ്ധതി എല്ലാ സർക്കാർ വകുപ്പുകളിലും implement ചെയ്യുന്നത്. SPARK (സർവ്വീസ് പേ റോൾ & അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള) എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കിയ എല്ലാ വകുപ്പ് ജീവനക്കാരുടെയും വിവരങ്ങൾ അടങ്ങിയ ഒരു ഡേറ്റാബേസ് ഇപ്പോൾ നിലവിൽ ഉണ്ട്. 2013 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് ഇപ്പോൾ നിലവിലുള്ള അഞ്ച് ലക്ഷത്തിൽപ്പരം (2-12-2013-ലെ കണക്കനുസരിച്ച് കൃത്യമായി 545494) ജീവനക്കാരുടെ വിവരങ്ങൾ ഈ ഡേറ്റാബേസിൽ ലഭ്യമാണ്.

1/2012-ലെ ശമ്പളം മുതൽ എല്ലാ ജീവനക്കാരുടെയും (സർക്കാർ പ്രത്യേകമായി ഒഴിവാക്കിയവർ ഒഴികെ) ശമ്പള ബില്ലുകൾ ഈ സംവിധാനത്തിലൂടെ മാത്രമേ എടുക്കാവൂയെന്നും ആയത് മാത്രമേ മാറിനൽകാൻ പാടുള്ളൂവെന്നും ട്രഷറികൾക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഈ ആപ്ലിക്കേഷന്റെ നിർബന്ധ ഉപയോഗം സംബന്ധിച്ചും, കൃത്യവും ശരിയായ ഉപയോഗരീതികൾ സംബന്ധിച്ചും നിരവധി സർക്കുലർ നിർദ്ദേശങ്ങൾ ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

28-2-2013-ഓടെ എല്ലാ ജീവനക്കാരുടെയും മുഴുവൻ വിവരങ്ങളും, ഫോട്ടോയും, ഒപ്പും ഉൾപ്പെടെ ഈ ഡേറ്റാബേസിൽ ചേർക്കണമെന്ന് 5-3-2013-ലെ 27/2013/ധന. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 3/2013-ലെ ശമ്പള ബില്ല് ട്രഷറിയിൽ നിന്നും മാറണമെങ്കിൽ മേൽപ്പറഞ്ഞ എല്ലാ വിവരങ്ങളും ഡേറ്റാബേസിൽ ചേർത്ത് ഡേറ്റ ലോക്ക് ചെയ്തെന്ന സാക്ഷ്യപത്രം സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പുകൾക്ക് അറിയാവുന്നതും, ആയതിന്റെ വെളിച്ചത്തിൽ 10/2013-ലെ കണക്കനുസരിച്ച് 4.75 ലക്ഷത്തോളം ജീവനക്കാരുടെ ശമ്പളം ഈ സിസ്റ്റത്തിലൂടെ തന്നെയാണ് മാറിയിരിക്കുന്നത്.

എയിഡഡ് സ്കൂളുകളുടെ ശമ്പള ബില്ലുകൾ വിദ്യാഭ്യാസ ഓഫീസറുടെ മേലൊപ്പ് ഇല്ലാതെ ഹെഡ്മാസ്റ്റർക്ക് നേരിട്ട് ട്രഷറിയിൽ നൽകി മാറാനുള്ള രീതി സർക്കാർ നടപ്പിലാക്കാനുള്ള കാരണവും സ്പാർക്ക് സംവിധാനത്തിലൂടെ മേൽ ഓഫീസർക്ക് ജീവനക്കാരുടെ ഡേറ്റ digital signature ഉപയോഗിച്ച് ലോക്ക് ചെയ്ത് നിയന്ത്രിക്കാൻ സാധിക്കുമെന്നുള്ളതിനാലാണ്.

2013 ഡിസംബർ അവസാനത്തോടെ എല്ലാ ജീവനക്കാരുടെയും (non-gazetted) സേവന പുസ്തകത്തിലുള്ള വിവരങ്ങളെല്ലാം, ഫോട്ടോയും ഒപ്പും ഉൾപ്പെടെ SPARK ഡേറ്റാബേസിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. 9/2013 മുതൽ സെക്രട്ടേറിയറ്റ് സബ് ട്രഷറിയിൽ നിന്നും ശമ്പളം വാങ്ങുന്നവർ ഓൺലൈനായി ബില്ലുകൾ (പേപ്പർ ബില്ലിനോടൊപ്പം) സമർപ്പിക്കാനും 10/2013 മുതൽ എല്ലാ ട്രഷറികളിൽ നിന്നും ശമ്പളം വാങ്ങുന്നവരും ഓൺലൈനായി ബില്ലുകൾ സമർപ്പിക്കാനും നിർദ്ദേശം നൽകിയതനുസരിച്ച് ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ വലിയ ന്യൂനതകൾ ഇല്ലാതെ തന്നെ മുന്നോട്ടുപോവുകയാണ്. 11/2013-ലെ സ്പാർക്ക് ശമ്പള ബില്ലുകൾ ഏതാണ്ട് പൂർണ്ണമായും ഓൺലൈൻ സമർപ്പണം വഴി പാസാക്കാൻ ജില്ലാ ട്രഷറികൾ ശ്രമിച്ചിട്ടുണ്ട്. 11/2013 കൃത്യമായ കണക്കുകൾ ലഭ്യമാക്കാൻ ഇനിയും ഒരാഴ്ചകൂടി കഴിയണം. ട്രഷറി വകുപ്പിന്റെ പുതിയ central server വന്നുകഴിയുമ്പോൾ

ഈ സംവിധാനം എല്ലാ ട്രഷറികളിലേക്കും വ്യാപിപ്പിക്കുന്നതാണ്. 4/2014-ഓടെ പൂർണ്ണമായും ഓൺലൈൻ ബിൽ എന്ന സംവിധാനത്തിലേക്ക് മാറാനുള്ള ശ്രമമാണ് ലക്ഷ്യമിടുന്നത്.

കൂടാതെ പുതിയ പെൻഷൻ സംവിധാനമനുസരിച്ചുള്ള (contributory pension scheme) അക്കൗണ്ട് നമ്പർ ലഭ്യമാക്കാനുള്ള ഫാറം (PRAN application) തയ്യാറാക്കാനും, പെൻഷൻ കോൺട്രിബ്യൂഷൻ കുറവ് ചെയ്യാനുമുള്ള സംവിധാനവും സ്പാർക്കിലൂടെ ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ഒപ്പം ജീവനക്കാരുടെ ശമ്പളം അല്ലാത്ത ബില്ലുകളും (പി.എഫ്., മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, തുടങ്ങിയവ) സ്പാർക്ക് സംവിധാനത്തിലൂടെ യാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

പൊതുവായ നിർദ്ദേശങ്ങൾ ഒന്നും രേഖപ്പെടുത്താതെ പ്രവർത്തന പുരോഗതി സമിതി അംഗീകരിച്ചു.

(ii) കാരുണ്യ ഭാഗ്യക്കുറിയുടെ നടത്തിപ്പും കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതും, ജീവകാരുണ്യ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നത് സംബന്ധിച്ചും.

നികുതി വകുപ്പിൽനിന്നും ലഭ്യമാക്കിയ താഴെപ്പറയുന്ന കുറിപ്പ് സംബന്ധിച്ച് സമിതി ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്തു:

## കാരുണ്യ ബെനവലന്റ് ഫണ്ട്
## (ചികിത്സാ ധനസഹായ പദ്ധതി)

**1. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

(1) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ചികിത്സാ ധനസഹായ പദ്ധതിയാണ് 'കാരുണ്യ ബെനവലന്റ് ഫണ്ട്'. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടപ്പിലാക്കിവരുന്ന കാരുണ്യ പ്രതിവാര ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനമാണ് ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ഫണ്ടിന്റെ കൈകാര്യച്ചുമതല സംസ്ഥാന ലോട്ടറി വകുപ്പിനാണ്.

(2) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ 'കാരുണ്യ ബെനവലന്റ് ഫണ്ട്' എന്ന പേരിൽ ഒരു അഡ്മിനിസ്ട്രേറ്ററുടെ ചുമതലയിലാണ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ് അഡ്മിനിസ്ട്രേറ്ററുടെ ചുമതല വഹിക്കുന്നത്. ഫണ്ടിന്റെ സംസ്ഥാനതലത്തിലുള്ള നിയന്ത്രണം ബഹു. ധനമന്ത്രി ചെയർമാനായിട്ടുള്ള സംസ്ഥാനതല സമിതിക്കും ജില്ലാതലത്തിലുള്ള നിയന്ത്രണം അതത് ജില്ലാ കളക്ടർമാർ ചെയർമാൻമാരായിട്ടുള്ള ജില്ലാതല സമിതിക്കുമാണ്.

(3) എല്ലാ ബി.പി.എൽ. കുടുംബങ്ങളിലെ രോഗികൾക്കും, എ.പി.എൽ. വിഭാഗത്തിൽ മൂന്നുലക്ഷം രൂപയ്ക്കു താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ രോഗികൾക്കും ചികിത്സാ ധനസഹായം ലഭിക്കുന്നതാണ്. മുൻ ചികിത്സകൾക്ക് ധനസഹായം ലഭിക്കുകയില്ല.

(4) നിശ്ചിത രോഗങ്ങൾക്കല്ലാതെ മറ്റ് രോഗങ്ങൾക്ക് വിവിധ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ഒ.പി./ഐ.പി. ചികിത്സതേടുന്ന രോഗികൾക്ക് ഒറ്റത്തവണ സമാശ്വാസ ചികിത്സാധനസഹായമായി 3,000 രൂപ വരെ അനുവദിക്കുവാൻ വ്യവസ്ഥ ഉണ്ട്. അപേക്ഷാ ഫാറം 3-ൽ സമർപ്പിക്കുന്ന അപേക്ഷയോടുകൂടി റേഷൻകാർഡിന്റെ പകർപ്പും ആശുപത്രിയിൽ ചികിത്സയിലാണ്/ആയിരുന്നുവെന്നു കാണിക്കുന്ന ഒ.പി./ഐ.പി. വിവരങ്ങളും നല്കേണ്ടതാണ്.

2. **പദ്ധതി നടത്തിപ്പ്**

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ താഴെ പറയുന്ന പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്:

(1) ചികിത്സാധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി രണ്ടരലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയാക്കി.

(2) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും നൽകുന്ന ധനസഹായത്തിൽനിന്നും ആർ.എസ്.ബി.വൈ/ചിസ്പ്ലസ് പദ്ധതി പ്രകാരം രോഗിക്കു ലഭിക്കാവുന്ന ചികിത്സാധനസഹായ തുക കുറവ് ചെയ്യണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കി.

(3) ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ എന്ന പരിധിയിൽ ഒരു കുടുംബത്തിലെ ഒരംഗത്തിനോ ഒന്നിലധികം അംഗങ്ങൾക്കോ ഒരു പ്രാവശ്യമായോ, ഒന്നിലധികം പ്രാവശ്യമായോ ചികിത്സാധനസഹായം അനുവദിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

(4) ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ കുടുംബത്തിന് നൽകാവുന്ന പരമാവധി ധനസഹായമായ 2 ലക്ഷം രൂപ എന്നുള്ള പരിധി ഒഴിവാക്കി ഒരു കുടുംബത്തിലെ ഓരോ ഹീമോഫീലിയ രോഗിക്കും 2 ലക്ഷം രൂപവീതം ചികിത്സാധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു.

(5) രോഗി അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലുള്ള ചികിത്സയ്ക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷ സമർപ്പിക്കാതിരിക്കുകയും എന്നാൽ അടിയന്തരമായി സർക്കാരാശുപത്രികളിൽ സർജറിക്കു വിധേയരാവുകയും ചെയ്യുന്ന രോഗികൾ സർജറി കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിച്ചാലും ചികിത്സാധനസഹായത്തിനായി പരിഗണിക്കുന്നതാണ്. ഈ 48 മണിക്കൂറിനുള്ളിൽ സർക്കാരവധി വന്നാൽ അടുത്ത പ്രവർത്തി ദിവസവും അപേക്ഷ സ്വീകരിക്കുന്നതാണ്.

(6) അപേക്ഷ നൽകുന്ന സമയം അടിയന്തര സർജറി നിശ്ചയിച്ചിട്ടുള്ള രോഗങ്ങൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ ഫാറം നമ്പർ 7-ലുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ ചികിത്സ നടത്തുന്നതിന് 24 മണിക്കൂറിനുള്ളിൽ പ്രീ-ആതറൈസേഷൻ നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) അപേക്ഷ സംസ്ഥാനതല കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തതിനുശേഷം അടിയന്തരചികിത്സ ആവശ്യമായ രോഗികൾക്ക് 12 മണിക്കൂറിനുള്ളിൽ ചികിത്സ നടത്തുന്നതിനുള്ള പ്രീ-ആതറൈസേഷൻ ഈ-മെയിലായി ബന്ധപ്പെട്ട ആശുപത്രിയിലേക്ക് നൽകുന്നതാണ്.

(8) പ്രീ-ആതറൈസേഷൻ നൽകുന്ന രോഗികളുടെ ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനുവേണ്ടി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിൽ ഇംപ്രസ്റ്റ് മണി ലഭ്യമാക്കിയിട്ടുണ്ട്.

(9) അപേക്ഷ നൽകി ബന്ധപ്പെട്ട സർക്കാരാശുപത്രിയിൽ ചികിത്സാ ധനസഹായത്തുക ലഭിക്കുന്നതിനുമുമ്പ് രോഗി സ്വന്തം കയ്യിൽനിന്നും തുക ചെലവാക്കി ചികിത്സ നടത്തിയിട്ടുള്ള കേസുകളിൽ അപേക്ഷ നൽകിയ തീയതി മുതൽ ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞതുവരെയുള്ള കാലഘട്ടത്തിൽ രോഗി സ്വന്തം കയ്യിൽനിന്നും ചികിത്സക്കായി ചെലവാക്കിയ തുക ഓരോ കേസുകളും പ്രത്യേകമായി പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ റീഇംബേഴ്സ്മെന്റായി രോഗിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാ ധനസഹായ പദ്ധതിയിലൂടെ ക്യാൻസർ, വൃക്ക-ഹൃദയ സംബന്ധമായ രോഗങ്ങൾ, തലച്ചോറ്, കരൾ എന്നിവ യിലൂടെ സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്കും, ഹീമോഫീലിയ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾക്കും, പാലിയേറ്റീവ് കെയറിനും ആണ് ധനസഹായം അനുവദിച്ചുവരുന്നത്. കൂടാതെ നട്ടെല്ലിനും, സുഷുമ്നനാഡി, ശ്വാസകോശം എന്നിവയ്ക്കുണ്ടാകുന്ന മാരകരോഗങ്ങൾക്കും സിക്കൽസെൽ അനീമിയ, താലിസീമിയ എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കും ചികിത്സാധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(10) കാരുണ്യ ചികിത്സാധനസഹായ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിശ്ചിത ചികിത്സാപാക്കേജുകളുടെ അടിസ്ഥാനത്തിൽ 56 സ്വകാര്യ ആശുപത്രികളെ ഈ സ്കീമിലേക്ക് അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വൃക്കരോഗികൾക്ക് കൂടുതൽ ഡയാലിസിസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 28 ഡയാലിസിസ് സെന്ററുകൾ കൂടി ഈ സ്കീമിലേക്ക് അക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(11) സർക്കാർ മെഡിക്കൽ കോളേജുകളിൽ കാരുണ്യ ഡയാലിസിസ് സെന്റർ എന്ന പേരിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ അനുമതി നല്കിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ സെന്റർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 22-7-2013-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(12) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം 27 താലൂക്ക്/ ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് 31.5 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(13) ദൂരസ്ഥലങ്ങളിൽ നിന്നും ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും സ്ഥലമോ കെട്ടിടമോ ലഭ്യമാകുന്നമുറയ്ക്ക് കാരുണ്യ ഹോം (Short Stay Homes) എന്ന പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

എല്ലാ സർക്കാർ ആശുപത്രികൾക്കും, കൊച്ചി, പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികൾക്കും മുൻകൂറായിട്ടാണ് ഇപ്പോൾ ചികിത്സാധന സഹായം അനുവദിക്കുന്നത്. ചികിത്സ കഴിഞ്ഞശേഷം ആശുപത്രിയിൽ നിന്നും ഓരോ രോഗിയുടെയും സാക്ഷ്യപത്രവും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ചികിത്സ കഴിഞ്ഞശേഷം ബാക്കി തുകയുണ്ടെങ്കിൽ ആ തുകയും ലഭിക്കുന്നമുറയ്ക്ക് ഓരോ രോഗിയുടെയും കണക്കുകൾ സെറ്റിൽ ചെയ്യുന്നു.

(14) അക്രെഡിറ്റഡ് ആശുപത്രികളിൽ ചികിത്സതേടുന്നവർ ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നുള്ള എസ്റ്റിമേറ്റ് ഓഫ് എക്സ്പെന്റിച്ചർ സഹിതം രോഗി സ്ഥിരതാമസവും റേഷൻകാർഡുള്ളതുമായ ജില്ലയിൽ അപേക്ഷ സമർപ്പിച്ച് ജില്ലാതല സമിതി നല്കുന്ന ആതറൈസേഷൻ പ്രകാരം മാത്രമേ ചികിത്സ തുടങ്ങുവാൻ പാടുള്ളൂ. ചികിത്സ കഴിഞ്ഞശേഷം ബന്ധപ്പെട്ട ആശുപത്രി സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതി നൽകിയിട്ടുള്ള ആതറൈസേഷൻ പ്രകാരം ചികിത്സാ തുക റീഇംബേഴ്സ്മെന്റായി ആശുപത്രി അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ ആയി നൽകുന്നു.

(15) ഭരണപരമായ ചെലവുകൾക്ക് ആകെ വരുമാനത്തിന്റെ ഒരു ശതമാനത്തിൽ കുറവായ തുകയാണ് ചെലവാക്കപ്പെടുന്നത്. കാരുണ്യ സ്കീമുമായി ബന്ധപ്പെട്ട പരസ്യങ്ങൾ ലോട്ടറി വകുപ്പിന്റെ പരസ്യത്തുകയിൽ നിന്നാണ് വഹിക്കുന്നത്.

(16) മെച്ചപ്പെട്ട കമ്പ്യൂട്ടർ ശൃംഖല ഉപയോഗപ്പെടുത്തി അപേക്ഷകർക്ക് ധനസഹായം വേഗത്തിലും സുതാര്യമായ നടപടിക്രമങ്ങളിലൂടെയും ലഭ്യമാക്കി വരുന്നു.

(17) ജില്ലാതലത്തിൽ അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന് ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ സുതാര്യമായ സംവിധാനം നിലവിലുണ്ട്.

(18) വൃക്കരോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ആവശ്യമായ ഡയാലിസിസ് സൗകര്യം ഇല്ലാത്തതിനാൽ ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ കാരുണ്യ ബെനവലന്റ് പദ്ധതിയുടെ മേൽനോട്ടത്തിലുള്ള ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

3. **പദ്ധതി നടത്തിപ്പിനുള്ള വരുമാന ശ്രോതസ്സ്**

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തുന്ന കാരുണ്യ പ്രതിവാര ഭാഗ്യക്കുറിയിൽ നിന്നുള്ള അറ്റാദായമാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ചിട്ടുള്ളത്. 2011 സെപ്റ്റംബർ 24-ാം തീയതി ആരംഭിച്ച കാരുണ്യ പ്രതിവാര ലോട്ടറിയിൽ 30-11-2013 വരെയായി 115 നറുക്കെടുപ്പ് നടക്കുകയുണ്ടായി. ഈ 115 ഭാഗ്യക്കുറികളിൽ 20.79 കോടി ടിക്കറ്റുകളുടെ വില്പനയിലൂടെ 1039.64 കോടി രൂപ വരവും 811.16 കോടി രൂപ ചെലവും 228.48 കോടി രൂപ അറ്റാദായവും ഉണ്ടായിട്ടുള്ളത്. കാരുണ്യ ലോട്ടറിയിലൂടെ ലഭിക്കുന്ന അറ്റാദായത്തുക 2025-103-95—കെ.ബി.എഫ്. എന്ന അക്കൗണ്ട് ഹെഡിലൂടെയാണ് ട്രാൻസാക്ഷൻ നടത്തുന്നത്. അറ്റാദായം കെ.ബി.എഫ്.-ലേക്ക് നൽകുവാൻ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2011-12-ൽ 15 കോടി രൂപയും 2012-13-ൽ 100 കോടി രൂപയും 2013-14-ൽ 110 കോടി രൂപയുമാണ് പദ്ധതി നടത്തിപ്പിനായി ടി അക്കൗണ്ട് ഹെഡിലൂടെ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് നാളിതുവരെ അനുവദിച്ചു നൽകിയിട്ടുള്ളത്.

നിലവിൽ കാരുണ്യ ഭാഗ്യക്കുറിയിൽനിന്നും പ്രതിമാസം ശരാശരി 10 കോടി രൂപയാണ് അറ്റാദായമായി ലഭിക്കുന്നത്.

**4. 30-11-2013 വരെ ഈ പദ്ധതിയിൽ നിന്നും ചെലവാക്കിയ തുക**

2011-12-ൽ 20 പേർക്കും 2012-14-ൽ 8052 പേർക്കും 2013-14 സാമ്പത്തിക വർഷം നവംബർ 30 വരെ 17050 പേർക്കും ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം ആകെ 261.11 കോടി രൂപയുടെ ചികിത്സാ അനുമതിയാണ് നൽകിയിട്ടുള്ളത്. അക്രഡിറ്റഡ് ആശുപത്രികളിലെ തുക ചികിത്സ കഴിഞ്ഞ് ആശുപത്രിയിൽ നിന്നും സമർപ്പിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചുനല്കുന്നത്. വൃക്കരോഗികൾക്ക് ഡയാലിസിസിനുള്ള തുക 4 തവണകളായിട്ടാണ് നല്കുന്നത്.

| *ക്രമ നമ്പർ* | *വർഷം* | *ലഭിച്ച തുക* | *ചെലവായ തുക* | | | | |
|---|---|---|---|---|---|---|---|
| | | | *ചികിത്സാധനസഹായമായി അനുവദിച്ച തുക* | | *സ്പെഷ്യൽ സാങ്ഷൻ* | *ഭരണപരമായ ചെലവുകൾ* | *(കോടിയിൽ)* |
| | | | *സർക്കാർ ആശുപത്രി* | *സ്വകാര്യ ആശുപത്രി* | | | |
| 1 | 2011-12 | 15 കോടി | 17 ലക്ഷം | .. | .. | .. | 0.17 |
| 2 | 2012-13 | 100 കോടി | 75.58 കോടി | 24.89 ലക്ഷം | 4 ലക്ഷം | 1.02 കോടി | 76.89 |
| 3 | 2013-14 | 110 കോടി | 96.46 കോടി | 3.48 കോടി | 33.75 ലക്ഷം | 75.88 ലക്ഷം | 101.04 |
| | ആകെ | 225 കോടി | 172.21 കോടി | 3.72 കോടി | 37.75 ലക്ഷം | 1.77 കോടി | 178.10 |

2012-13 സാമ്പത്തികവർഷം ഒരു മാസം ശരാശരി 1000-നും 1250-നും ഇടയ്ക്ക് അപേക്ഷകളാണ് ലഭിച്ചിരുന്നത്. ഇതുപ്രകാരം പ്രതിമാസം 10 കോടി രൂപ ചികിത്സാധനസഹായമായി അനുവദിച്ചുനൽകിയിരുന്നു. എന്നാൽ 2013-14 സാമ്പത്തികവർഷം പ്രതിമാസം ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം 2000-നും 2500-നും ഇടയ്ക്കാണ്. ഇതുപ്രകാരം ശരാശരി 25 കോടി രൂപയോളം ചികിത്സാധനസഹായമായി പ്രതിമാസം അനുവദിക്കേണ്ടി വരുന്നുണ്ട്. നിലവിൽ ലഭ്യമായ വരുമാനത്തിനേക്കാൾ അധികമാണ് ചികിത്സാധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം.

5. **പദ്ധതി വിപുലീകരിക്കുന്നതിനും നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ**

1. ഇപ്പോൾ സർക്കാർ ആശുപത്രികളിൽ കാരുണ്യ ചികിത്സാ ധനസഹായം അനുവദിക്കുന്നത് എസ്റ്റിമേറ്റ് എക്സ്പെൻഡിച്ചർ പ്രകാരമാണ്. എന്നാൽ സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളിൽ നിശ്ചിത നിരക്കിലുള്ള പാക്കേജിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ഇത്തരത്തിലുള്ള ചികിത്സാ പാക്കേജ് സർക്കാരാശുപത്രികളിലും ബാധകമാക്കിയാൽ ഉചിതമായിരിക്കും.

2. സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സ സമയബന്ധിതമായി നടത്തുന്നതിനുള്ള ഹെൽപ്പ് ഡെസ്ക് ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തണം.

3. സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ചു വേണ്ടിവരുന്ന എല്ലാ മരുന്നുകളും, ഇംപ്ലാന്റുകളും, ഉപകരണങ്ങളും നിർബന്ധമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കണം. ഇതുമൂലം ചികിത്സാച്ചെലവ് 20 മുതൽ 25% വരെ കുറയ്ക്കുവാൻ സാധിക്കും.

4. നിലവിൽ രോഗി സ്ഥിരതാമസമുള്ളതും റേഷൻകാർഡിൽ പേരുള്ളതുമായ ജില്ലയിലെ ജില്ലാഭാഗ്യക്കുറി ആഫീസർക്കാണ് ചികിത്സാസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലാണ് ചികിത്സാധനസഹായത്തിനുള്ള അർഹത ആരംഭിക്കുന്നത്. എന്നാൽ വിദൂരസ്ഥലങ്ങളിൽ നിന്നും ആർ.സി.സി., ശ്രീ ചിത്രാ മെഡിക്കൽ സെന്റർ, എം.സി.സി., മറ്റു ജില്ലകളിലെ മെഡിക്കൽ കോളേജാശുപത്രി എന്നിവിടങ്ങളിൽ ചികിത്സതേടുന്നവർ നിശ്ചിത സമയത്തിനുള്ളിൽ ചികിത്സാധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം വരുന്നതുമൂലം പലപ്പോഴും അർഹമായ ചികിത്സാത്തുക ലഭിക്കുന്നില്ലെന്ന് പരാതികൾ വരുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനായി പ്രധാനപ്പെട്ട ആശുപത്രികളിൽ നിലവിലുള്ള ആർ.എസ്.ബി.വൈ./ബെർത്ത് ആൻറ് ഡെത്ത് രജിസ്ട്രേഷൻ കൗണ്ടർ എന്നിവയിലൂടെയോ അല്ലെങ്കിൽ ഇതിനായി പ്രത്യേകം ഏർപ്പെടുത്തുന്ന കൗണ്ടറിലൂടെയോ ഓൺലൈനായി ചികിത്സാധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഇതിനായി നിലവിലുള്ള സോഫ്റ്റ്വെയറിൽ പരിഷ്കാരങ്ങൾ വരുത്തുകയോ പുതിയ സോഫ്റ്റ്വെയർ ഡവലപ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

ചികിത്സാധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങളും ചികിത്സാധനസഹായം ലഭ്യമാക്കുന്നതിനുള്ള വേഗതയും സുതാര്യതയും ഈ പദ്ധതിയെ കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്. ആയതിനാൽ പാവപ്പെട്ട കുടുംബാംഗങ്ങളുടെ ചികിത്സച്ചെലവിന്റെ ഭാരം കുറയ്ക്കുവാൻ

ഒരു പരിധിവരെ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നു. വരും നാളുകളിൽ കൂടുതൽ കൂടുതൽ അപേക്ഷകൾ ലഭിക്കാനുള്ള സാധ്യത ഏറുന്നുണ്ട്. അപേക്ഷിക്കുന്ന എല്ലാ അർഹരായ ഗുണഭോക്താക്കളും ചികിത്സാധനസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ തുക നിലവിലുള്ള കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുകയില്ല. ഈ സാഹചര്യത്തിൽ മറ്റൊരു പ്രതിവാര ലോട്ടറിയായ പ്രതീക്ഷയുടെ വരുമാനം കൂടി ഈ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാരുണ്യ ലോട്ടറി ടിക്കറ്റിന് 228 കോടി രൂപയുടെ അറ്റാദായം ലഭിച്ചിട്ടുള്ള തിനാൽ കാരുണ്യ ലോട്ടറിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവിൽ ഏതിലെങ്കിലും കുറവ് വരുത്തി ആ തുക കൂടി ചികിത്സാസഹായത്തിന് കൊടുക്കാൻ സാധിക്കുമോ എന്ന് സമിതി അംഗം ആരാഞ്ഞു.

കാരുണ്യ ലോട്ടറിയുടെ വിൽപ്പനയിലൂടെ 1039.62 കോടി രൂപയുടെ വരുമാന മാണുണ്ടായിട്ടുള്ളതെന്നും, വിൽക്കുന്ന ടിക്കറ്റുകളുടെ മുഖവില വർദ്ധിപ്പിച്ച് കൂടുതൽ വരുമാനമുണ്ടാക്കുക എന്നല്ലാതെ മൊത്തമായി ടിക്കറ്റുകൾ പ്രിന്റ് ചെയ്ത് ഇറക്കുമ്പോഴുണ്ടാകുന്ന ചെലവുകളായ അച്ചടിക്കാശ്, ഏജൻസി കമ്മീഷൻ, സമ്മാനത്തുക ഇവയിൽ ഏതെങ്കിലും കുറവ് വരുത്തി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ചാൽ ടിക്കറ്റ് വിൽപ്പനയെ പ്രതികൂലമായി ബാധിക്കുമെന്നുള്ളത് ട്രേഡ് യൂണിയനു കളുമായും ഏജൻസികളുമായും നടത്തിയ ചർച്ചയിലൂടെ വ്യക്തമായതാണെന്നും, ടിക്കറ്റ് കൂടുതൽ വിറ്റുപോകുന്നതിന് പ്രധാന കാരണം ഇതിന്റെ സമ്മാനഘടനയും ഏജൻസി കമ്മീഷനുമാണെന്നും, സംസ്ഥാന ഖജനാവിന് ഏറ്റവും കൂടുതൽ വരുമാനം നേടിക്കൊടുക്കുന്ന ലോട്ടറി വകുപ്പിൽ ഉദ്യോഗസ്ഥർക്കും ഭരണ സംവിധാനത്തിനുമായി വിനിയോഗിക്കുന്നത് ലഭിക്കുന്ന വരുമാനത്തിന്റെ 0.5%-ത്തിൽ താഴെയാണെന്നും, ഇപ്പോൾ നിലവിലുള്ള പ്രതീക്ഷാ ലോട്ടറിയുടെ വരുമാനം കൂടി കാരുണ്യ ഫണ്ടിലേക്ക് എടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നുണ്ടെന്നും ലോട്ടറി ഡയറക്ടർ സമിതിയെ അറിയിച്ചു.

കാരുണ്യ പദ്ധതിയുടെകീഴിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. 50 സ്വകാര്യ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തിയതായി ലോട്ടറി ഡയറക്ടർ സമിതിയെ അറിയിച്ചു.

രോഗി മരിച്ചതിനുശേഷം അപേക്ഷിച്ചാൽ ചികിത്സയ്ക്ക് ചെലവായ പണം കാരുണ്യ ഫണ്ടിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് കൊടുക്കുന്നില്ല എന്ന് സമിതി നിരീക്ഷിച്ചു. സാധാരണഗതിയിൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നില്ലെങ്കിലും ചില കേസുകളിൽ അനുവദിക്കുന്നതായി ലോട്ടറി ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് ആയത് പുനഃപരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കാരുണ്യ ഫണ്ടിൽ നിന്നും തുക നേരിട്ട് ഹോസ്പിറ്റലിലേക്കാണ് നൽകുന്നതെന്നും, കേസിന്റെ മെരിറ്റ് അനുസരിച്ച് ഇപ്പോൾ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നുണ്ടെന്ന് ലോട്ടറി ഡയറക്ടർ

സമിതിയെ അറിയിച്ചു. സംസ്ഥാനത്തിന് പുറത്ത് വിദഗ്ദ്ധ ചികിത്സ നടത്തുന്ന രോഗികൾക്ക് ഈ പദ്ധതിയനുസരിച്ച് സഹായം അനുവദിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. ഓരോ ജില്ലയിലെയും ജില്ലാ കളക്ടർ ചെയർമാനായ സമിതി മുഖേനയാണ് ചികിത്സാസഹായം അനുവദിക്കുന്നതെന്നും, സംസ്ഥാനത്തിനുപുറത്തുള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സയുടെ കൃത്യത പരിശോധിക്കാൻ കഴിയാത്തതുകൊണ്ടാണ് തുക അനുവദിക്കാത്തതെന്നും നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു.

ധനസഹായം നൽകുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നും ഈ വർഷം 225 കോടി രൂപയാണ് ചികിത്സാസഹായമായി അനുവദിച്ചതെന്നും, 144 കോടി രൂപയോളം ഇനിയും ആവശ്യമുണ്ടെന്നും, ലോട്ടറി ഡയറക്ടർ സമിതിയെ അറിയിച്ചു. ഒരു അപേക്ഷകന് പരമാവധി എത്ര രൂപവരെയാണ് അനുവദിക്കുന്നതെന്ന് സമിതി അംഗം ആരാഞ്ഞതിന് രണ്ട് ലക്ഷം രൂപവരെയാണ് അനുവദിക്കുന്നതെന്ന് ലോട്ടറി ഡയറക്ടർ അറിയിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 4.20-ന് പിരിഞ്ഞു.

## 6-1-2014-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2014 ജനുവരി 6, തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.35 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.
2. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
3. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

സമിതി, സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരമേഖലയിൽ പുതിയ നികുതിഘടന ഏർപ്പെടുത്തി നികുതിവരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.50-ന് പിരിഞ്ഞു.

911/2014.

## 18-2-2014-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2014 ഫെബ്രുവരി 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'Vഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ.എ.
4. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
3. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
4. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, സൈനികക്ഷേമം
5. ശ്രീ. മധു. ആർ., സെക്രട്ടറി, ആർ.ജി. എ.എ.റ്റി
6. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
7. ശ്രീ. ശ്യാം ജഗന്നാഥൻ, കമ്മീഷണർ, വാണിജ്യനികുതി വകുപ്പ്
8. ശ്രീ. എം. നന്ദകുമാർ, ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്
9. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് (ഡി.ഇ.എസ്.)
10. ശ്രീ. പി. എം. ഫിലിപ്പ്, ഡയറക്ടർ, സ്റ്റേറ്റ് ഇൻഷറൻസ്

11. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്
12. ഡോ. ജോസ് ജേക്കബ്, ഡയറക്ടർ, നാഷണൽ സേവിംഗ്സ്
13. ശ്രീ. ടി. ജെ. വർഗ്ഗീസ്, ഡയറക്ടർ ഇൻ ചാർജ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
14. ശ്രീ. ജി. ചന്ദ്രമൗലി, ഇ.വി.സി., ആർ.ജി.എ.എ.റ്റി.

സമിതി 2014-2015 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ V, X, XI, XVI, XXVIII, XLIII, XLVI, XLV എന്നിവ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും, ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ വനിതാ ഹജ്ജ് തീർത്ഥാടകർക്ക് 60 സെന്റ് സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയാണ് നോൺ പ്ലാൻ ഇനത്തിൽ അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഓഫീസർ, ചെയർമാൻ, ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എന്നിവർക്കും ആയിരം പേർക്കുള്ള ആഡിറ്റോറിയം, കിച്ചൺ ആൻഡ് സ്റ്റോഴ്സ് മുതലായവയും പണിയുന്നതിനുവേണ്ടി ആവശ്യപ്പെട്ട തുക അനുവദിക്കാൻ സാധിക്കുകയില്ല എന്നും പകരം സ്ത്രീകൾക്കായി ഡോർമെട്രി, പ്രെയർഹാൾ, നോർമൽ റൂംസ്, ഡൈനിംഗ് ഹാൾ, ടോയ്‌ലറ്റ് ബ്ലോക്ക് മുതലായവയ്ക്കു മാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നും, ധനകാര്യ വകുപ്പിൽനിന്നും ഒബ്ജക്ഷൻ ഉള്ളതായി നിർദ്ദേശം നൽകിയിട്ടും തുക കുറയ്ക്കാതെ മുൻവർഷത്തെ പോലെ തന്നെയാണ് ഇത്തവണയും തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും, എക്സിക്യൂട്ടീവ് ഓഫീസറായ മലപ്പുറം ജില്ലാ കളക്ടർ ഹാജരായിട്ടില്ലെന്നും ഹജ്ജ് കമ്മിറ്റിയിൽനിന്നും ഒരു പ്രതിനിധി മാത്രമാണ് ഹാജരായിട്ടുള്ളതെന്നും ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഹജ്ജ് കമ്മിറ്റിയെ പ്രതിനിധീകരിച്ച് എക്സിക്യൂട്ടീവ് ഓഫീസറായ മലപ്പുറം ജില്ലാ കളക്ടർ സമിതിയിൽ ഹാജരാകാത്തതിന്റെ കാരണം ആരായുകയും പ്രധാനപ്പെട്ട സബ്ജക്ട് കമ്മിറ്റി യോഗത്തിൽ കളക്ടർ ഹാജരാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

നിലവിൽ ഹജ്ജ് ഹൗസിൽ വനിതാ തീർത്ഥാടകർക്കായി ഡോർമെട്രിയും ടോയ്‌ലറ്റും നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് ആഭ്യന്തരവകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇപ്പോൾ നിലവിലുള്ള 90 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നതിന് പുറമേ പൊതുജനങ്ങളിൽനിന്നുള്ള സംഭാവനയും സ്വീകരിക്കണമെന്നുള്ള ധാരണയുണ്ടെന്നും ഹജ്ജ് കമ്മിറ്റി പ്രതിനിധി സമിതിയെ

അറിയിച്ചു. വനിതാ ഹജ്ജ് തീർത്ഥാടകർക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമത്തിനുമായി ടോയ്‌ലറ്റുകളും ഡോർമെറ്ററിയും പ്രെയർഹാളും പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും ഹാജരാക്കാൻ ഹജ്ജ് കമ്മിറ്റി പ്രതിനിധിയോട് സമിതി നിർദ്ദേശിച്ചു. ആയതിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ട്രഷറികളും അക്കൗണ്ടുകളും സംബന്ധിച്ച X-ാം ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ ട്രഷറിക്കുവേണ്ടിയുള്ള പുതിയ കെട്ടിടങ്ങളുടെയും തകരാറുള്ള കെട്ടിടങ്ങളുടെയും നിർമ്മാണം നടത്തുന്നതിനുമുള്ള പ്രവർത്തികൾ വേണ്ടത്ര വേഗതയിൽ നടക്കുന്നില്ലെന്നും, ചടയമംഗലത്ത് ട്രഷറിക്ക് വർക്കിംഗ് ഫണ്ട് കൊടുത്തിട്ടും, കെട്ടിടത്തിനുള്ള സ്ഥലം പഞ്ചായത്ത് നൽകിയിട്ടും നിർമ്മാണം നാളിതുവരെ തുടങ്ങിയിട്ടില്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. ശാസ്താംകോട്ട സബ്ട്രഷറിക്ക് 75 ലക്ഷത്തിന്റെ ഭരണാനുമതി ലഭിച്ചെങ്കിലും, നാളിതുവരെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന് സമിതി അംഗം ചൂണ്ടിക്കാട്ടി. തുടർന്ന് സ്ഥലവും ഫണ്ടും ഉള്ളതും ഭരണാനുമതി ലഭിച്ചതുമായ എല്ലാ ട്രഷറികളുടെയും നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും മോണിട്ടർ ചെയ്യുന്നതിനുമുള്ള  നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

213 ട്രഷറികളിൽ 125 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും, ബാക്കി സ്വന്തമായി സ്ഥലമുള്ള 15 എണ്ണത്തിന് കെട്ടിടത്തിനുള്ള അനുമതി ആയിട്ടുണ്ടെന്നും, മിനി സിവിൽ സ്റ്റേഷൻ വരുന്നിടത്ത് അവിടെത്തന്നെ സ്ഥലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കഴിഞ്ഞ മാസം അവലോകനം നടത്തിയപ്പോൾ പതിനഞ്ചോളം ട്രഷറികൾക്ക് പഞ്ചായത്ത് സ്ഥലം അനുവദിച്ചിട്ടുള്ളതായി മനസ്സിലായിട്ടുണ്ടെന്നും ഇവയുടെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷാവസാനത്തോടുകൂടി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ട്രഷറി ഡയറക്ടർ യോഗത്തിൽ ഹാജരാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പടുത്തുകയും യോഗത്തിൽ ഹാജരാകാഞ്ഞതിന് ട്രഷറി ഡയറക്ടിൽനിന്നും വിശദീകരണം ആവശ്യപ്പെടാൻ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു.

നെന്മാറയിൽ ഒരു ട്രഷറി ഓഫീസ് വേണമെന്ന് ഏറെ നാളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ സ്ഥലവും സൗകര്യവും തരാമെന്ന് കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചപ്പോൾ നെറ്റ് വഴി എല്ലാ സൗകര്യങ്ങളും ലഭ്യമാകുന്ന സാഹചര്യം വരുന്നതുകൊണ്ട് പുതിയ ട്രഷറികളൊന്നും ആരംഭിക്കുന്നില്ലെന്നാണ് പറഞ്ഞതെന്നും  വീണ്ടും പുതിയ ട്രഷറികൾ ആരംഭിക്കുന്നു എന്നാണ് ഇപ്പോൾ അറിയുന്നതെന്നും, നെന്മാറയിൽ ഒരു ട്രഷറി വേണമെന്ന ആവശ്യം ജനങ്ങൾ നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുകയാണെന്നും, സമിതി അംഗം

അറിയിച്ചു. നെന്മാറയിൽ ഒരു ട്രഷറി ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഫയൽ തയ്യാറാക്കി സമർപ്പിക്കണമെന്ന് ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

ട്രഷറികളുടെ ആധുനികവൽക്കരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണെന്നും രണ്ടുമാസം മുൻപ് തിരുവനന്തപുരം ജില്ലയിൽ ഓൺലൈനായി ശമ്പളം കൊടുത്തുതുടങ്ങിയതായും, ഈ മാസം മുതൽ എറണാകുളം ജില്ലയിലും ഓൺലൈനായി ശമ്പളം കൊടുത്തു തുടങ്ങുമെന്നും, ആറു മാസത്തിനുള്ളിൽ സംസ്ഥാനം മുഴുവനും ഓൺലൈനായി ശമ്പളം കൊടുത്തു തുടങ്ങുമെന്നും ഇപ്പോൾ ട്രഷറികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ട്രഷറി നൽകുന്ന സേവനങ്ങൾക്ക് ചെലവ് വളരെയധികം വരുന്നുണ്ടെന്നും ചെലവ് കുറച്ചുകൊണ്ടുവരേണ്ടത് ആവശ്യമായതിനാൽ പുതിയ ട്രഷറികൾ തുടങ്ങാൻ ചില ബുദ്ധിമുട്ടുകളുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. പുതിയതായി ട്രഷറികൾ എങ്ങും അനുവദിച്ചിട്ടില്ലെന്നും, നേരത്തെ അനുമതി നൽകിയ സ്ഥലങ്ങളിൽ മാത്രമേ പുതിയ ട്രഷറി ആരംഭിച്ചിട്ടുള്ളു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ട്രഷറി നിക്ഷേപ സംവിധാനം ആകർഷകമാക്കുന്നതിനും ബാങ്കുകളുമായുള്ള മത്സരത്തിൽ ട്രഷറികളിലെ നിക്ഷേപസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ തരത്തിലുള്ള ഒരു പ്രോജക്ട് തയ്യാറാക്കേണ്ടത് കേരളത്തിലെ സാമ്പത്തിക സ്ഥിതിയ്ക്ക് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി.

ട്രഷറികളിലെ പലിശനിരക്ക് കൂട്ടുന്നതിന് റിസർവ്വ് ബാങ്കിൽനിന്നും എന്തെങ്കിലും എതിർപ്പുണ്ടോയെന്ന് സമിതി ആരാഞ്ഞു. ട്രഷറികൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനമല്ലാത്തതിനാൽ ഡെപ്പോസിറ്റ് മൊബിലൈസ് ചെയ്യുന്നതിന് റിസർവ്വ് ബാങ്കിൽനിന്നും അനുമതി ലഭിക്കുകയില്ലെന്നും, ഗവൺമെന്റ് സ്ഥാപനങ്ങളും ഗവൺമെന്റ് ഉദ്യോഗസ്ഥരും പെൻഷൻ വാങ്ങുന്നവരുമാണ് ട്രഷറിയിൽ പണമിടുന്നതെന്നും ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. മൊബിലൈസ് ചെയ്യാതെ ഡെപ്പോസിറ്റായി പണമിട്ടാൽ എന്തെങ്കിലും കുഴപ്പമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ബാങ്കുകൾക്ക് തുല്യമായ പലിശ കൊടുത്തുകൊണ്ട് ഒരു ശ്രമം നടത്താവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പലിശ കുറഞ്ഞാലും ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന് സമ്മാനമോ ഇൻഷ്വറൻസോ കൊടുക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് സമിതി അംഗം ആരാഞ്ഞതിന് പലിശ മാത്രമേ ആകർഷകമാക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി ചെയർമാൻ മറുപടി നൽകി. ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അല്ലാതെ സ്ഥിരനിക്ഷേപം സ്വീകരിക്കുകയില്ലേയെന്ന് സമിതി അംഗം ആരാഞ്ഞതിന് സ്ഥിര നിക്ഷേപം ഉണ്ടെങ്കിലും ഡിപ്പോസിറ്റ് മൊബിലൈസ് ചെയ്യുന്നതിനും റദ്ദാക്കുന്നതിനും റിസർവ് ബാങ്ക് അനുമതി തരില്ല എന്ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

പെൻഷൻകാരുടെ നിക്ഷേപത്തിന് ബാങ്കുകൾ കൂടുതൽ ആകർഷകത്വം നൽകുന്നുണ്ടെന്നും, ട്രഷറിയുടെ ഭാഗത്തുനിന്നും അത്തരത്തിലുള്ള ശ്രമമുണ്ടായാൽ എല്ലാവരും ട്രഷറിയിൽ തന്നെ പണം നിക്ഷേപിക്കു മെന്നും അങ്ങനെ ഒരു ശ്രമം ട്രഷറിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ലെന്നും സമിതി വിലയിരുത്തി. ട്രഷറി നിക്ഷേപങ്ങൾക്ക് ബാങ്കുകൾക്കു തുല്യമായ പലിശ നൽകിയും സമ്മാനം, ഇൻഷ്വറൻസ് എന്നിവ നൽകിയും കൂടുതൽ പണം ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ജനങ്ങളെ ആകർഷിക്കുന്നതിനുള്ള നോംസ്, കേരളത്തിൽ ട്രഷറിയുടെ പൊതുനിക്ഷേപം, ട്രഷറിയുടെ ഓഹരി എന്നിവ എത്രയാണെന്നുമുള്ള ഒരു പ്രോജക്ട് തയ്യാറാക്കിയ ശേഷം ഇവ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ അടുത്ത സബ്ജക്ട് കമ്മിറ്റി യോഗത്തിൽ സമർപ്പിക്കണമെന്ന് സമിതി ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു. നിയമപരമായി ചെയ്യാവുന്ന കാര്യങ്ങളായിരിക്കണം പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ടത് എന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്തയിനത്തിലെ ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് പല ഓഡിറ്റ് ഓഫീസുകളിലും 2013-14-ലെ കുടിശ്ശിക നൽകാനുള്ളതിനാലും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ജില്ലാ കാര്യാലയങ്ങളിലേക്കായി 14 പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വകുപ്പുകളിൽ നിന്നും അധികമായുള്ള സ്റ്റാഫിനെ ഡെപ്യൂട്ടേഷനിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നൽകുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സമിതി ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു.

തുടർന്ന് ജില്ലാ ഭരണവും പലവകയും സംബന്ധിച്ച XI-ാം ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച ചെയ്തു. ദേശീയ സമ്പാദ്യ പദ്ധതിയുടെ വളർച്ച സമിതി വിലയിരുത്തി. ദേശീയ സമ്പാദ്യ വകുപ്പിനുവേണ്ടി റിസർവ് ബാങ്ക് നിയോഗിച്ച കമ്മിറ്റിയിൽ പ്രശ്നങ്ങളുള്ളതിനാൽ മൊബിലൈസ് ചെയ്യുന്ന സമ്പാദ്യത്തിന്റെ ചെലവ് വളരെ കൂടുതലാണെന്നും, ഈ പദ്ധതി ഗവൺമെന്റിന് ലാഭകരമല്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നാഷണൽ സേവിംഗ്സ് സാധാരണ ജനങ്ങൾക്ക് പങ്ക് ചേരാവുന്ന സംവിധാനമായതിനാൽ നാഷണൽ സേവിംഗ്സിന്റെ പുരോഗതിക്കായി ഒരു പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞു. കേരളം ഒഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളുടെ പൊതുസമീപനം നാഷണൽ സേവിംഗ്സിൽ വലിയ കളക്ഷൻ വേണ്ട എന്നുള്ളതാണ്. കേരളത്തിൽ മാത്രമാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി ഏജന്റുമാർക്ക് അഞ്ചേകാൽ ശതമാനം പ്രതിഫലമായി

നൽകുന്നതെന്നും, അങ്ങനെ പ്രതിഫലം നൽകിയാൽ കേന്ദ്ര ഗവൺമെന്റ് കമ്മീഷൻ കുറയ്ക്കും എന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇവരെ സഹായിക്കുന്നതിനു വേണ്ടി 2012 ജൂൺ മാസം മുതൽ അവരുടെ സേവനം, ഗവൺമെന്റിന്റെ സേവന വികസന മേഖലകളിൽക്കൂടി വിനിയോഗിച്ചുകൊണ്ട് ഇവർക്ക് പ്രതിഫലം നൽകുക യാണ് ചെയ്തതെന്നും ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് അവരുടെ സമ്പാദ്യ സമാഹരണത്തോടൊപ്പം മറ്റ് ഗവൺമെന്റ് പ്രവർത്തനങ്ങളുംകൂടി ഏറ്റെടുത്ത് ഗവൺമെന്റ് സൗജന്യ സേവനം നടത്തുക യുണ്ടായി എന്നും ഊർജ്ജ സംരക്ഷണം, പച്ചക്കറികൃഷി എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയുണ്ടായി എന്നും അദ്ദേഹം സമിതിയെ തുടർന്നറിയിച്ചു.

നാഷണൽ സേവിംഗ്സിന് അലവൻസും മറ്റും കൊടുക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ഏജന്റുമാരോടുകൂടി ആലോചിച്ച് ഈ സേവിംഗ്സ് കേരള ഗവൺമെന്റിന്റെ കീഴിൽ തുടങ്ങാൻ സാധിക്കുകയില്ലേ എന്ന് സമിതി ആരാഞ്ഞു. കുറച്ചുവർഷങ്ങൾക്കു മുൻപുവരെ നാഷണൽ സേവിംഗ്സ് ആക്ടീവായിട്ട് പ്രൊമോട്ട് ചെയ്യുകയും മൊബിലൈസ് ചെയ്യുകയുമുണ്ടായിരുന്നു എന്നും, അതിൽ നിന്നും സമാഹരിക്കുന്ന തുകയുടെ 75 % വരെ കേന്ദ്ര ഗവൺമെന്റിൽ നിന്നും, സംസ്ഥാന ഗവൺമെന്റിന് ലോൺ ആയി ലഭിക്കുമായിരുന്നെന്നും കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും തമ്മിൽ ഒരു പഠനം നടത്തിയപ്പോൾ ഇതിന്റെ ചെലവ് വളരെ കൂടുതലായതിനാൽ മുന്നോട്ട് പോകാൻ കഴിയാഞ്ഞതിനാലാണ് പോളിസിയിൽ മാറ്റം വന്നതെന്നും നാഷണൽ സേവിംഗ്സ് ഒരു സംസ്ഥാനവും കാര്യമായി മൊബിലൈസ് ചെയ്യുന്നില്ലെന്നും, ഇതു സംബന്ധിച്ച് ഒരു പഠനം നടത്താമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ഫീസ് ഉൾപ്പെടെ കളക്ട് ചെയ്യുന്നതു മൂലമുള്ള കമ്മീഷൻ നാഷണൽ സേവിംഗ്സിന് ലഭിക്കുന്നുണ്ടെന്നും, കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതമായ സമ്പാദ്യത്തിന് സഹായകരമായ ഒരു പദ്ധതി കേരള ഗവൺമെന്റ് കൊണ്ടുവരുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച് ഒരു പ്രൊപ്പോസൽ റിസർവ് ബാങ്കിന്റെ അനുമതിക്ക് നൽകുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി സമിതിക്ക് സമർപ്പിക്കാമെന്ന് നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിക്ക് റിസർവ് ബാങ്കിന്റെ അനുമതി വേണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ സമിതിയെ തുടർന്നറിയിച്ചു. നമ്മുടെ വികസനത്തിന്റെ പ്രധാന ഇൻഡക്സായ സേവിംഗ്സ് മൊബിലൈസേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിലാകെ 36 ശതമാനത്തിൽ നിന്നും 31 ശതമാനമായി കുറയുകയുണ്ടായെന്നും, ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് പണം പിരിക്കുന്നത് ഏറ്റവും പാവപ്പെട്ട ആളുകളിൽ നിന്നായതിനാൽ ഇത് വലിയ സാമൂഹ്യ സേവനമാണെന്ന് മനസ്സിലാക്കി യാണ് കേരള ഗവൺമെന്റ് ഇതിനെ നിലനിർത്തിയിരിക്കുന്നതും ഇൻസെന്റീവ്സ് തുടർന്നും കൊടുത്തുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു.

നിരീക്ഷിക്കാൻ ആളില്ലെങ്കിൽ സ്വകാര്യ സംരംഭങ്ങളിൽ ഉണ്ടാകുന്നതുപോലുള്ള തട്ടിപ്പ് നടക്കുമെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. സബ്ജക്ട് കമ്മിറ്റിയുടെ നിരീക്ഷണ ത്തിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് ഗവർണ്ണറുമായി സർക്കാർ ചർച്ച നടത്തേണ്ടതാണെന്നും ഇതിൽ മറ്റ് സംസ്ഥാനങ്ങളുമായി ഒരു ബന്ധവുമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

ദേശീയ സമ്പാദ്യ പദ്ധതിയെ ജനങ്ങൾക്ക് സഹായകരമായ ഒരു പദ്ധതിയായി നിലനിർത്തി ആയിരക്കണക്കിന് ആളുകളുടെ ജീവിതമാർഗ്ഗമെന്ന നിലയിലും സുരക്ഷിതമായ സമ്പാദ്യത്തിന് സഹായകരമായ തരത്തിലും കേരള ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിന്റെ അനുമതിക്കുവേണ്ടി കൊടുക്കത്തക്ക വിധത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

തുടർന്ന് ദേശീയ സമ്പാദ്യ വകുപ്പിൽ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് 16.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ്, ദിവസ വേതന ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവമൂലമുണ്ടാകുന്ന അധികച്ചെലവിനായി 42,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

അവധി യാത്രാനുകൂല്യം നൽകുന്നതിന് ബഡ്ജറ്റിൽ ഇപ്പോൾ വകയിരുത്തിയി ട്ടുള്ള തുക അപര്യാപ്തമായതിനാൽ 85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഡയറക്ടറേറ്റിലേയും 14 ജില്ലാ ഓഫീസുകളിലേയും വെള്ളം, വൈദ്യുതി, ടെലഫോൺ, കമ്പ്യൂട്ടർ, സ്റ്റേഷനറി, മറ്റു ചെലവുകൾ എന്നിവയ്ക്കായി 1.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിന്റെ വാടക പുതുക്കി നിശ്ചയിക്കണ മെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രധാന പ്രചരണ ഉപാധിയായ വാലറ്റ് ഡയറി പുറത്തിറക്കുന്നതിനായി 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിലെ 2 വാഹനങ്ങൾ കണ്ടം ചെയ്തെങ്കിലും ഒരു വാഹനം മാത്രമേ പുതുതായി വാങ്ങിയിട്ടുള്ളൂ. ആയതിനാൽ ഒരു പുതിയ വാഹനം കൂടി വാങ്ങുന്നതിനായി 10.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 9.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കളക്ടറേറ്റിൽ ക്ഷാമബത്തയിൽ വർദ്ധനവുണ്ടാകുന്നതിനാൽ 9.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

അവധി യാത്രാനുകൂല്യം നൽകുന്നതിന് 1.15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ജില്ലാ ഓഫീസുകളിൽ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് കൊടുത്തു തീർക്കുന്നതിനായി 01—ശമ്പളയിനത്തിൽ 34.81 ലക്ഷം രൂപയും താൽക്കാലിക ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും പാർട്ട്ടൈം ജീവനക്കാരുടെ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവും മൂലമുണ്ടാകുന്ന ചെലവിന് 85,000 രൂപ 02—വേതനം ഇനത്തിലും അവധി യാത്രാനുകൂല്യം നൽകുന്നതിന് 04—യാത്രാ ചെലവുകൾ ഇനത്തിൽ 5.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാലും 10/2013 മുതലുള്ള തുക കുടിശ്ശികയുള്ളതിനാലും 4400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഭവനവായ്പ നൽകാൻ 50 ലക്ഷം രൂപ നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ ഈ ഇനത്തിൽ ഒരു ശീർഷകം അനുവദിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു ഭവന വായ്പയ്ക്കായി അപേക്ഷിച്ചിട്ടുള്ള 472 ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 472 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് നടന്ന സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച് XLVI-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇൻഷ്വറൻസ് വകുപ്പിൽ സെൻട്രലൈസ്ഡ് പേയ്മെന്റും താരിഫ് ചാർജിലുള്ള വർദ്ധനവുംമൂലമുണ്ടാകുന്ന അധികബാധ്യത കണക്കിലെടുത്ത് 4.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ചാർജ്ജ് ഈടാക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വാടക, കരം, നികുതി എന്നിവയുടെ നിരക്കുകളിലുള്ള വർദ്ധനവുമൂലം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഹൗസിങ് ബോർഡ് ബിൽഡിങ്ങിൽ ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാനകാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 47.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ആസ്ഥാനകാര്യാലയത്തിലെ പഴയ വാഹനം മാറ്റുന്നതിനും ജില്ലാ ഓഫീസുകളിൽ വാഹന സൗകര്യം ലഭ്യമാക്കുന്നതിനുമായി 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് നടന്ന പലവക വായ്പകളും മുൻകൂറുകളും സംബന്ധിച്ച് XLV-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ 2013-14 സാമ്പത്തിക വർഷം പരിഗണിക്കാനുള്ള രണ്ടായിരത്തിലധികം ഭവന വായ്പ അപേക്ഷകളും 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വായ്പാ അപേക്ഷകളും ഒന്നിച്ച് പരിഗണിക്കേണ്ടിവരുന്നതിനാൽ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥൻമാർക്കുള്ള ഭവന വായ്പയ്ക്ക് അധികമായി 150 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ നിരസിച്ച അപേക്ഷകളും 2014-15-ൽ പ്രതീക്ഷിക്കുന്ന അപേക്ഷകളും ഒന്നിച്ച് ടി സാമ്പത്തികവർഷം പരിഗണിക്കേണ്ടിവരുന്നതിനാൽ മറ്റ് വാഹനങ്ങൾ വാങ്ങുന്നതിന് മുൻകൂറുകൾ എന്ന ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഈടാക്കാൻ കഴിയാത്ത ഭവനവായ്പ എഴുതിത്തള്ളൽ എന്ന ശീർഷകത്തിൽ 2013-14 സാമ്പത്തിക വർഷം അനുവദിച്ചതിൽ കൂടുതൽ തുക ഇതിനകം ചെലവായിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നടപ്പു സാമ്പത്തികവർഷത്തെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയെക്കാൾ വളരെയധികമായതിനാൽ ചികിത്സയ്ക്ക് നൽകുന്ന പലിശരഹിതവായ്പ എഴുതിതള്ളൽ എന്ന ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. തുടർന്ന് കാർഷികാദായ നികുതിയും, വിൽപ്പന നികുതിയും സംബന്ധിച്ച V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച ചെയ്തു.

2013-14 സാമ്പത്തികവർഷം അവധിയാത്രാനുകൂല്യം നൽകുന്നതിനായി ഇതുവരെയുള്ള ചെലവ് 54,000 രൂപയാണ് ഇപ്പോൾ അനുവദിച്ച തുക തുലോം കുറവായതിനാൽ 56,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വാണിജ്യ നികുതി ഓഫീസുകൾ—ഓഫീസ് ചെലവുകൾ—വെള്ളക്കരം എന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്നും ഇതുവരെ വെള്ളക്കരം ഇനത്തിൽ 6,76,044 രൂപ ചെലവായെന്നും സമിതി മനസ്സിലാക്കി. 2014-15-ൽ അനുവദിച്ച തുക തുലോം കുറവായതിനാൽ 7.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്ഥലം മാറ്റബത്ത ഇനത്തിൽ ഇതുവരെ 8,29,160 രൂപ ചെലവായതിനാലും ചെലവ് ഇനിയും വർദ്ധിക്കാൻ സാധ്യതയുളളതുകൊണ്ടും 12.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള വൈദ്യുതി ചെലവ് 49,93,083 രൂപയാണ്. 201415-ൽ വൈദ്യുതി ചെലവ് കൂടുവാൻ സാധ്യതയുള്ളതിനാലും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാലും 37.2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും എന്ന ശീർഷകത്തിൽ അനുവദിച്ച തുകയിൽ കൂടുതൽ ചെലവ് വന്നതിനാലും ഇതുവരെ 66,74,708 രൂപ ചെലവായതിനാലും ചെലവ് ഇനിയും വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും 27 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ ഇതുവരെ 54,94,823 രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ചെലവായിട്ടുള്ളതിനാലും ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും 23.77 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ വേതനം ഇനത്തിൽ ഇതുവരെ 3,00,92,483 രൂപ ചെലവായതിനാലും ഇനിയും കൂടുതൽ തുക ചെലവാകുവാൻ സാധ്യതയുള്ളതിനാലും 22.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പി.ഒ.എൽ. ഇനത്തിൽ 2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക തികയാത്തതിനാൽ 25 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഇതുവരെ 2,15,95,100 രൂപ ചെലവായതായും സമിതി മനസ്സിലാക്കി. ആയതിനാൽ 85 .4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തികവർഷത്തിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി അനുവദിച്ച തുക തികയാത്തതിനാൽ 23 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഇതുവരെ ഈ ഇനത്തിൽ 3,59,93,810 രൂപ ചെലവായതിനാലും ഇനിയും കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാലും 200 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2013-14 സാമ്പത്തികവർഷത്തിൽ വേതനം എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതുവരെയുള്ള ചെലവ് 45,85,000 രൂപയാണ്. 2014-2015 സാമ്പത്തിക വർഷം ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കണ്ണൂരിൽ പുതിയ വാണിജ്യ നികുതി കാര്യാലയം, വാളയാറിൽ നിലവിലുള്ള സംവിധാനത്തിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം, മഞ്ചേശ്വരം സംയോജിത

ചെക്ക് പോസ്റ്റ് നിർമ്മാണം, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ വെയ്ബ്രിഡ്ജുകളോട് കൂടിയ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ, പെർള ചെക്ക് പോസ്റ്റിൽ വെയിംഗ് ബ്രിഡ്ജും, അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന്, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ അനുബന്ധ ഓഫീസ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്, വയനാട്ടിൽ പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് എന്നീ പദ്ധതി പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയും 4475 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വ്യാപാരി ക്ഷേമ ബോർഡിൽ 60 വയസ്സ് കഴിഞ്ഞതും തുടർച്ചയായി 10 വർഷം പുതുക്കിയിട്ടുള്ളതും കച്ചവട ലൈസൻസ് ഉള്ളവർക്കും അവരുടെ മെമ്പർഷിപ്പ് ക്ലാസിനനുസരിച്ച് പെൻഷൻ നൽകിവരുന്നു. 1-4-2013-ൽ സി, ഡി ക്ലാസുകളിൽ യഥാക്രമം 100 രൂപ, 250 രൂപ വർദ്ധനവ് പെൻഷനിൽ വരുത്തിയത് 2014-15 കാലയളവിൽ നൽകേണ്ടി വരുന്നതിനാൽ 700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ക്ഷാമബത്ത വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശമ്പളയിനത്തിൽ അധികം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് നടന്ന സ്റ്റേറ്റ് ലോട്ടറി വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യത്തിന് വരുന്ന സിനിമാ നടൻമാർ പ്രതിഫലം വാങ്ങുന്നുണ്ടോ, എന്ന് സമിതി ആരാഞ്ഞു. സിനിമാ നടൻമാർ പ്രതിഫലം വാങ്ങുന്നില്ലെന്നും, ഫിലിം ഫ്രാറ്റേണിറ്റി എന്ന സംഘടനയാണ് അത് ഏറ്റെടുത്ത് നടത്തുന്നതെന്നും സ്റ്റേറ്റ് ലോട്ടറി ഡയറക്ടർ സമിതിയെ അറിയിച്ചു. സിനിമാനടൻമാർക്ക് പ്രതിഫലം നൽകി പരസ്യം നൽകേണ്ടതില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

2013 സെപ്റ്റംബറിനു ശേഷം ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. 5500 കോടി രൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന 2014-15-ൽ ഏകദേശം 1815 കോടി രൂപ പ്രതീക്ഷിക്കുന്നതിനാൽ 615 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുൻ വർഷങ്ങളിലെ വിറ്റുവരവിനേക്കാൾ കൂടുതൽ ഈ വർഷം പ്രതീക്ഷിക്കുന്നതിനാലും അതിന് ആനുപാതികമായി ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാലും 840 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കാരുണ്യ ചികിത്സാ സഹായ ഫണ്ടിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതിനാൽ 325 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് 10.81 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഓഫീസ് ചെലവുകൾക്കായി 6.16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2014-15 ലെ ബഡ്ജറ്റ് പരാമർശമനുസരിച്ച് 11 പുതിയ താലൂക്ക് ഓഫീസുകൾ ആരംഭിക്കുന്നതിനും ഭാഗ്യക്കുറി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുന്നതിനുമായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ജോലിചെയ്യുന്ന 150-ഓളം ദിവസ വേതനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിലേയ്ക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കഴിഞ്ഞ സാമ്പത്തികവർഷം 35 ലക്ഷം രൂപ സംസ്ഥാന ഭാഗ്യക്കുറിയുടെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ വാടക, കരം, നികുതി ഇനത്തിൽ ചെലവായതിന് ആനുപാതികമായി 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പുതുതായി ആരംഭിച്ചിട്ടുള്ള 3 താലൂക്ക് ഓഫീസുകളും ബഡ്ജറ്റ് പരാമർശത്തിലുൾപ്പെട്ട പുതിയ 11 താലൂക്ക് ഭാഗ്യക്കുറി ഓഫീസുകളുടെയും പ്രവർത്തന ചെലവിലേക്കായി 01—ശമ്പളം, 02—വേതനം, 04—യാത്രാ ചെലവുകൾ, 05—ഓഫീസ് ചെലവുകൾ, 06—വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലായി ആകെ 2.32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കുന്നത് വില്പനയെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. ലോട്ടറിയിലും, മദ്യത്തിലും അകപ്പെടുന്ന ഒരു സമൂഹത്തിന് പ്രവർത്തിക്കാൻ കഴിയില്ലെന്നും, ടിക്കറ്റ് വില വർദ്ധിപ്പിച്ചാലും, വില്പന പഴയതുപോലെ ആയതിനാൽ അതിന്റെ സാമൂഹ്യ പ്രത്യാഘാതം വളരെ മോശമായിരിക്കുമെന്നും ടിക്കറ്റിന്റെ വില കൂടുന്നത് നല്ല പ്രവണത അല്ലെന്നും, സമിതി അംഗം അഭിപ്രായപ്പെട്ടു. ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കുമ്പോൾ വിറ്റ് വരവിലുണ്ടാകുന്ന വർദ്ധനവ്, ടിക്കറ്റിന്റെ ചെലവിലുണ്ടായ വ്യതിയാനം, വില വർദ്ധിപ്പിക്കുമ്പോഴുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം എന്നിവ സംബന്ധിച്ച് സർവ്വേ അടിസ്ഥാനത്തിൽ ഒരു പഠനം നടത്താൻ സമിതി നിർദ്ദേശിച്ചു.

ക്വാറികളുമായി ബന്ധപ്പെട്ട നികുതി വർദ്ധിപ്പിച്ചത് സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. പാറ ഷെയ്പ് ചെയ്യുന്നതു കൊണ്ടാണ് ഇത്രയും ക്വാളിറ്റിയിൽ റോഡുകൾ നിലനിൽക്കുന്നതെന്നും, ഷെയിപിംഗ് മെഷീന് വില കൂട്ടിയത് തിരിച്ചടിയാകുമെന്നും, എം. സാന്റ് പോലെ പാറ ഷെയ്പ് ചെയ്ത് എടുക്കുന്ന മെഷീന്റെ ടാക്സ് കൂടുതൽ

വർദ്ധിപ്പിച്ചിരിക്കുകയാണെന്നും, ഷെയിപ്പിംഗ് മെഷീൻ വാങ്ങി വയ്ക്കുന്നവർക്ക് മാത്രമേ ഈ വർക്ക് ചെയ്യാൻ സാധിക്കൂ എന്നും, അതുകൊണ്ട് ടാക്സ് വർദ്ധിപ്പിച്ചത് സംബന്ധിച്ച് ഒരു പഠനം നടത്തണമെന്നും, സമിതി അംഗം അഭിപ്രായപ്പെട്ടു. നികുതി വർദ്ധനവ് ഗവൺമെന്റിനെയാണ് ബാധിക്കുന്നതെന്നും, ആകെ വർക്കിന്റെ 60 ശതമാനവും ഷെയിപിംഗ് മെറ്റീരിയൽസ് വാങ്ങി ഉപയോഗിക്കുന്നത് പി.ഡബ്ല്യൂ. ഡി. റോഡിന്റെയും കെട്ടിടത്തിന്റെയും പണിയ്ക്കാണെന്നും, നികുതി കൂട്ടാതിരിക്കാൻ സാധിക്കുകയില്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. ക്രഷറിന്റെ ടാക്സ് വർദ്ധിപ്പിച്ചത് ഗവൺമെന്റിനെയും സാധാരണക്കാരനെയും എങ്ങനെ ബാധിക്കുന്നു എന്നതു സംബന്ധിച്ച് പഠനം നടത്താൻ സമിതി നികുതി വകുപ്പിനോട് നിർദ്ദേശിച്ചു.

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ പുതുതായി വർഷമാപിനികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി പ്രത്യേക ശീർഷകം അനുവദിച്ച് 1,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സ്ഥലം പൊന്നുവിലയ്ക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവൻ ഉപയോഗിച്ചതിനാലും പുതിയ സാമ്പത്തിക വർഷം ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുവിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയ്ക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ഡീസൽ ATF ലേക്ക് എഞ്ചിൻ മാറ്റുന്നതിനും എയർപോർട്ട് പെരിമീറ്റർ റോഡ് നിർമ്മിക്കുന്നതിനും മിഗ് വിമാനം സ്ഥാപിക്കാൻ പ്ലാറ്റ് ഫോം പണിയുന്നതിനുമായി ബഡ്ജറ്റിൽ തുക അനുവദിച്ചി ട്ടില്ലാത്തതിനാൽ 7.18 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എം.എൽ.എ.-മാരുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പണികൾക്ക് യഥാസമയം ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകാത്ത തിനാൽ ലാപ്സായിപ്പോകുകയാണെന്നും, സമയബന്ധിതമായി തീരുമാനം ഉണ്ടാകാത്ത തിനാൽ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളോട് ഭരണാനുമതി കൊടുക്കാനാണ് പറഞ്ഞിട്ടുള്ളതെന്നും, സമിതിയിൽ ചർച്ച ചെയ്ത് ശിപാർശ നൽകി

ആവശ്യമായ മാറ്റം വരുത്താമെന്നും ധനകാര്യവകുപ്പിൽ നിന്നും ഇതിനുള്ള സ്കീം ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം നൽകാമെന്നും ചെയർമാൻ അറിയിച്ചു. ചില പണികൾക്ക് ഭരണാനുമതി കിട്ടിയാലും സാങ്കേതികാനുമതി കിട്ടാത്തതു സംബന്ധിച്ച് ധനകാര്യ വകുപ്പ് അവലോകനം നടത്തിയശേഷം റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് 12.00–ന് പിരിഞ്ഞു.

## 25-2-2014-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2014 ഫെബ്രുവരി 25–ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 5 ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്–ഒഫീഷ്യോ അംഗം ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ
2. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. കെ.സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
2. ഡോ. എ. കൗശിഗൻ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
3. ശ്രീ. എക്സ്. അനിൽ, എക്സൈസ് കമ്മീഷണർ
4. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി സാധന.എസ്.നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. കെ. സുരേഷ് ബാബു, അഡീഷണൽ എക്സൈസ് കമ്മീഷണർ (അബ്കാരി)
7. ശ്രീ. ആർ. കെ. ശ്രീകുമാരൻ ചെട്ടിയാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ
8. ശ്രീ. പി. വി. മുരളി കുമാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ, എ.പി.സി.
9. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ട്രഷറി വകുപ്പ്

സമിതി 2014-2015 ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ VII, VIII എന്നിവ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ നടന്ന ചർച്ചയിൽ രജിസ്ട്രേഷൻ, ജോയിന്റ് ഇൻസ്പെക്ടർ ജനറലിന്റെയും തൃശൂർ ഡി.ഐ.ജി.-യുടെയും കണ്ടംചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതോടൊപ്പം സെമിനാറുകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട മൂന്ന് രജിസ്ട്രാർ ഓഫീസുകൾ കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിനായി ഒഴിയേണ്ടി വരുന്നതിനാൽ പുതിയ വാടക കെട്ടിടങ്ങളുടെ വാടക കൊടുക്കുന്നതിലേക്ക് അധികം തുക ആവശ്യമുള്ളതിനാൽ അധികമായി 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സബ് രജിസ്ട്രാർ ഓഫീസുകളിലെ ടെലഫോൺ ചാർജ്ജ് ഇനത്തിൽ അധികമായി 3 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരളത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നുള്ള കമ്പ്യൂട്ടർ മുഖാന്തിരമുള്ള സേവനങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ ആയതിലേക്കാവശ്യമായ കമ്പ്യൂട്ടർ കൺസ്യൂമബിൾസ് വാങ്ങുന്നതിന് അധികമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം കേന്ദ്രമാക്കി രജിസ്ട്രേഷൻ വകുപ്പിന് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുദ്രപത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് അനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കൊച്ചി മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയ എറണാകുളം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസ്, ഡിസ്ട്രിക്ട് രജിസ്ട്രാർ ഓഫീസ്, പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസ് എന്നിവക്ക് കളക്ടറേറ്റിൽ നിർമ്മിച്ച പുതിയ ബ്ലോക്കിൽ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലമുണ്ടോ എന്ന് ജില്ലാ കളക്ടറോട് അന്വേഷിക്കണമെന്ന് നികുതി വകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. മരടിൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

എൻ.എച്ച് 45-ന്റെ വശം ചേർന്ന് റോഡിലേക്ക് ഇറങ്ങി സ്ഥിതി ചെയ്യുന്നതിനാൽ കുറച്ചുകൂടി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കണമെന്നും ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഓഫീസായതിനാൽ കെട്ടിട നിർമ്മാണങ്ങളുടെ മുൻഗണനാ പട്ടികയിൽ ആദ്യത്തേതായി കൊടുക്കണമെന്നും നികുതി വകുപ്പ് സെക്രട്ടറിയോട് സമിതി അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

രജിസ്ട്രേഷൻ ഓഫീസിന്റെ മെയിന്റനൻസ് ചെയ്യുന്നത് പി.ഡബ്ല്യു.ഡി. മുഖേനയാണെന്ന് ഇതു സംബന്ധിച്ച ചോദ്യത്തിന് നികുതി വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഇപ്പോൾ പല വകുപ്പുകളും ഏജൻസികളെ ഏൽപ്പിച്ചുകൊണ്ടാണ് പുതിയ കെട്ടിടങ്ങൾ പണിയുന്നതെന്നും ആയതിനാൽ അവയുടെ മെയിന്റനൻസ് ചെയ്യാൻ പി.ഡബ്ല്യു.ഡി. തയ്യാറാകുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. മെയിന്റനൻസിനായി രജിസ്ട്രേഷൻ വകുപ്പിൽ ഫണ്ടില്ലെന്നും, പി.ഡബ്ല്യൂ.ഡി.-യുടെ ഹെഡ്ഡിൽ നിന്നാണ് മെയിന്റനൻസിനു വേണ്ടി ഫണ്ട് കൊടുക്കുന്നതെന്നും പുതിയ കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യു.ഡിക്ക് 180 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും, കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മുൻഗണന കൊടുക്കാമെന്നും, ബഡ്ജറ്റ് പ്രൊവിഷന്റെ 150% പണി വകുപ്പിനുതന്നെ തീരുമാനിക്കാവുന്നതാണെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി.

തുടർന്ന് VIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ എക്സൈസ് വകുപ്പുമായി നടത്തിയ ചർച്ചയിൽ സമൂഹത്തിൽ മദ്യാസക്തി വളരെയധികം കൂടിവരുന്ന സാഹചര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കേരളീയ സമൂഹത്തിലെ വർദ്ധിച്ചുവരുന്ന കടുത്ത മദ്യാസക്തിയും അതിന്റെ സാമൂഹിക പ്രത്യാഘാതങ്ങളും കണക്കിലെടുത്ത് കൊണ്ട്, ലഹരി വിരുദ്ധ ക്ലബുകൾ, കെ.എസ്.ആർ.ടി.സി. ബസുകളിലെ ലഹരി വിരുദ്ധ പരസ്യങ്ങൾ, റെയിൽവേ-ബസ് സ്റ്റേഷനുകളിലെ ലഹരി വിരുദ്ധ സന്ദേശങ്ങൾ, അനൗൺസ്മെന്റുകൾ, വിവിധ മാധ്യമങ്ങൾ മുഖേനയുള്ള ഇത്തരം പരസ്യങ്ങൾ, ലഹരി വിരുദ്ധ പ്രചാരണത്തിനായി ടെലിഫിലിമുകൾ, കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ. എസ്. എസ്. മുതലായ ഏജൻസികൾ മുഖേനയുള്ള പ്രചരണം, ഓരോ ജില്ലകൾക്കും പ്രവർത്തനഫണ്ടുകൾ, കോളനികൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനായി പ്രത്യേക ജില്ലാതല പ്രവർത്തനഫണ്ടുകൾ, അട്ടപ്പാടി, വയനാട് മേഖലകളിലെ ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രത്യേക പ്രവർത്തന ഫണ്ടുകൾ, സർക്കാർ ഓഫീസുകൾ മുതലായ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായുള്ള ബോധവൽക്കരണ സ്റ്റിക്കറുകൾ, മറ്റിനങ്ങൾ തുടങ്ങിയ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ബോധവൽക്കരണത്തിന്റെ ഫലമായി മദ്യത്തിന്റെ ഉപഭോഗം വളരെ കുറഞ്ഞിട്ടുണ്ടെന്ന് സമിതി വിലയിരുത്തി. മദ്യത്തിന്റെ ഉപഭോഗവും അതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും മറ്റ് സാമൂഹ്യ പ്രശ്നങ്ങളും സംബന്ധിച്ച പഠനം നടത്തണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശമനുസരിച്ച് മെഡിക്കൽ കോളേജിലെ

കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മൂന്ന് മാസം കൊണ്ട് റിപ്പോർട്ട് ലഭിക്കുമെന്നും കേരളത്തെ മൂന്ന് മേഖലകളായി തിരിച്ച് മൂവായിരം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പഠനത്തിനായി 20 ലക്ഷം രൂപ ചെലവ് വരുമെന്നും ബിവറേജസ് കോർപ്പറേഷനാണ് ഫണ്ട് നൽകുന്നതെന്നും നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

മദ്യത്തിന്റെ ഉപഭോഗം ആരോഗ്യത്തെ ബാധിക്കുമെന്നുള്ളത് സംബന്ധിച്ചുകൂടി ബോധവൽക്കരണം നടത്തണമെന്നും, പുകയിലയുടെ ഉപഭോഗം ക്യാൻസറിന് കാരണമാകുമെന്ന് ബോധവൽക്കരണം നടത്തിയതിന്റെ ഫലമാണ് പുകയില ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞതെന്നും പല വിദേശ രാജ്യങ്ങളും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗത്തിൽ നിന്നും പുതിയ തലമുറയെ വിമുക്തമാക്കുന്നത് കളിയിലൂടെയാണെന്നും കായിക പ്രവർത്തനങ്ങളിലേക്ക് യുവാക്കളുടെ ശ്രദ്ധമുഴുവൻ തിരിച്ചുവിടുകയാണ് ചെയ്യുന്നതെന്നും കേരളത്തിലും ഇത്തരം പരിപാടികൾ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കേരളത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലാണ് മദ്യ വില്പന നടക്കുന്നതെന്നും മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച് ഔദ്യോഗികമായി കണക്ക് വരുന്നതുകൊണ്ടാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ മദ്യ ഉപയോഗം കൂടുതലാണെന്ന് പറയുന്നതെന്നും സമിതി അംഗം വിലയിരുത്തി.

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും വളരെയധികം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., കുടുംബശ്രീ എന്നിവയിലൂടെയുള്ള മദ്യ മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം മുതലാണ് ധനസഹായം കൊടുക്കാൻ തുടങ്ങിയതെന്ന് സമിതി നിരീക്ഷിച്ചു. ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച അവലോകന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് എക്സൈസ് കമ്മീഷണറോട് സമിതി നിർദ്ദേശിച്ചു.

ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കൊടുക്കുന്ന ധനസഹായത്തിനായി 3 കോടി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും അത്രയും തുകയുടെ ചെലവ് ഈ വർഷം വരികയില്ലെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. ഡീ-അഡിക്ഷൻ സെന്ററുകൾക്കെല്ലാം കേന്ദ്ര സഹായം ലഭിക്കുന്നുണ്ടെന്നും കേന്ദ്ര സഹായം ലഭിക്കാത്തവരിൽ നിന്നുമാണ് അപേക്ഷ ക്ഷണിച്ചതെന്നും, യോഗ്യരായ 11 സെന്ററുകളാണുള്ളതെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. ഡീ-അഡിക്ഷൻ സെന്ററുകൾക്കായി വകയിരുത്തിയ തുകയിൽ ബാക്കിയുള്ളത് വൺ ടൈം ഗ്രാന്റായിട്ടല്ല പോകുന്നതെന്നും, അടുത്ത വർഷം പുതിയ അപേക്ഷ ക്ഷണിക്കുകയാണ് ചെയ്യുന്നതെന്നും നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

നിലവിലുള്ള മാനദണ്ഡംവച്ച് അപേക്ഷ ക്ഷണിച്ചാൽ പുതിയ സെന്ററുകൾക്ക് സഹായം കൊടുക്കാൻ സാധിക്കുകയില്ലെന്നും നോംസിൽ മാറ്റം വരുത്തുകയാണെങ്കിൽ കേന്ദ്ര സഹായം കിട്ടുന്നു എന്ന കാരണത്താൽ ഒഴിവാക്കിയ പല നല്ല സ്ഥാപനങ്ങൾക്കും സഹായം കൊടുക്കാൻ സാധിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. നോംസിൽ എന്തൊക്കെ ഉൾപ്പെടുത്തണ മെന്നുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അംഗീകാരം കൊടുക്കാമെന്ന് നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

സമിതി യോഗം വൈകുന്നേരം 4.40-ന് പിരിഞ്ഞു.

## 10-3-2014-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2014 മാർച്ച് 10-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'Vഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗം ബഹു.മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും, താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ.എ.
3. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
4. ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. എ. ഷാജി, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീ. അനിൽ, എക്സ്., കമ്മീഷണർ, എക്സൈസ് വകുപ്പ്
4. ശ്രീ. ആർ. കെ. ശ്രീകുമാരൻ ചെട്ടിയാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ
5. ശ്രീ. കെ. മണികണ്ഠൻ, ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. എം. ഗിരീഷ് കുമാർ, ഒ.എസ്.ഡി. (എഫ്.ആർ.), ധനകാര്യ വകുപ്പ്.

കാര്യവിവരപ്പട്ടിക പ്രകാരമുള്ള ഇനങ്ങൾ സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

I. **സമിതി താഴെപ്പറയുന്ന കരട് ചട്ടം ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയോടെ അംഗീകരിച്ചു:**

ദി കേരള ട്രഷറി (അമെന്റ്മെന്റ്) റൂൾസ്, 2013

(ഫയൽ നമ്പർ 74/സബ്.സി.ഇ2/2014/നി.സെ.)

(റഫ. നമ്പർ 64899/എസ്.എൽ3/11/ഫിൻ. തീയതി 23-12-2013)

ചട്ടം 1(1) 'Short title and Commencement'-ൽ '2013' എന്ന അക്കങ്ങൾക്ക് പകരം '2014' ചേർക്കണം.

ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് 18-2-2014-ലെ സമിതിയോഗം നിർദ്ദേശിച്ച പ്രകാരമുള്ള പ്രൊപ്പോസൽ തയ്യാറാക്കിയോ എന്ന് സമിതി ആരാഞ്ഞതിന്, ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് ബാങ്കിലേതിന് തുല്യമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയത് എല്ലായിടത്തും വിതരണം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ സമിതി അംഗങ്ങൾക്കും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നാഷണൽ സേവിംഗ്സുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർക്ക് ഓണറേറിയം കുറവായതിനാൽ അവർ മറ്റ് ജോലികളിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ഇവർക്ക് ഓണറേറിയം നൽകുന്നതിന് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ എതിരാണെങ്കിൽ അത് പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടാകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും ധാരാളം ചിട്ടികൾ നടത്തുന്നുണ്ടെങ്കിലും അതിൽനിന്നും ജനങ്ങൾക്ക് ലഭിക്കുന്ന വരുമാനം ഗവൺമെന്റിന് പ്രയോജനപ്പെടുന്നവയല്ലാത്തതിനാൽ നാഷണൽ സേവിംഗ്സ് പോലുള്ള നിക്ഷേപങ്ങൾക്ക് ഒരു പ്രോജക്ട് അംഗീകരിച്ച് കൊടുത്താൽ അതിൽനിന്നും കോടിക്കണക്കിന് രൂപ സർക്കാരിന് ലഭ്യമാകുമെന്നും അത്തരം ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കണമെന്നും സമിതി ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു.

പാറ ക്വാറിയുമായി ബന്ധപ്പെട്ട് പാറ ഷെയ്പ് ചെയ്യുന്നതിനുള്ള മെഷിന് 300% നികുതി വർദ്ധിപ്പിച്ചത് പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്ത സബ്ജക്ട് കമ്മിറ്റി യോഗം കൂടുന്നതിന് മുൻപ് ലഭ്യമാക്കണമെന്നും ആയത് സർക്കുലേറ്റ് ചെയ്യണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

II. **സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:**

1. ദി ഫോറിൻ ലിക്വർ (അമെന്റ്മെന്റ്) റൂൾസ്, 2011.

   SRO No. 86/2011, G.O. (P) No. 18/2011/TD. Dt. 1-2-2011

   SRO No. 147/2011, G.O. (P) No. 35/2011/TD. Dt. 23-2-2011

   SRO No. 442/2011, G.O. (P) No. 87/2011/TD. Dt. 19-7-2011.

2. ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ്, 2002.

   SRO No. 221/2011, G.O. (P) No.47/2011/TD. Dt. 17-3-2011

   SRO No. 247/2011, G.O. (P) No. 56/2011/TD. Dt. 31-3-2011

   SRO No. 248/2011, G.O. (P) No. 57/2011/TD. Dt. 31-3-2011

   SRO No. 443/2011, G.O. (P) No. 89/2011/TD. Dt. 20-7-2011

   SRO No. 461/2011, G.O. (P) No. 96/2011/TD. Dt. 26-7-2011

   SRO No. 568/2011, G.O. (P) No. 126/2011/TD. Dt. 7-9-2011.

3. ദി ബ്രവറി (അമെന്റ്മെന്റ്സ്) റൂൾസ്, 2011.

   SRO No. 511/2011, G.O. (P) No. 110/2011/TD. Dt. 22-8-2011.

4. ദി കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട്, 1952

   SRO No. 460/2011, G.O. (P) No. 95/2011/TD. Dt. 26-7-2011.

(ഫയൽ നമ്പർ 421/സബ്.സി.ഇ2/2014/നി.സെ.)

(റഫ. നമ്പർ 2053/ജി1/2013/നി.വ. തീയതി 4-1-2014)

2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന 6, 7, 8, 9 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ നികുതി വകുപ്പ് ലഭ്യമാക്കിയത് ഔട്ട് ഓഫ് അജണ്ടയായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫ. നമ്പർ 2999/എഫ്3/2014/നി.വ. തീയതി 20-2-2014)

തുടർന്ന്, സമിതി പഴവർഗ്ഗങ്ങളിൽനിന്നും മദ്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് ചർച്ച ചെയ്തു. കേരളത്തിൽ ലഹരി കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും, പഞ്ചാബും ഉത്തർപ്രദേശും അത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ടെന്നും, ഏറ്റവും നല്ല വൈൻ ഉൽപ്പാദിപ്പിക്കുന്നതിന് മുന്തിരിയേക്കാൾ ചക്കപ്പഴമാണ് നല്ലതെന്നും സമിതി അഭിപ്രായപ്പെട്ടു. പാഴായി പോകുന്ന ചക്കപ്പഴം വൈനും ബിയറും ഉൽപ്പാദിപ്പിക്കുവാൻ ഉപയോഗിക്കാവുന്നതാണെന്നും, എറ്റവും കൂടുതൽ വൈവിധ്യമാർന്ന പഴങ്ങളുള്ള കേരളത്തിൽ പഴങ്ങളിൽനിന്നും ലഹരി കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ സാദ്ധ്യത കൂടുതലാണെന്നും, ആയതിനായി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതാണെന്നും സമിതി തുടർന്നറിയിച്ചു.

പഴങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാൻ സാധിച്ചാൽ നല്ല മദ്യം ജനങ്ങൾക്ക് ലഭിക്കുകയും കൃഷിക്കാർക്കും സമൂഹത്തിനും ഗുണകരമായി ത്തീരുകയും ചെയ്യുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച ചർച്ച വകുപ്പുതലത്തിൽ വന്നതാണെന്നും എന്നാൽ പല കാരണങ്ങളാൽ പ്രോജക്ട് നടപ്പായില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. മദ്യത്തിന്റെ വീര്യം 42.80 ആണെന്നും, പഴവർഗ്ഗങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന് വില കൂടുതലും വീര്യം കുറവുമായതിനാൽ ഉപഭോഗം വർദ്ധിക്കുകയും കൂടുതൽ പണച്ചെലവ് ഉണ്ടാകുമെന്നതുകൊണ്ടും അത്തരമൊരു പ്രോജക്ട് നടപ്പാക്കാത്തതെന്നും ചക്കയിൽനിന്നും വൈൻ ഉൽപ്പാദിപ്പിക്കുന്ന കാര്യം ആലോചിക്കാമെന്നും, കശുമാങ്ങയും മദ്യം ഉണ്ടാക്കാൻ നല്ലതാണെന്നും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം കൂടിയായ എക്സൈസ് വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

കേരളത്തിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, കശുമാങ്ങ എന്നിവ യിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്ത് ആയതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റിയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി രാവിലെ 11.30-ന് യോഗം പിരിഞ്ഞു.